സദ്ഭാവന
ഓൺലൈനിൽ വായിക്കുവാൻ ക്യു.ആർ കോഡ് സ്കാൻ ചെയ്യുക

# സദ്ഭാവന

YouTube
ശ്രീ. ബി.എസ്. ബാലചന്ദ്രൻ രചിച്ച **ശ്രീമഹാരാമായണം** കേൾക്കുവാനും വായിക്കുവാനും സന്ദർശിക്കുക
യൂട്യൂബ് ചാനൽ Jaihind Bharat Voice

പ്രതിമാസ മലയാള വാർത്താപത്രം | SATHBHAVANA | The Monthly Malayalam Newspaper

പുസ്തകം 25 ലക്കം 7 | തിരുവനന്തപുരം | 2026 ജൂലൈ 10 | പേജ് 8 | വില 20 രൂപ | RNI Reg. No. KERMAL /2002/7358

## തമിഴ് എന്ന വൈകാരിക ഭാഷ

# തമിഴ് ഭാഷ ചരിത്രവും സ്വഭാവവും

**ബി.എസ്.ബാലചന്ദ്രൻ**

മാനവോൽപ്പത്തി മുതൽക്കേ മനുഷ്യർക്കിടയിലെ ആശയവിനിമയ മാധ്യമവും രൂപപ്പെട്ടിരുന്നു.

വാമൊഴിയിൽ തുടങ്ങി ശിലാലിഖിതമായും, വട്ടെഴുത്തായും, വരമൊഴിയായും ഇപ്പോൾ ഡിജിറ്റൽ രൂപത്തിലേയ്ക്കുവരെ അത് പരിണമിച്ചു. തദനുസൃതമായി അറിവിന്റെ ചക്രവാളം വികസിക്കുകയും പുതിയ വൈജ്ഞാനിക ശാഖകൾ ജനിക്കുകയും ചെയ്തു.

ദശലക്ഷക്കണക്കിന് വർഷങ്ങളായി ക്രമേണയുള്ള പരിണാമങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നുവെന്നതിനാൽ ഒരൊറ്റ ആദ്യഭാഷയേതെന്ന് ആധികാരികമായി പറയുക പ്രായോഗികമായി എളുപ്പമല്ല. അതേസമയം യുഗയുഗാന്തരങ്ങൽക്കുമപ്പുറം മുതലുള്ള ആശയവിനിമയ രീതികളെക്കുറിച്ച് ചരിത്രത്തിൽ വ്യക്തമായി അടയാളപ്പെടുത്തിയിട്ടുണ്ടുതാനും.

സഹസ്രാബ്ദങ്ങൾ പഴക്കമുള്ള ഭാഷകളിൽ പ്രധാനപ്പെട്ട ഭാഷയാണ് 'തമിഴ്'. ലോകമെമ്പാടുമായി ഏതാണ്ട് 85 ദശലക്ഷത്തിലധികം ആളുകൾ കൈകാര്യം ചെയ്യുന്ന പുരാതന ക്ലാസിക്കൽ ഭാഷയാണിത്. ഇന്ത്യ, ശ്രീലങ്ക, സിങ്കപ്പൂർ, മലേഷ്യ എന്നിവിടങ്ങളിലെ പ്രാദേശിക ഔദ്യോഗിക പദവിയോടെ തമിഴ്ഭാഷ ആഗോളതലത്തിൽ കൈകാര്യം ചെയ്യപ്പെടുന്നു. തമിഴ്നാടിന്റെയും പുതുച്ചേരി കേന്ദ്രഭരണ പ്രദേശത്തിന്റെയും ഔദ്യോഗിക സംസ്ഥാന ഭാഷയാണിത്. ഇന്ത്യൻ ഭൂഖണ്ഡത്തിനു പുറത്ത് ഇൻഡോനേഷ്യ, തായ്ലാൻഡ്, ഈജിപ്ത് എന്നിവിടങ്ങളിലും തമിഴ് ലിഖിതങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇവയ്ക്കുപുറമെ ലോകത്തിലെ പല രാജ്യങ്ങളിലും തമിഴ് സംസാരിക്കുന്ന സമൂഹങ്ങൾ നിലവിലുണ്ട്. കേന്ദ്രസർക്കാർ ഇന്ത്യയുടെ ക്ലാസിക്കൽ ഭാഷയായി അംഗീകരിച്ച (2004) ആദ്യത്തെ ഭാഷയാണ് തമിഴ്.



തമിഴ് ബ്രാഹ്മിയിൽ നിന്നുള്ള പരിണാമമാണ് തമിഴ് ലിപി. ഇതിന് ഉപോദ്ബലകമായിട്ടുള്ള ഒട്ടേറെ ശിലാലിഖിതങ്ങൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ലിപി മാനദണ്ഡമാകുന്നതുവരെ വട്ടെഴുത്ത് ലിപി ഉപയോഗിച്ചിരുന്നു. തമിഴിന്റെ വ്യാകരണ ഘടനയുടെ പ്രത്യേകതയും ശ്രദ്ധേയമാണ്. 'തൊൽക്കാപ്പിയം' എന്ന തമിഴ് വ്യാകരണ ഗ്രന്ഥത്തിലൂടെ ഈ വസ്തുത വ്യക്തമാക്കപ്പെടുന്നു. ദ്രാവിഡ ഭാഷകൾക്ക് പൊതുവായുണ്ടായിരുന്ന ആദിമ രൂപത്തിൽ നിന്നും ഉരുത്തിരിഞ്ഞുവന്നതാണ് തമിഴ് ഭാഷയും. ദക്ഷിണേന്ത്യയിലെ ആദ്യകാല സമുദ്ര വ്യാപാരികളുടെ പ്രധാന സംസാരഭാഷ തമിഴായിരുന്നുവെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

തമിഴിനെ ഇതിഹാസഭാഷയായി വിലയിരുത്തപ്പെടുന്നു. തമിഴ് ഇതിഹാസത്തിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതുപ്രകാരം 'തമിഴ് തായെ'- അതായത് തമിഴ് മാതാവിനെ- സൃഷ്ടിച്ചത് ശിവഭഗവനാണ്. തമിഴ് വംശജരുടെ പ്രധാന ആരാധനാദേവനായ മുരുകനും ഋഷീശ്വരൻ അഗസ്ത്യമഹർഷിയും ചേർന്ന് അത് ജനങ്ങളിലേയ്ക്ക് എത്തിച്ചതായും പറയുന്നു. മഹാദേവന്റെ നിർദ്ദേശപ്രകാരം അഗസ്ത്യമഹർഷി ഭാരതത്തിന്റെ തെക്കേഭാഗത്ത് സഞ്ചരിച്ച് തമിഴ്ഭാഷ പ്രചരിപ്പിക്കുകയായിരുന്നു. തമിഴ് ജനത അഗസ്ത്യമഹർഷിയെ തമിഴ് ഭാഷയുടെ പിതാവായി കരുതപ്പെടുന്നു.

തമിഴ് ഭാഷയെ പണ്ഡിതർ മൂന്നായി തരംതിരിച്ചിട്ടുണ്ട്. പുരാതന തമിഴ് (ക്രി.മു-300- ക്രി. വ.-700), മദ്ധ്യ തമിഴ് (ക്രി.വ.300-1600), ആധുനിക തമിഴ് (ക്രി.വ. 1600 മുതൽ നടപ്പുകാലം വരെ) എന്നിങ്ങനെയാണവ.

മറ്റ് ദ്രാവിഡ ഭാഷകളെപ്പോലെ തമിഴും ആത്യന്തികമായി പ്രാകൃത ദ്രാവിഡ ഭാഷയിൽ നിന്നാണ് ഉത്ഭവിച്ചത്. ബി.സി മൂന്നാം സഹസ്രാബ്ദത്തിൽ ഇത് ഗോദാവരി നദീതട പ്രദേശങ്ങളിൽ സംസാരിച്ചിരിക്കാനുള്ള സാധ്യത തള്ളിക്കയാനാവില്ലായെന്നും ചരിത്രം സൂചിപ്പിക്കുന്നു. ദക്ഷിണേന്ത്യയിലെ നവീന ശിലായുഗ സമുച്ചയങ്ങളുമായി ബന്ധപ്പെട്ടുള്ള സംസ്കാരത്തിൽപ്പെട്ടവരാണ് ആദ്യ ദ്രാവിഡഭാഷ സംസാരിച്ചിരുന്നതെന്നും ഭൗതിക തെളിവുകളോടെ ചൂണ്ടിക്കാട്ടാനാവും.

സംസ്കൃതം, മലയാളം തുടങ്ങിയവയിലെന്നപോലെത്തന്നെ തമിഴ് സാഹിത്യവും ഏറെ ശ്രദ്ധേയവും ഈടുറ്റതുമാണ്. തമിഴ് ജനതയുടെ എല്ലാ മേഖലകളേയും ആഴത്തിൽ സ്പർശിക്കുന്ന സാഹിത്യ ഗ്രന്ഥങ്ങളാണ് തമിഴ് ഭാഷയിലുള്ളത്. സംഘകാലത്ത് നിലവിലുണ്ടായിരുന്ന പുരാതന തമിഴ് ഭാഷയിലാണ് പഴയകാല തമിഴ് സാഹിത്യഗ്രന്ഥങ്ങളുടെ രചന. 'തിരുക്കുറൾ', 'ചിലപ്പതികാരം', 'മണിമേഖലൈ' തുടങ്ങിയുള്ള ഗ്രന്ഥങ്ങളെല്ലാം ഈ നിലയിലുള്ളവയാണ്. തമിഴ് സാഹിത്യത്തിലെ എക്കാലത്തെയും മികച്ച തത്വചിന്താ ഗ്രന്ഥമാണ് 'തിരുക്കുറൾ'. തമിഴ് പദ്യസാഹിത്യത്തിലെ ഈരടികളെ 'കുറൾ' എന്നറിയപ്പെടുന്നു. പത്ത് ഈരടികൾ വീതമുള്ള 133 അദ്ധ്യായങ്ങൾ അടങ്ങുന്നതാണ് തിരുവള്ളുവർ രചിച്ച തിരുക്കുറൾ. മനുഷ്യസ്നേഹം, ധർമ്മം, സമത്വം, ഭക്തി തുടങ്ങിയവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ളതാണ് ഇത്. തമിഴിലെ പഞ്ചമഹാകാവ്യങ്ങളിലൊന്നായ 'ചിലപ്പതികാര'വും ഏറെ പ്രസിദ്ധമാണ്. കണ്ണകിയുടെയും കോവലന്റെയും കഥ പറയുന്ന ചിലപ്പതികാരത്തിനുപുറമെ 'മണിമേഖല', 'ചിന്താമണി', 'കുണ്ഡലകേശി',

(ശേഷം 7-ാം പേജിൽ)

## ശാസ്ത്രലോകം



ജയ ശ്രീകുമാർ

# ജോൺ ജെ. ലൗഡ്, ലാസ്‌ലോ ബിരോ
# ബോൾപോയിന്റ് പേന

**നമ്മൾ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വസ്തുക്കൾ കണ്ടെത്തിയവരെ പരിചയപ്പെടുത്തുന്ന ഒരു പംക്തിയാണ് ഇത്**

1888ൽ അമേരിക്കകാരനായ ജോൺ ജെ. ലൗഡ് ആണ് ആദ്യമായി ബോൾപോയിന്റ് പേനയുടെ ആശയം കണ്ടെത്തിയത്. അദ്ദേഹം പേറ്റന്റ് ചെയ്തെങ്കിലും അത് വിപണിയിൽ വിജയിച്ചില്ല. ലൗഡ് ഈ പേന രൂപകൽപ്പന ചെയ്തത് പേപ്പറിൽ എഴുതാനല്ലായിരുന്നു. ഒരു ലെതർ വ്യാപാരിയായിരുന്നു അദ്ദേഹം കട്ടിയുള്ള തോൽ, മരം, കട്ടിപ്പേപ്പർ എന്നിവയ്ക്ക് മുകളിൽ അടയാളപ്പെടുത്താൻ വേണ്ടിയാണ് ഇത് നിർമ്മിച്ചത്. ഇതിന്റെ അഗ്രത്തിലുള്ള വലിയ മെറ്റൽ ബോൾ സാധാരണ പേപ്പറിൽ എഴുതുമ്പോൾ പേപ്പർ കീറിപ്പോകുമായിരുന്നു. പേപ്പറിൽ ഉപയോഗിക്കാൻ പറ്റാത്തതുകൊണ്ട് തന്നെ ഈ പേന വാങ്ങാൻ ആളുകൾ താല്പര്യം കാണിച്ചില്ല. അതുകൊണ്ട് ലൗഡ് ഇത് വൻതോതിൽ വിപണിയിൽ ഇറക്കിയില്ല. കുറച്ചു കാലത്തിനുശേഷം അദ്ദേഹത്തിന്റെ പേറ്റന്റ് കാലാവധി അവസാനിക്കുകയും ചെയ്തു.







എന്നാൽ 1938-ൽ ലാസ്ലോ ബിരോ (Laszlo Biro) എന്ന ഹംഗറിക്കാരനാണ് ഇന്ന് നമ്മൾ ഉപയോഗിക്കുന്ന ആധുനിക ബോൾപോയിന്റ് പേന രൂപകൽപ്പന ചെയ്തത്. പത്രപ്രവർത്തകനായിരുന്ന ലാസ്ലോ ബിരോ, അക്കാലത്ത് എഴുതാൻ ഉപയോഗിച്ചിരുന്ന ഫൗണ്ടൻ പേനകളുടെ മഷി അടിക്കടി തീരുന്നതും പേപ്പറിൽ പടരുന്നതും കാരണം ഏറെ ബുദ്ധിമുട്ടിയിരുന്നു. ഒരിക്കൽ ഒരു പത്ര അച്ചടി ശാല സന്ദർശിച്ച അദ്ദേഹം, പത്രം അച്ചടിക്കാൻ ഉപയോഗിക്കുന്ന കട്ടിയുള്ള മഷി വളരെ പെട്ടെന്ന് ഉണങ്ങുന്നതും പേപ്പറിൽ പടരാത്തതും ശ്രദ്ധിച്ചു. ഈ മഷി പേനകളിൽ ഉപയോഗിക്കാൻ അദ്ദേഹം ആഗ്രഹിച്ചെങ്കിലും, മഷിയുടെ കട്ടി കൂടുതൽ ആയതുകൊണ്ട്

(ശേഷം 7-ാം പേജിൽ)

# നട്ട മരങ്ങൾ പരിപാലിക്കപ്പെടണം; ജലാശയങ്ങൾ മലിനമാക്കരുത്: മന്ത്രി കെ. മുരളീധരൻ

**തിരുവനന്തപുരം:** കാടുകളും മലകളും വേണ്ടവിധം സംരക്ഷിക്കുകയും കുളങ്ങളും തോടുകളും മറ്റ് ജലാശയങ്ങളുമെല്ലാം മലിനമാകാതെ സൂക്ഷിക്കുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം മാത്രമല്ല; മനുഷ്യജീവന്റെ നിലനിൽപ്പിനുതന്നെ അനിവാര്യമായ ഘടകമാണെന്ന് സംസ്ഥാന ആരോഗ്യ വകുപ്പ്മന്ത്രി കെ. മുരളീധരൻ ഓർമ്മിപ്പിച്ചു.




*'നേച്ചർ ക്ലബ് വേൾഡ്‌വൈഡ്'ന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതി ദിനാചരണം: ശില്പശാല മന്ത്രി കെ. മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു*

ഇക്കാര്യത്തിൽ ഭാവി വാഗ്ദാനങ്ങളായ വിദ്യാർത്ഥികൾക്ക് ഗണ്യമായ പങ്കുവഹിക്കാനാവുമെന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട് യുവതലമുറ ഇക്കാര്യത്തിൽ ആവേശത്തോടെ ഉണർന്നു പ്രവർത്തിക്കാൻ തയ്യാറാവണമെന്നും അദ്ദേഹം അഭ്യർത്ഥിക്കുകയുണ്ടായി.

ലോക പരിസ്ഥിതിദിനാചരണത്തോടനുബന്ധിച്ച് നേച്ചർക്ലബ്ബ് വേൾഡ്‌വൈഡ് സംഘടിപ്പിച്ച ശില്പശാലയുടെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ടും മികച്ച പരിസ്ഥിതി പ്രവർത്തനങ്ങൾക്കുള്ള 'കാലാവസ്ഥാ രക്ഷാ പുരസ്കാര'ങ്ങൾ അർഹമായ വിദ്യാലയങ്ങൾക്ക് സമ്മാനിച്ചുകൊണ്ടും സംസാരിക്കുകയായിരുന്നു മന്ത്രി കെ. മുരളീധരൻ.

പുഴകളിലേയ്ക്കും തോടുകളിലേയ്ക്കും മാലിന്യങ്ങൾ വലിച്ചെറിയുന്ന ശീലം വർദ്ധിച്ചുവരുന്നത് അപകടകരവും ആത്മഹത്യാപരവുമാണ്. ഇക്കാര്യത്തിൽ ഓരോരുത്തരും ജാഗ്രത പാലിച്ചേ തീരൂ.

താൻ 1971 ൽ തിരുവനന്തപുരത്ത് വരുമ്പോൾ നഗരത്തിലൂടെ ഒഴുകുന്ന പാർവ്വതീ പുത്തനാർ വളരെ ശുദ്ധമായിരുന്നുവെന്നും താൻ അതിലിറങ്ങി കൈകാലുകൾ കഴുകിയിട്ടുണ്ടെന്നും സ്മരിച്ച അദ്ദേഹം ഇന്ന് രോഗവാഹകയായി ഒഴുകുന്ന അതിലിറങ്ങിയാൽ സാംക്രമിക രോഗങ്ങൾ ഉറപ്പാണെന്ന സ്ഥിതിയിലേയ്ക്ക് മാറിപ്പോയിരിക്കുന്നുവെന്നും ഖേദത്തോടെ പറഞ്ഞു.

പുതിയ മരങ്ങൾ

(ശേഷം 8-ാം പേജിൽ)

# കാൻഫെഡ് വാർഷികവും സംസ്ഥാന സമ്മേളനവും

## ഉദ്ഘാടന സമ്മേളനം- സുവർണ്ണ ജൂബിലി ആഘോഷ ഉദ്ഘാടനം- സംഘടനാ സമ്മേളനം

## ബി.എസ്. ബാലചന്ദ്രൻ രചിച്ച മൂന്ന് പുസ്തകങ്ങൾ കൂടി പ്രകാശനം ചെയ്തു

**തിരുവനന്തപുരം:** കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി (കാൻഫെഡ്) നാൽപ്പത്തിയൊമ്പതാം വാർഷികവും സംസ്ഥാന സമ്മേളനവും വിവിധങ്ങളായ പരിപാടികളോടെ കാൻഫെഡ് ജന്മദിനമായ ജൂൺ 30ന് തിരുവനന്തപുരത്ത് നടന്നു.

ഉദ്ഘാടന സമ്മേളനം, സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം, പുസ്തകപ്രകാശനം, സംഘടനാ സമ്മേളനം തുടങ്ങിയവയായിരുന്നു വാർഷികാഘോഷ പരിപാടികളിലെ പ്രധാന ഇനങ്ങൾ.

സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം സംസ്ഥാന സാംസ്കാരിക വകുപ്പ് മന്ത്രി പി.സി. വിഷ്ണുനാഥ് നിർവ്വഹിച്ചു. കാൻഫെഡ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ രചിച്ച മൂന്ന് പുസ്തകങ്ങളുടെ പ്രകാശനകർമ്മവും മന്ത്രി നിർവ്വഹിക്കുകയുണ്ടായി. 'വായനയുടെ നിത്യവസന്തം: പി.എൻ. പണിയ്ക്കർ', 'പി.ടി. ഭാസ്ക്കരപ്പണിയ്ക്കർ എന്ന വെളിച്ചം', 'ശൂരനാട് കുഞ്ഞൻപിള്ള: ഭാഷയ്ക്ക് സമർപ്പിച്ച ജീവിതം' എന്നീ പുസ്തകങ്ങളാണ് സാംസ്കാരികവകുപ്പ് മന്ത്രി പ്രകാശനം ചെയ്തത്. പി.എൻ. പണിയ്ക്കർ ഫൗണ്ടേഷൻ വൈസ് ചെയർമാൻ എൻ. ബാലഗോപാൽ പി.സി. വിഷ്ണുനാഥിൽ നിന്ന് പുസ്തകങ്ങൾ സ്വീകരിച്ചു. ഡോ. രാജാ വാര്യർ പുസ്തകപരിചയം നടത്തി.




*കാൻഫെഡ് സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം സാംസ്കാരിക വകുപ്പ് മന്ത്രി പി.സി. വിഷ്ണുനാഥ് നിർവ്വഹിക്കുന്നു*



*ശൂരനാട് കുഞ്ഞൻപിള്ള, പി.ടി. ഭാസ്ക്കരപ്പണിയ്ക്കർ, പി.എൻ. പണിയ്ക്കർ എന്നിവരെക്കുറിച്ച് ബി.എസ്. ബാലചന്ദ്രൻ രചിച്ച കൃതികളുടെ പ്രകാശനകർമ്മം സാംസ്കാരിക വകുപ്പ്മന്ത്രി പി.സി. വിഷ്ണുനാഥ് നിർവ്വഹിക്കുന്നു*

സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം.ആർ. തമ്പാൻ, ഡോ. ബി. സുഗീത (അന്തർദ്ദേശീയ ശ്രീനാരായണഗുരു പഠനകേന്ദ്രം), കാൻഫെഡ് ഗവേഷണവിഭാഗം സെക്രട്ടറി ഡോ.ആർ. അനിൽകുമാർ എന്നിവർ സംസാരിച്ചു.

ഉദ്ഘാടന സമ്മേളനത്തിൽ കാൻഫെഡ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ അദ്ധ്യക്ഷനായിരുന്നു. കാൻഫെഡ് സെക്രട്ടറി ജയ ശ്രീകുമാർ സ്വാഗതമാശംസിച്ചു.

രാഷ്ട്രീയ നിരീക്ഷകനും എഴുത്തുകാരനുമായ ചെറിയാൻ ഫിലിപ്പ് കാൻഫെഡ് ദിനസന്ദേശം

(ശേഷം 2-ാം പേജിൽ)



# ജൂൺ ഡയറി

ആശ അരവിന്ദ്

## ജൂൺ 1

- 2026 ലെ ഐ.പി.എൽ (IPL 2026) കിരീടം റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു (RCB) സ്വന്തമാക്കി. 2026 മെയ് 31-ന് അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ നടന്ന ആവേശകരമായ ഫൈനൽ മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസിനെ (GT) 5 വിക്കറ്റുകൾക്ക് പരാജയപ്പെടുത്തിയാണ് ആർ.സി.ബി തുടർച്ചയായ രണ്ടാം തവണയും ചാമ്പ്യന്മാരായത്.

## ജൂൺ 2

- ന്യൂയോർക്ക് ഇന്ത്യൻ ഫിലിം ഫെസ്റ്റിവലിൽ (NYIFF 2026) മികച്ച നടിക്കുള്ള പുരസ്കാരം മലയാളി താരം മീനാക്ഷി ജയൻ സ്വന്തമാക്കി. ശിവരഞ്ജിനി സംവിധാനം ചെയ്ത 'വിക്ടോറിയ' എന്ന ചിത്രത്തിലെ മികച്ച പ്രകടനമാണ് മീനാക്ഷിയെ അവാർഡിന് അർഹയാക്കിയത്.

## ജൂൺ 3

- 16-ാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി ഷാനിമോൾ ഉസ്മാനെ തിരഞ്ഞെടുത്തു. കേരള നിയമസഭയുടെ ചരിത്രത്തിലെ നാലാമത്തെ വനിതാ ഡെപ്യൂട്ടി സ്പീക്കറാണ് ഷാനിമോൾ ഉസ്മാൻ. മൂന്നര പതിറ്റാണ്ടുകൾക്ക് ശേഷമാണ് കേരള നിയമസഭയിൽ ഒരു വനിതാ ഡെപ്യൂട്ടി സ്പീക്കർ എത്തുന്നത് .കെ.ഒ. ആയിഷ ബീവി (1957), നഫീസത്ത് ബീവി (1960), ഭാർഗവി തങ്കപ്പൻ (1987) എന്നിവരണ് ഇതിനുമുൻപ് ഈ പദവിയിലെത്തിയ വനിതകൾ'

## ജൂൺ 4

- 2026-ൽ ജപ്പാനിലെ ഐച്ചി-നാഗോയയിൽ നടക്കാനിരിക്കുന്ന 20-ാമത് ഏഷ്യൻ ഗെയിംസിന്റെ ഔദ്യോഗിക ചിഹ്നം (Mascot) ഏഷ്യൻ ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റി (AINAGOC) ഔദ്യോഗികമായി പുറത്തുവിട്ടു. ജൂണിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിലാണ് കായിക ലോകം കാത്തിരുന്ന മാസ്കോട്ടിനെ അധികൃതർ ലോകത്തിന് മുന്നിൽ അവതരിപ്പിച്ചത്.

## ജൂൺ 5

- 2026 ലെ ലോക പരിസ്ഥിതി ദിനത്തിന്റെ ആഗോള ആഘോഷങ്ങൾക്ക് അസർബൈജാന്റെ തലസ്ഥാനമായ ബാക്കു ആതിഥേയത്വം വഹിച്ചു. ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി പ്രോഗ്രാമിന്റെ (UNEP) നേതൃത്വത്തിൽ 'കാലാവസ്ഥാ വ്യതിയാനം' (Climate Action) എന്ന പ്രമേയത്തിലാണ് ഇത്തവണത്തെ പരിപാടികൾ സംഘടിപ്പിച്ചത്. ആഗോള താപനവും പ്രകൃതിദുരന്തങ്ങളും തടയാൻ ലോകരാജ്യങ്ങൾ അടിയന്തരമായി ഇടപെടണമെന്ന് യു.എൻ മേധാവികൾ ചടങ്ങിൽ ആഹ്വാനം ചെയ്തു. പുനരുപയോഗ ഊർജ്ജ പദ്ധതികൾ വ്യാപിപ്പിച്ചുകൊണ്ട് ആഗോള കാലാവസ്ഥാ സംരക്ഷണത്തിൽ മുന്നിൽ നിൽക്കുമെന്ന് അസർബൈജാൻ പ്രഖ്യാപിച്ചു. അടുത്ത വർഷത്തെ (2027) പരിസ്ഥിതി ദിനത്തിന് സെർബിയ ആതിഥേയത്വം വഹിക്കുമെന്നും ചടങ്ങിൽ തീരുമാനിച്ചു.

## ജൂൺ 6

- 2026 ജൂണിൽ ഗോവയിലെ മർഗോവിലുള്ള പണ്ഡിറ്റ് ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടന്ന ആവേശകരമായ ഫൈനൽ മത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ ബംഗ്ലാദേശിനെ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് (3-1) തകർത്ത് ഇന്ത്യ സാഫ് വനിതാ ഫുട്ബോൾ ചാമ്പ്യന്മാരായി. ഏഴ് വർഷത്തെ കാത്തിരിപ്പിന് ശേഷമാണ് ഇന്ത്യൻ വനിതകൾ ഈ പ്രാദേശിക കിരീടം തിരിച്ചുപിടിക്കുന്നത്. ഇന്ത്യയുടെ ചരിത്രപരമായ ഈ നേട്ടത്തോടെ ടൂർണമെന്റിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ തവണ (6 തവണ) ജേതാക്കളാകുന്ന ടീമെന്ന റെക്കോർഡും ഇന്ത്യ സ്വന്തമാക്കി.

## ജൂൺ 7

- ഫ്രഞ്ച് ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസ് കിരീടം ചൂടി 19-കാരി മിറ ആൻഡ്രീവ. റഷ്യക്കാരിയായ മിറയുടെ കരിയറിലെ ആദ്യ ഗ്രാൻഡ്സ്ലാം കിരീടമാണിത്. പോളണ്ടിന്റെ മയ ഹലിൻസ്കയെ നേരിട്ടുള്ള സെറ്റുകൾക്ക് പരാജയപ്പെടുത്തിയാണ് എട്ടാം റാങ്കുകാരിയായ മിറ കന്നി കിരീടത്തിൽ മുത്തമിട്ടത്. ഇതാദ്യമാണ് ഇരുതാരങ്ങളും ഒരു ഗ്രാൻഡ്സ്ലാമിന്റെ ഫൈനലിൽ കളിക്കുന്നത്.

## ജൂൺ 8

- സുപ്രീംകോടതി രജിസ്ട്രാറായി മലയാളിയായ ജില്ലാ ജഡ്ജി ഡോ. ശാലീന വി. ജി. നായർ നിയമിതയായി. കൊച്ചിയിൽ പെർമനന്റ് ലോക് അദാലത് ചെയർപേഴ്സണായി സേവനമനുഷ്ഠിച്ചു വരവെയാണ് ചീഫ് ജസ്റ്റിസിന്റെ നിർദേശപ്രകാരം ഈ പുതിയ നിയമനം. തിരുവനന്തപുരം കുമാരപുരം സ്വദേശിയായ ഡോ. ശാലീന, മുൻപ് സുപ്രീംകോടതി ഇ-കമ്മിറ്റി പ്രോസസ് മെമ്പറായും, കേരള ഹൈക്കോടതി ഐടി ഡയറക്ടറായും രജിസ്ട്രാറായും (കമ്പ്യൂട്ടറൈസേഷൻ) പ്രവർത്തിച്ചിട്ടുണ്ട്.

## ജൂൺ 9

- ലോകത്തിലെ ഏറ്റവും വലിയ കൗമാര പരിസ്ഥിതി പുരസ്കാരമായ 'ദി എർത്ത് പ്രൈസ് 2026' അവയാന മേത്ത, അരിയാന അഗർവാൾ, വിവാൻ ചൗചാരിയ എന്നീ മൂന്ന് ഇന്ത്യൻ കൗമാരക്കാരാണ് സ്വന്തമാക്കിയത്. ഈ ബഹുമതി നേടുന്ന ആദ്യ ഇന്ത്യൻ ടീമാണിത്.നമ്മൾ കളയുന്ന പുളിങ്കുരു ഉപയോഗിച്ച് വെള്ളത്തിലെ പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ (Microplastics) നീക്കം ചെയ്യുന്ന 'പ്ലാസ്-സ്റ്റിക്' (PlasStick) എന്ന സാങ്കേതികവിദ്യയാണ് ഇവർ വികസിപ്പിച്ചത്. പുളിങ്കുരുപ്പൊടി കലർത്തിയ വെള്ളത്തിൽ നിന്ന് കാന്തം ഉപയോഗിച്ച് പ്ലാസ്റ്റിക് വേർതിരിച്ചെടുക്കുന്നതാണ് ഈ രീതി.വൈദ്യുതിയോ വിലകൂടിയ ഫിൽട്ടറോ ആവശ്യമില്ലാത്ത ഈ കണ്ടെത്തൽ ഗ്രാമങ്ങളിൽ കുറഞ്ഞ ചെലവിൽ ശുദ്ധജലം എത്തിക്കാൻ സഹായിക്കും. ഐഐറ്റി ഗുവാഹത്തിയിലെ (IIT Guwahati) ശാസ്ത്രജ്ഞരുടെ സഹായത്തോടെയാണ് ഇവർ ഈ പ്രോജക്റ്റ് പൂർത്തിയാക്കിയത്.

## ജൂൺ 10

- ആൻഡമാൻ ദ്വീപിനോട് ചേർന്നുള്ള സമുദ്രതീരത്ത് വൻതോതിൽ പ്രകൃതിവാതക ശേഖരം കണ്ടെത്തി. ഓയിൽ ഇന്ത്യ ലിമിറ്റഡ് നടത്തിയ പര്യവേക്ഷണത്തിലാണ് സുപ്രധാനമായ കണ്ടെത്തൽ.ഇന്ത്യയുടെ സമുദ്രാന്തര പര്യവേക്ഷണ പദ്ധതിയായ സമുദ്ര മന്തൻ ദൗത്യത്തിലാണ് നിർണായക നേട്ടം കൈവരിച്ചത്. കേന്ദ്ര പെട്രോളിയം-പ്രകൃതി വാതക മന്ത്രി ഹർദീപ് സിംഗ് പുരിയാണ് ഇക്കാര്യം രാജ്യത്തെ അറിയിച്ചത്. ആൻഡമാൻ ദ്വീപുകളുടെ കിഴക്കൻ തീരത്ത് നിന്ന് ഏകദേശം 15 കിലോമീറ്റർ അകലെയുള്ള 'ശ്രീ വിജയപുരം-3' എന്ന പര്യവേക്ഷണ കിണറിലാണ് വാതക ശേഖരം കണ്ടെത്തിയത്.

## ജൂൺ 11

- ജനാധിപത്യരീതിയിൽ തിരഞ്ഞെടുക്കപ്പെട്ട, തുടർച്ചയായി ഏറ്റവും കൂടുതൽ കാലം ഇന്ത്യ ഭരിച്ച പ്രധാനമന്ത്രി എന്ന ജവഹർലാൽ നെഹ്റുവിന്റെ റെക്കോർഡ് (4398 ദിവസം) നരേന്ദ്ര മോദി മറികടന്നു.1952 മുതൽ 1964 വരെ ജവഹർലാൽ നെഹ്റു സ്ഥാപിച്ച 4398 ദിവസങ്ങളുടെ റെക്കോർഡാണ് 2026 ജൂൺ 10-ന് 4399 ദിവസങ്ങൾ പൂർത്തിയാക്കി നരേന്ദ്ര മോദി മറികടന്നത്. 2014 മെയ് 26-നാണ് നരേന്ദ്ര മോദി ഇന്ത്യയുടെ പ്രധാനമന്ത്രിയായി ആദ്യമായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്.

## ജൂൺ 12

- ശബ്ദത്തേക്കാൾ വേഗത്തിൽ സഞ്ചരിക്കുമ്പോൾ ഉണ്ടാകുന്ന ഭീകരമായ ഇടിമുഴക്കം (Sonic Boom) ഇല്ലാതെ പറക്കാൻ കഴിയുന്ന അത്യാധുനിക പരീക്ഷണ വിമാനമായ എക്സ്-59 നാസ വിജയകരമായി പരീക്ഷിച്ചു. 2026 ജൂൺ 5-ന് ആദ്യ ശബ്ദാതിവേഗ പറക്കൽ നടത്തിയ വിമാനം, ജൂൺ 12-ന് നടന്ന പരീക്ഷണത്തിൽ മണിക്കൂറിൽ ഏകദേശം 1,510 കിലോമീറ്റർ വേഗതയും (Mach 1.4) 55,000 അടി ഉയരവും കൈവരിച്ചു. വലിയ ശബ്ദമുണ്ടാകാതിരിക്കാൻ ഇതിന്റെ മുൻഭാഗം 30 അടി നീളത്തിൽ കൂർപ്പിച്ചാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. മുൻവശത്ത് വിൻഡ്ഷീൽഡ് (ഗ്ലാസ് ജനൽ) ഇല്ലാത്തതിനാൽ പൈലറ്റിന് മുന്നോട്ട് കാണാൻ 'എക്സ്റ്റേണൽ വിഷൻ സിസ്റ്റം' എന്ന ക്യാമറ സംവിധാനമാണ് ഇതിലുള്ളത്. ഭാവിയിൽ സാധാരണക്കാർക്കായുള്ള അതിവേഗ യാത്രാവിമാന സർവീസുകൾ വീണ്ടും യാഥാർത്ഥ്യമാക്കാൻ ഈ പരീക്ഷണം വഴിതുറക്കും.

## ജൂൺ 13

- ആർട്ടെമിസ് 3 ദൗത്യത്തിന്റെ ക്രൂ അംഗങ്ങളുടെ പേര് പ്രഖ്യാപിച്ച് നാസ. ആൻഡ്രെ ഡഗ്ലസ്, ഫ്രാങ്ക് റൂബിയോ എന്നിവരാണ് ആർട്ടെമിസ് 3 ദൗത്യത്തിലെ മിഷൻ സ്പെഷ്യലിസ്റ്റുമാർ. നാസ ആസ്ട്രോനോട്ട് റാൻഡി ബ്രെസ്നിക് ആണ് മിഷൻ കമാൻഡർ. യൂറോപ്യൻ സ്പേസ് ഏജൻസിയുടെ ലൂക പെർമിറ്റാനോ മിഷൻ പൈലറ്റാകും. ഇറ്റാലിയൻ ബഹിരാകാശ ഏജൻസി അംഗമാണ് പൈലറ്റായ ലൂക പർമിറ്റാനോ.

## ജൂൺ 14

- പൂർണ്ണമായും ഇന്ത്യയിൽ നിർമ്മിച്ച ആദ്യ സി-295 സൈനിക ഗതാഗത വിമാനത്തിന്റെ കന്നിപ്പറക്കൽ വിജയകരമായി പൂർത്തിയാക്കിയതായി ഇന്ത്യൻ വ്യോമസേന അറിയിച്ചു. രാജ്യത്തിന്റെ പ്രതിരോധ മേഖലയിൽ വലിയൊരു നാഴികക്കല്ലാകുന്ന നേട്ടമാണിത്.ഏകദേശം 21,935 കോടി രൂപ ചെലവിൽ 56 സി-295 ട്രാൻസ്പോർട്ട് വിമാനങ്ങളാണ് ഇന്ത്യൻ വ്യോമസേന സ്വന്തമാക്കുന്നത്.

## ജൂൺ 15

- സ്പെയിനിലെ ബാർസിലോനയിലുള്ള സഗ്രാദാ ഫമീലിയ ബസിലിക്കയിൽ പുതുതായി നിർമാണം പൂർത്തിയാക്കിയ 'ടവർ ഓഫ് ജീസസ് ക്രൈസ്റ്റ്' ഗോപുരത്തിന്റെ വെഞ്ചിരിപ്പും ഉദ്ഘാടനവും പതിനാലാമൻ മാർപാപ്പ നിർവഹിച്ച് ഔദ്യോഗികമായി ലോകത്തിന് സമർപ്പിച്ചു. 172.5 മീറ്റർ (566 അടി) ഉയരമുള്ള ഈ കേന്ദ്ര ഗോപുരം പൂർത്തിയായതോടെ, ജർമ്മനിയിലെ ഉൽമ് മിൻസ്റ്റർ ദേവാലയത്തിന്റെ റെക്കോർഡ് മറികടന്ന് സഗ്രാദാ ഫമീലിയ ലോകത്തിലെ ഏറ്റവും ഉയരം കൂടിയ ദേവാലയമായി മാറി. പ്രശസ്ത ശില്പി അന്തോണി ഗൗഡി രൂപകൽപ്പന ചെയ്ത ഈ ചരിത്രപ്രസിദ്ധമായ ബസിലിക്കയുടെ പ്രധാന ഗോപുരം 144 വർഷത്തെ നീണ്ട കാത്തിരിപ്പിനൊടുവിലാണ് പൂർത്തിയായത്.

## ജൂൺ 16

- ഇന്ത്യൻ വിദ്യാഭ്യാസ രംഗത്തിന് മാതൃകയായി ഒഡീഷ സർക്കാർ പുതിയ ചരിത്രപ്രഖ്യാപനം നടത്തി. സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് സ്ഥാപനങ്ങളിൽ കിന്റർഗാർട്ടൻ (KG) മുതൽ ബിരുദാനന്തര ബിരുദം (PG) വരെയുള്ള വിദ്യാഭ്യാസം പൂർണ്ണമായും സൗജന്യമാക്കി. മുഖ്യമന്ത്രി മോഹൻ ചരൺ മാജി പ്രഖ്യാപിച്ച 'ജ്ഞാനോദയ-ശിക്ഷാരു സമൃദ്ധി' എന്ന പദ്ധതി വഴി ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്ക് ഇനി മുതൽ അഡ്മിഷൻ, ട്യൂഷൻ ഫീസുകൾ നൽകേണ്ടതില്ല.

## ജൂൺ 17

- ദേശീയ പ്രതിരോധ അക്കാദമിയിൽ (NDA) നിന്ന് പരിശീലനം പൂർത്തിയാക്കിയ ആദ്യ ബാച്ച് വനിതാ ഓഫീസർമാർ ഇന്ത്യൻ സായുധ സേനയുടെ ഭാഗമായി. ചരിത്രത്തിലാദ്യമായി 17 വനിതാ കേഡറ്റുകളാണ് എൻ.ഡി.എ കമ്മീഷൻ വഴി ഓഫീസർ പദവിയിലെത്തിയത്. ഇതിൽ 9 പേർ ഇന്ത്യൻ ആർമിയിലും, 5 പേർ വ്യോമസേനയിലും (Air Force), 3 പേർ നാവികസേനയിലും (Navy) നിയമിക്കപ്പെട്ടു.

## ജൂൺ 18

- ലോകത്തിലെ ഏറ്റവും ശക്തമായ ഏഴ് സാമ്പത്തിക ശക്തികളുടെ കൂട്ടായ്മയായ ജി-7 രാജ്യങ്ങളുടെ 52-ാമത് വാർഷിക ഉച്ചകോടി ഫ്രാൻസിലെ എവിയാൻ-ലെസ്-ബെയ്ൻസിൽ വിജയകരമായി സമാപിച്ചു. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ കാലാവസ്ഥാ വ്യതിയാനം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) സാങ്കേതികവിദ്യയുടെ സുരക്ഷിതമായ ഉപയോഗം, ആഗോള സമാധാനം എന്നിവയായിരുന്നു പ്രധാന ചർച്ചാവിഷയങ്ങൾ. ഫ്രാൻസിന്റെ പ്രത്യേക ക്ഷണപ്രകാരം ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയും വികസ്വര രാജ്യങ്ങളുടെ പ്രതിനിധിയായി ഈ അന്താരാഷ്ട്ര ഉച്ചകോടിയിൽ പങ്കെടുത്തു. ലോകരാജ്യങ്ങൾ തമ്മിലുള്ള സമാധാനവും സാങ്കേതിക പങ്കാളിത്തവും ശക്തിപ്പെടുത്താൻ ഉച്ചകോടിയിൽ തീരുമാനമായി.

## ജൂൺ 19

- ഏഷ്യൻ ഗെയിംസ് ഷൂട്ടിംഗ് ടീമിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ആദ്യ മലയാളിയായി കോഴിക്കോട് സ്വദേശിനി വിദർശ കെ. വിനോദ് ചരിത്രം കുറിച്ചു. ജപ്പാനിൽ നടക്കുന്ന 2026-ലെ ഏഷ്യൻ ഗെയിംസിനുള്ള 30 അംഗ ഇന്ത്യൻ സംഘത്തിലാണ് ഈ മിടുക്കി ഇടം നേടിയത്. വനിതകളുടെ 10 മീറ്റർ എയർ റൈഫിൾ, 50 മീറ്റർ റൈഫിൾ 3 പൊസിഷൻ എന്നീ ഇനങ്ങളിലാണ് വിദർശ മത്സരിക്കുന്നത്. കാലിക്കറ്റ് ഡയറക്ട് റൈഫിൾ ക്ലബ്ബ് അംഗമായ താരം ദേശീയ പരിശീലകൻ മനോജ് കുമാറിന്റെ കീഴിലാണ് പരിശീലനം നേടുന്നത്

## ജൂൺ 20

- പഞ്ചാബിലെ കണക്റ്റിവിറ്റി മെച്ചപ്പെടുത്തുന്നതിനായി ബ്രിട്ടീഷ് കാലഘട്ടത്തിൽ തുടക്കമിട്ട 39.68 കിലോമീറ്റർ ഖാഡിയൻ-ബിയാസ് റെയിൽവേ ലൈൻ പദ്ധതി കേന്ദ്ര സർക്കാർ ഔദ്യോഗികമായി പുനരുജ്ജീവിപ്പിച്ചു. കേന്ദ്ര റെയിൽവേ സഹമന്ത്രി രവ്നീത് സിംഗ് ബിട്ടു പ്രഖ്യാപിച്ച ഈ പദ്ധതിക്ക് ഏകദേശം 1,400 കോടി രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്. 'കവച്' സുരക്ഷാ സംവിധാനത്തോടെ നോർത്തേൺ റെയിൽവേ നിർമ്മിക്കുന്ന ഈ പാത, പ്രമുഖ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതിനൊപ്പം മാത്സ (Majha) മേഖലയുടെ സാമ്പത്തിക വളർച്ചയ്ക്കും വലിയ കുതിപ്പേകും

## ജൂൺ 21

- പ്രഥമ ഇന്ത്യൻ അത്‌ലറ്റിക്സ് അവാർഡിനായി രാജ്യത്തെ മികച്ച കായികതാരങ്ങളെ പ്രഖ്യാപിച്ചു. ഒളിമ്പിക് സ്വർണ്ണ മെഡൽ ജേതാവ് നീരജ് ചോപ്രയെ മികച്ച പുരുഷ അത്‌ലറ്റായും, ഏഷ്യൻ ഗെയിംസ് സ്വർണ്ണമെഡൽ ജേതാവ് പരുൾ ചൗധരിയെ മികച്ച വനിതാ അത്‌ലറ്റായും തെരഞ്ഞെടുത്തു. അത്‌ലറ്റിക്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ (AFI) ഡൽഹിയിൽ സംഘടിപ്പിച്ച ചടങ്ങിലാണ് പുരസ്കാരങ്ങൾ വിതരണം ചെയ്തത്.

## ജൂൺ 22

- വാട്സാപ്പിന്റെ പുതിയ ആഗോള മേധാവിയായി കുനാൽ ഷാ നിയമിതനായി. പ്രമുഖ ഇന്ത്യൻ ഫിൻടെക് കമ്പനിയായ 'ക്രെഡി'ന്റെ (CRED) സ്ഥാപകനാണ് അദ്ദേഹം. വാട്സാപ്പിന്റെ ചരിത്രത്തിൽ ഈ പദവിയിലെത്തുന്ന ആദ്യത്തെ ഇന്ത്യക്കാരനാണ് കുനാൽ ഷാ. ഏഴു വർഷത്തോളമായി വാട്സാപ്പിനെ നയിച്ചിരുന്ന വിൽ കാത്കാർട്ടിന് പകരക്കാരനായാണ് വാട്സാപ്പിന്റെ മാതൃകമ്പനിയായ മെറ്റാ ഇദ്ദേഹത്തെ നിയമിച്ചത്. ആഗോള ബിസിനസ് വളർച്ച, ഡിജിറ്റൽ പേയ്മെന്റുകൾ, AI സാങ്കേതികവിദ്യകളുടെ സംയോജനം എന്നിവയ്ക്കാണ് അദ്ദേഹം ഇനി നേതൃത്വം നൽകുക.

## ജൂൺ 23

- 2026-ലെ പത്മ പുരസ്കാരങ്ങൾ രാഷ്ട്രപതി ഭവനിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു വിതരണം ചെയ്തു. ഈ വർഷത്തെ അവാർഡ് പട്ടികയിൽ കേരളത്തിന്റെ സാംസ്കാരിക-രാഷ്ട്രീയ-സാമൂഹിക മേഖലകളിലെ മികച്ച പ്രതിഭകൾക്ക് വലിയ അംഗീകാരമാണ് ലഭിച്ചത്. മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന് മരണാനന്തര ബഹുമതിയായി രാജ്യത്തെ രണ്ടാമത്തെ ഉയർന്ന സിവിലിയൻ ബഹുമതിയായ 'പത്മവിഭൂഷൺ' സമ്മാനിച്ചു. ജസ്റ്റിസ് കെ.ടി. തോമസ്, പി. നാരായണൻ എന്നിവരും കേരളത്തിൽ നിന്ന് പത്മവിഭൂഷൺ ബഹുമതിക്ക് അർഹരായി. കലാരംഗത്തെ മികച്ച സംഭാവനകൾക്ക് മലയാളത്തിന്റെ പ്രിയ നടൻ മമ്മൂട്ടിയും, പൊതുസേവനത്തിന് വെള്ളാപ്പള്ളി നടേശനും 'പത്മഭൂഷൺ' പുരസ്കാരം ഏറ്റുവാങ്ങി. ഇതിനുപുറമേ ശാസ്ത്രരംഗത്തുനിന്ന് എ.ഇ. മുത്തുനായകം, കലാരംഗത്തുനിന്ന് കലാമണ്ഡലം വിമല മേനോൻ, കായികരംഗത്തുനിന്ന് മുൻ ഇന്ത്യൻ ഫുട്ബോൾ ക്യാപ്റ്റൻ ഐ.എം. വിജയൻ, സാമൂഹിക സേവനത്തിന് കൊല്ലക്കൽ ദേവകി അമ്മ ജി എന്നിവർ 'പത്മശ്രീ' പുരസ്കാരങ്ങളും ഏറ്റുവാങ്ങി. ദേശീയതലത്തിൽ ക്രിക്കറ്റ് താരം രോഹിത് ശർമ്മ, നടൻ ആർ. മാധവൻ എന്നിവരുൾപ്പെടെ ആകെ 131 പ്രമുഖരെയാണ് രാജ്യം ഈ വർഷം ആദരിച്ചത്.

## ജൂൺ 24

- ഐ.എസ്.ആർ.ഓ തദ്ദേശീയമായി വികസിപ്പിക്കുന്ന സെമി ക്രയോജനിക് എൻജിന്റെ നിർണായക 'ഹോട്ട് ടെസ്റ്റ്' തമിഴ്നാട്ടിലെ മഹേന്ദ്രഗിരിയിൽ വിജയകരമായി പൂർത്തിയാക്കി. പരീക്ഷണത്തിൽ എൻജിൻ ലക്ഷ്യമിട്ട കരുത്തിന്റെ 88 ശതമാനം (175 ടൺ ത്രസ്റ്റ്) കൈവരിച്ച് സ്ഥിരതയോടെ പ്രവർത്തിച്ചു. ദ്രവീകൃത ഓക്സിജനും പ്രത്യേകമായി ശുദ്ധീകരിച്ച മണ്ണെണ്ണയും ഇന്ധനമാക്കുന്ന ഈ എൻജിൻ പരിസ്ഥിതി സൗഹൃദമാണ്. ഇന്ത്യയുടെ ഏറ്റവും കരുത്തുറ്റ എൽവിഎം3 റോക്കറ്റുകളുടെ ശേഷി വർദ്ധിപ്പിക്കാനാണ് 2000 കിലോ ന്യൂട്ടൺ കരുത്തുള്ള ഈ എൻജിൻ വികസിപ്പിക്കുന്നത്.

## ജൂൺ 25

- സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ആദ്യത്തെ വൻകിട സ്വകാര്യ സ്വർണ്ണ ഖനിയായ ആന്ധ്രാപ്രദേശിലെ ജൊന്നഗിരി (Jonagiri) ഖനി പ്രവർത്തനമാരംഭിച്ചു. 'സ്വർണ്ണഗിരി പദ്ധതി' എന്ന് പേരിട്ടിരിക്കുന്ന ഈ സംരംഭത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡു നിർവ്വഹിച്ചു. ജിയോമൈസൂർ സർവീസസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ഡെക്കാൻ ഗോൾഡ് മൈൻസ്, ത്രിവേണി എർത്ത് മൂവേഴ്സ് എന്നിവർ സംയുക്തമായാണ് 405 കോടി രൂപ നിക്ഷേപത്തിൽ ഈ പദ്ധതി വികസിപ്പിച്ചത്. പ്രതിവർഷം 1 മുതൽ 2 ടൺ വരെ സ്വർണ്ണം ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിടുന്ന ഈ പദ്ധതി രാജ്യത്തെ സ്വർണ്ണ ഇറക്കുമതി കുറയ്ക്കാൻ സഹായിക്കും.

## ജൂൺ 26

- ലാറ്റിൻ അമേരിക്കൻ രാജ്യമായ യുറുഗ്വേയിലെ (Oriental Republic of Uruguay) പുതിയ ഇന്ത്യൻ അംബാസഡറായി മലയാളി നയതന്ത്രജ്ഞൻ ഡോ. ബിനോയ് ജോർജ് ചുമതലയേറ്റു. 2006 ബാച്ചിലെ ഇന്ത്യൻ ഫോറിൻ സർവീസ് (IFS) ഉദ്യോഗസ്ഥനായ അദ്ദേഹം പത്തനംതിട്ട തിരുവല്ല സ്വദേശിയാണ്. കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിൽ കോൺസുലർ, പാസ്പോർട്ട്, വിസ ഡിവിഷൻ ജോയിന്റ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചുവരവെയാണ് പുതിയ നിയമനം.

## ജൂൺ 27

- അഞ്ച് ഫുട്ബോൾ ലോകകപ്പുകളിൽ കളിക്കുന്ന ആദ്യ ഏഷ്യാക്കാരൻ എന്ന ബഹുമതി ജപ്പാന്റെ ഇതിഹാസതാരം യൂട്ടോ നാഗറ്റോമോ സ്വന്തമാക്കി . 2026-ൽ നടന്ന ഫിഫ ലോകകപ്പിൽ കളിച്ചതോടെയാണ് അദ്ദേഹം ഈ ചരിത്രനേട്ടം സ്വന്തമാക്കിയത്.

## ജൂൺ 28

- എറണാകുളം ജില്ലയിലെ പട്ടണത്തിൽ നടത്തിയ പുരാവസ്തു ഉത്ഖനനത്തിൽ 2000 വർഷം പഴക്കമുള്ള സ്പാനിഷ്-ഐബീരിയൻ മൺഭരണികളുടെ (ആംഫോറ) അവശിഷ്ടങ്ങൾ കണ്ടെത്തി. കെ.സി.എച്ച്.ആർ ഗവേഷകർ കണ്ടെത്തിയ ഈ അവശിഷ്ടങ്ങൾ, ഐബീരിയൻ മേഖലയുമായി പുരാതന കേരളത്തിനുണ്ടായിരുന്ന ശക്തമായ സമുദ്ര-വ്യാപാര ബന്ധത്തെ സ്ഥിരീകരിക്കുന്നതാണ്. മുൻപ് റോമൻ നാണയങ്ങളും ഭരണികളും ഇവിടെ നിന്ന് ലഭിച്ചിട്ടുണ്ടെങ്കിലും, ഐബീരിയൻ മേഖലയിൽ നിന്നുള്ള വ്യക്തമായ തെളിവുകൾ ലഭിക്കുന്നത് ഇതാദ്യമായാണ്.

## ജൂൺ 29

- ഫിഡെ വേൾഡ് കേഡറ്റ്സ് കപ്പ് ചെസ്സ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യക്കായി സ്വർണ്ണം നേടി മലയാളി താരം ദിവി ബിജേഷ്. അണ്ടർ 12 പെൺകുട്ടികളുടെ വിഭാഗത്തിൽ 11 റൗണ്ടുകളിൽ നിന്ന് 9 പോയിന്റോടെയാണ് പതിനൊന്നുകാരിയായ ദിവി കിരീടം ചൂടിയത്. ടൂർണമെന്റിൽ വ്യക്തിഗത ഇനത്തിൽ സ്വർണ്ണം നേടുന്ന ഏക ഇന്ത്യൻ താരമാണ് തിരുവനന്തപുരം സ്വദേശിയായ ദിവി. ഇതോടെ താരം വരാനിരിക്കുന്ന വേൾഡ് കേഡറ്റ് ചാമ്പ്യൻഷിപ്പിലേക്ക് യോഗ്യത നേടി. ചാമ്പ്യൻഷിപ്പിൽ ഒരു സ്വർണ്ണവും രണ്ട് വെള്ളിയും നാല് വെങ്കലവുമടക്കം ആകെ 7 മെഡലുകളാണ് ഇന്ത്യ സ്വന്തമാക്കിയത്.

## ജൂൺ 30

- തമിഴ്നാട്ടിലെ കൽപ്പാക്കത്ത് ആണവ റിയാക്ടറിലെ ഉയർന്ന താപം നേരിട്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന ലോകത്തിലെ ആദ്യ ഹൈഡ്രജൻ ഉൽപ്പാദന കേന്ദ്രം ഉദ്ഘാടനം ചെയ്തു. ഭാഭ ആറ്റോമിക് റിസർച്ച് സെന്റർ (BARC) തദ്ദേശീയമായി വികസിപ്പിച്ച സാങ്കേതിക വിദ്യയാണ് ഇതിൽ ഉപയോഗിക്കുന്നത്. വൈദ്യുതിക്ക് പകരം റിയാക്ടറിലെ ചൂട് ഉപയോഗിക്കുന്നതിനാൽ ഉൽപ്പാദനച്ചെലവ് കുറവാണെന്നതും പൂർണ്ണമായും കാർബൺ വിമുക്തമാണെന്നതുമാണ് ഇതിന്റെ പ്രധാന സവിശേഷത. ആണവോർജ്ജ കമ്മീഷൻ ചെയർമാൻ ഡോ. അജിത് കുമാർ മൊഹന്തിയാണ് പ്ലാന്റ് ഉദ്ഘാടനം ചെയ്തത്.

# സത്സംഗം പരിപാടിയിൽ രജനി സനലിന്റെ പ്രഭാഷണം




സത്സംഗം പരിപാടിയിൽ രജനി സനൽ പ്രഭാഷണം നടത്തുന്നു. ബി.എസ്. ബാലചന്ദ്രൻ ജയ ശ്രീകുമാർ എന്നിവർ വേദിയിൽ

**തിരുവനന്തപുരം:** ബി.എസ്.എസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന "സത്സംഗം' പ്രതിമാസ പരിപാടിയിൽ അധ്യാപക പരിശീലകയും മനഃശാസ്ത്രജ്ഞയുമായ രജനി സനൽ പ്രഭാഷണം നടത്തി.

ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ബി.എസ്.എസ് ഡയറക്ടർ ജനറൽ ജയ ശ്രീകുമാർ സ്വാഗതമാശംസിക്കുകയും അസിസ്റ്റൻറ് ഡയറക്ടർ രഞ്ജിനി പ്രശാന്ത് നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

പ്രൗഢമായ ഒരു സദസ്സിന്റെ മനസ്സ് പിടിച്ചടക്കിക്കൊണ്ടുള്ള പ്രഭാഷണമാണ് സത്സംഗം പരിപാടിയിൽ രജനി സനൽ കാഴ്ചവെച്ചത്.

# കാൻഫെഡ് വാർഷികവും സംസ്ഥാന സമ്മേളനവും

(1-ാം പേജിൽ നിന്നും തുടർച്ച)

നൽകി. കാൻഫെഡ് കേന്ദ്രസമിതിയംഗം പി.ടി. ജോൺ, കാലിക്കറ്റ് യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ. കെ.കെ.എൻ. കുറുപ്പ്, കാൻഫെഡ് കാസർകോട് ജില്ലാ ചെയർമാൻ പ്രൊഫ. കെ.പി. ജയരാജൻ എന്നിവർ സംസാരിച്ചു.

സംഘടനാ സമ്മേളനം മുൻ മന്ത്രിയും ജനശ്രീ ചെയർമാനുമായ എം.എം. ഹസ്സൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ കാൻഫെഡ് വൈസ് ചെയർമാൻ കിണാവല്ലൂർ ശശിധരൻ അദ്ധ്യക്ഷത വഹിച്ചു. കാൻഫെഡ് ഡയറക്ടർ എൻ.കെ. ജയ സ്വാഗതമാശംസിച്ചു. വി.ആർ.വിഘ്നേഷ്, നടയ്ക്കൽ ശശി, എം.എസ്. ഗണേശൻ, കെ.പി.യു. അലി, വി.സി. പീറ്റർ, വി.പി. ജയചന്ദ്രൻ, നസറുദ്ദീൻ ആലുങ്കൽ, കെ.പി. സെയ്തലവി, മനോജ് കടമ്പാട്, എൻ.എസ്. നാരായണൻ, പ്ലാവിള ജയറാം, കരീപ്ര രാജേന്ദ്രൻ, പ്രതാപൻ നാട്ടുവെളിച്ചം എന്നിവർ സംസാരിച്ചു. സീതാ വിക്രമൻ കൃതജ്ഞത രേഖപ്പെടുത്തി.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു



അഡ്വ. ഗണേശൻ സുബ്ബിയൻ



അഡ്വ. ഇ നാരായണൻ നായർ



ഡോ. എൻ. അശോകകുമാർ

## അഡ്വ. ഗണേശൻ സുബ്ബിയൻ

ന്യൂ ഡൽഹി സ്വദേശി. അഭിഭാഷകൻ, നിയമ പരിഷ്കർത്താവ്, നീതിന്യായ വ്യവസ്ഥ ഗവേഷകൻ , സെന്റർ ഫോർ ഇക്വിറ്റി & റൂൾ ഓഫ് ജസ്റ്റിസ് (ദി സിഇആർജെ) സ്ഥാപക പ്രസിഡന്റ്. വാദിക്കൽ, നിയമ പരിഷ്കരണം, നിയമവാഴ്ച ശക്തിപ്പെടുത്തൽ എന്നിവയ്ക്കായി ലാഭേച്ഛയില്ലാത്ത സ്ഥാപനമായ ദി സെന്റർ ഫോർ ഇക്വിറ്റി & റൂൾ ഓഫ് ജസ്റ്റിസ് (സിഇആർജെ) സ്ഥാപിച്ചു. സി.ഇ.ആർ.ജെ.യിലൂടെ പൊതുതാൽപ്പര്യ വ്യവഹാരങ്ങളെ പിന്തുണയ്ക്കുകയും, സുപ്രീം കോടതിയിലെ പിന്നോക്ക വ്യവഹാരികളെ സഹായിക്കുകയും ചെയ്യുന്നു. സുപ്രീം കോടതി, വിവിധ ഹൈക്കോടതികൾ, ട്രൈബ്യൂണലുകൾ, ജുഡീഷ്യൽ ഫോറങ്ങൾ എന്നിവയിൽ പ്രാക്ടീസ് ചെയ്യുന്നു. ബാർ അസോസിയേഷൻ ഓഫ് ഇന്ത്യ യുടെ രക്ഷാധികാരി, യുഎസ് എയിലെ ടെക്സസിലെ സെന്റർ ഫോർ അമേരിക്കൻ ആൻഡ് ഇന്റർനാഷണൽ ലോ നെഗോഷ്യേറ്റർ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസിലും എംഐടി പരിശീലനം നേടിയ പ്രൊഫഷണൽ, ഇന്റർനാഷണലി ക്വാളിഫൈഡ് മീഡിയേറ്റർ (ഐഎംഐ), യുണൈറ്റഡ് കിംഗ്ഡത്തിലെ സൊസൈറ്റി ഓഫ് മീഡിയേറ്റേഴ്സ് അംഗീകൃത മീഡിയേഷൻ അഡ്വക്കേറ്റ് എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. കോമൺവെൽത്ത് ലോയേഴ്സ് അസോസിയേഷന്റെ അംഗവും സുപ്രീം കോടതി മീഡിയേറ്റേഴ്സ് അസോസിയേഷനായ നിവാരണിന്റെ ആജീവനാന്ത അംഗവുമാണ്. മധ്യസ്ഥത, നിയമ പരിഷ്കാരങ്ങൾ, നിയമവാഴ്ച എന്നിവയെക്കുറിച്ചുള്ള അന്താരാഷ്ട്ര പ്രഭാഷകൻ കൂടിയാണ്.

## അഡ്വ. ഇ നാരായണൻ നായർ

വടകര സ്വദേശി. 53 വർഷമായി കോഴിക്കോട് ,ജില്ലാകോടതിയിലും വടകര, കൊയിലാണ്ടി കോടതികളിലും പ്രാക്ടീസ് ചെയ്യുന്നു. കെ എസ് യു കോഴിക്കോട് താലൂക്ക് പ്രസിഡണ്ട്, ഡി സി സി എക്സിക്യൂട്ടീവ് മെമ്പർ, കോഴിക്കോട് ജില്ല, സ്റ്റേറ്റ് എക്സിക്യൂട്ടീവ് മെമ്പർ ഐ എൻ ടി യു സി സ്റ്റേറ്റ് കമ്മിറ്റി, പ്രസിഡണ്ട് ഐ എൻ ടി യു സി കോഴിക്കോട് ജില്ല കമ്മിറ്റി, മുൻസിപ്പൽ കൗൺസിലർ വടകര മുനിസിപ്പാലിറ്റി, ചെയർമാൻ യു ഡി എഫ് വടകര നിയോജകമണ്ഡലം, കേരളാ സ്റ്റേറ്റ് കെട്ടിടനിർമ്മാണതൊഴിലാളി കോൺഗ്രസ് ജനറൽ സെക്രട്ടറി വൈസ് പ്രസിഡണ്ട് ഐ എൻ ടി യു സി കോഴിക്കോട് ജില്ല കമ്മിറ്റി, കെ പി സി സി മെമ്പർ 2007 മുതൽ മെമ്പർ, കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി വെൽഫയർ ബോർഡ് ഡയറക്ടർ, വടകര എഡ്യുക്കേഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡണ്ട്, വടകര സിറ്റിസൺ കൗൺസിലർ ചെയർമാൻ, ലോകാനാർകാവ് ദേവസം ട്രസ്റ്റ് പ്രസിഡണ്ട്, വടകര ബാർ അസോസിയേഷൻ ട്രഷറർ, മോട്ടോർ എംപ്ലോയിസ് യൂനിയൻ പ്രസിഡണ്ട്, സിറ്റിസൺ കൗൺസിൽ പ്രസിഡണ്ട്, ലോകനാർകാവ് ക്ഷേത്രസമഗ്രവികസന സമിതി പ്രസിഡണ്ട് വടകര ഡവലപ്പ്മെന്റ് ഫോറം രക്ഷാധികാര ജപസംഗീതവിദ്യാലയം, പ്രസിഡണ്ട് പരവന്തല സുബ്രമണ്യക്ഷേത്രം വൈസ് പ്രസിഡണ്ട് കോഴിക്കോട് ജില്ലാകോൺഗ്രസ് കമ്മിറ്റി എന്നീ നിലകളിലും പ്രവർത്തിക്കുന്നു.

## ഡോ. എൻ. അശോകകുമാർ

എറണാകുളം ഇടപ്പള്ളി സ്വദേശി. കലാ-സാഹിത്യ-സാംസ്കാരിക പ്രവർത്തകൻ. പത്രങ്ങളിലും ഗവേഷണ മാസികകളിലും ലേഖകനാണ്. കോഴിക്കോട് സർവ്വകലാശാലയുടെ കീഴിലുള്ള കാഞ്ഞങ്ങാട് നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജിൽ ചരിത്രാദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. തുടർന്ന് ഗവൺമെന്റ് കോളേജിൽ അദ്ധ്യാപകനായി. കാസർഗോഡ് ഗവ. കോളേജ്, മൊകേരി ഗവൺമെന്റ് കോളേജ്, കൊടുങ്ങല്ലൂർ പുല്ലൂറ്റ് കെ.കെ.ടി.എം. ഗവൺമെന്റ് കോളേജ്, കട്ടപ്പന ഗവ. കോളേജ്, ചാലക്കുടി പനമ്പിള്ളി ഗോവിന്ദ മേനോൻ സ്മാരക ഗവ. കോളേജ് മഹാരാജാസ് ഗവ. കോളേജ് എന്നിവിടങ്ങളിൽ ചരിത്രാദ്ധ്യാപകനായിരുന്നു. വിവിധ യുണിവേഴ്സിറ്റികളിൽ വിസിറ്റിംഗ് പ്രൊഫസറായും ജോലി നോക്കിയിട്ടുണ്ട്. വിവിധ യൂണിവേഴ്സിറ്റികളിലും, UGC, PSCയിലും വിഷയ വിദഗ്ധനായും ക്വിസ് മാസ്റ്ററായും പ്രവർത്തിച്ചിട്ടുണ്ട്. Collegiate Education അടക്കം നടത്തിയിട്ടുള്ള IAS Coaching, NET Coaching എന്നിവയുടെ റിസോഴ്സ് പേർസൺ ആയിരുന്നു. ഇന്ത്യൻ ചരിത്ര കോൺഗ്രസ്, കേരള ഹിസ്റ്ററി കോൺഗ്രസ്, സൗത്ത് ഇന്ത്യൻ ചരിത്ര കോൺഗ്രസ്, കേരള ഹിസ്റ്ററി അസോസിയേഷൻ, ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം, സമസ്ത കേരള സാഹിത്യപരിഷത്ത്. കേരള പെസന്റ് സ്റ്റഡീസ്, ചങ്ങമ്പുഴ സീനിയർ സിറ്റിസൺസ് ഫോറം എന്നിവയിൽ പ്രവർത്തിച്ചു വരുന്നു. കേരള ഹിസ്റ്ററി അസോസിയേഷൻ ജനറൽ സെക്രട്ടറിയായും സേവനമനുഷ്ഠിക്കുന്നു.



ഡോ. ഗോപകുമാർ ജി എസ്



V.T.V ദാമോദരൻ



കെ.പി.സജീവൻ

## ഡോ. ഗോപകുമാർ ജി എസ്

തിരുവനന്തപുരം നരുവമൂട് പ്രാവച്ചമ്പലം സ്വദേശി. മനശാസ്ത്രജ്ഞൻ, ഹോർട്ടികൾച്ചറിസ്റ്റ്. വിവിധ പ്ലാന്റേഷനുകളിലും റിസോർട്ടുകളിലും അഗ്രികൾച്ചറിസ്റ്റായും ഹോർട്ടികൾച്ചറിസ്റ്റായും പ്രവർത്തിച്ചു. കീടനാശിനി പരിപൂർണ്ണമായി ഒഴിവാക്കി ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും വിവിധ എൻ ജി ഒയു മായി ചേർന്ന് ഡിപ്പാർട്ട്മെന്റ് ഓഫ് ബയോ ടെക്നോളജി ഡൽഹിയുടെ സഹകരണത്തോടെ അനേകം മഹിളകൾക്കും കൃഷിക്കാർക്കും പരിശീലനം കൊടുക്കുകയും മണ്ണിരക്കമ്പോസ്റ്റ്, ജൈവവളങ്ങൾ, ജൈവകീട നിയന്ത്രണം എന്നിവ കൊണ്ട് എങ്ങനെ ആരോഗ്യപരമായി പഴങ്ങളും പച്ചക്കറികളും, അനുബന്ധ കൃഷി ഉൽപ്പന്നങ്ങളും നിർമ്മിക്കാം എന്ന് തെളിയിക്കുകയും ചെയ്തു. ജീവിതശൈലി രോഗങ്ങളെ എങ്ങനെ നിയന്ത്രിക്കാം എന്നും കീടനാശിനി ഉപയോഗം മൂലം ഉണ്ടാകാവുന്ന മറ്റ് രോഗങ്ങളായ നാഡീ രോഗങ്ങൾ, ക്യാൻസർ, ഹോർമോൺ വ്യതിയാനങ്ങൾ തുടങ്ങിയവ നിയന്ത്രിക്കാമെന്ന് കണ്ടെത്തി. കുട്ടികളിൽ ഉണ്ടാകുന്ന പഠന വൈകല്യം, പരീക്ഷാ ഭയം, കൗമാര പ്രശ്നങ്ങൾ, ലഹരി ഉപയോഗം, മൊബൈൽ മറ്റ് സൈബർ അഡിക്ഷൻ എന്നിവയ്ക്ക് ഫലപ്രദമായ രീതിയിൽ കൗൺസിലിംഗ്, മന:ശാസ്ത്രപരമായ തെറാപ്പി എന്നിവ നൽകിക്കൊണ്ടിരിക്കുന്നു. കൂടാതെ മുതിർന്നവരിൽ കണ്ടുവരുന്ന മാനസിക സമ്മർദ്ദം, ഉത്കണ്ഠ, മാനസിക നിലവാരം കാരണം ശരീരത്തിൽ ഉണ്ടാകുന്ന രോഗങ്ങൾ എന്നിവയ്ക്ക്കും ഫലപ്രദമായ മാനസിക പിൻബലം നൽകുന്നു. പ്രായാധിക്യം കൊണ്ട് ഒറ്റപ്പെടൽ അനുഭവിക്കുന്നവരുടെ അരികിലെത്തി വേണ്ട രീതിയിലുള്ള കരുതൽ നൽകിവരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്ക് അവർക്ക് ആവശ്യമായ പിന്തുണ വിവിധ ചാരിറ്റബിൾ ട്രസ്റ്റുകളുടെ സഹായത്തോടെ നടപ്പാക്കി വരുന്നു. ആരോഗ്യ മേഖലയിലെ സംഭാവന കൃഷിപരമായ പുരോഗതിയിലേക്കുള്ള പ്രവർത്തനങ്ങൾ എന്നിവ പരിഗണിച്ചുള്ള ശ്രേഷ്ഠ സേവാ രത്ന പുരസ്കാരം ലഭിച്ചിട്ടുണ്ട്. മന:ശാസ്ത്രവുമായി ബന്ധപ്പെട്ട ഒരു പുസ്തകം രചിച്ചിട്ടുണ്ട്. സീനിയർ കൺസൾട്ടന്റ് സൈക്കോളജിസ്റ്റായി ആറ്റുകാൽ ദേവി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് തിരുവനന്തപുരം, എസ് പി മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ പാറശ്ശാല, സ്മാർട്ട് മെഡിക്കൽ സെന്റർ കളിയിക്കാവിള എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിക്കുന്നു.

## V.T.V ദാമോദരൻ

കണ്ണൂർ പയ്യന്നൂർ സ്വദേശി. V.T.V എന്നു അന്താരാഷ്ട്രതലത്തിൽ അറിയപ്പെടുന്നു. ജീവകാരുണ്യപ്രവർത്തന രംഗത്ത് മികവുറ്റ വ്യക്തിത്വം. ഇന്ത്യൻ പ്രവാസികൾക്ക് യു.എ.ഇ.യെ രണ്ടാമത്തെ ഭവനമാക്കിമാറ്റുന്നതിൽ മൂന്ന് ദശാബ്ദത്തിലധികം നിർണായകമായ സംഭാവനകൾ ചെയ്തു. ദേശീയ അന്തർദേശീയ നിലവാരത്തിൽ പ്രവർത്തിക്കുന്ന സാമൂഹിക-സാംസ്കാരിക-മാനുഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. നിലവിൽ യു.എ.യിൽ പ്രമുഖ ചാർട്ടേഡ് അക്കൗണ്ടൻസി സംഘടനയായ ജഗഎ ൽ സീനിയർ കൺസൾട്ടന്റായി സേവനം അനുഷ്ഠിക്കുന്നു. യുവ തലമുറയിലേക്ക് ഗാന്ധിയൻ തത്വസംഹിതകളെയും, ആശയങ്ങളെയും പ്രചരിപ്പിക്കുന്നതിനായി അബുദാബിയിൽ ഗാന്ധി സാഹിത്യവേദി എന്ന സംഘടന രൂപീകരിച്ചു അവിടെ ഗാന്ധിപ്രതിമ സ്ഥാപിച്ചു. ഇന്ത്യൻ എംബസ്സിയുടെ എൻട്രൻസിൽ ഒരു കൂറ്റൻ ചർക്ക സ്ഥാപിക്കുവാനും കഴിഞ്ഞു. അബുദാബിയിലെ ദരിദ്രരായ നൂറുകണക്കിന് മലയാളി രോഗികൾക്ക് ചികിത്സാ ധനസഹായം നല്കിയിട്ടുണ്ട്. യു.എ.യിൽ മരണപ്പെട്ടു പോകുന്നവരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിനുള്ള നിയമ നടപടികളുടെ ഏകോപനം നിർവ്വഹിക്കുന്നു. പ്രവാസി ഭാരതീയ സമ്മാൻ അവാർഡ് ജേതാവാണ്. യു.എ.ഈ.യുടെ രാഷ്ട്രപിതാവായ ഒ.ഒ ടവലശ സ ടൃശറ ആകആ ടൗഹവേമി അ ക ചകഒഅച ന്റെയും യു.എ.യിലെ മറ്റു സാമൂഹിക സാംസ്കാരിക രാഷ്ട്രീയ നേതാക്കളുടെയും അഭിനന്ദനത്തിന് അർഹനായിട്ടുണ്ട്. നിരവധി അന്താരാഷ്ട്ര ദേശീയ പുരസ്ക്കാരങ്ങൾക്കും അർഹനാണ്.

## കെ.പി.സജീവൻ

കോഴിക്കോട് പേരാമ്പ്ര സ്വദേശി. നാല്പത് വർഷമായ് നാടകരംഗത്ത് പ്രവർത്തിക്കുന്നു. പത്താം ക്ലാസ്സിൽ പഠിക്കുമ്പോൾ തന്നെ നാടകം എഴുതി തുടങ്ങി, പ്രിഡിഗ്രിക്ക് പഠിക്കുന്ന സമയത്ത് ചെറിയ നാടകങ്ങൾ മത്സര വേദികളിൽ എഴുതി അവതരിപ്പിച്ചു ശ്രദ്ധിക്കപ്പെട്ടു. മിനി പ്രൊഫഷണൽ നാടകങ്ങൾ എഴുതി അവതരിപ്പിച്ചു. വിവിധ നാടകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചെറുതും വലതുമായി ഒട്ടേറെ നാടകങ്ങൾ എഴുതി. തുടർന്ന് ഒറ്റയാൾ നാടകങ്ങൾ എഴുതി അവതരിപ്പിക്കുവാൻ തുടങ്ങി. കൂത്തുപറമ്പ് വെടിവെപ്പിൽ മുപ്പത്തഞ്ച് വർഷക്കാലം ഒരേ കിടപ്പ് കിടന്ന സഖാവ് പുഷ്പനെ വേദിയിൽ അവതരിപ്പിച്ച് പ്രേക്ഷകർക്കിടെയിൽ അൽഭുതം സൃഷ്ടിച്ചു. പുത്തൂർ വെട്ടം യുപി സ്കൂളിൽ ആരംഭിച്ച കളിമുറ്റം നാടകക്യാമ്പ് നാലായിരത്തിൽപ്പരം സ്കൂളുകൾ പിന്നിട്ട് ഇരുപത്തഞ്ചാം വർഷത്തിലേയ്ക്ക് കടക്കുന്നു. സെപഷ്യൽ സ്കൂളിൽ പഠിക്കുന്ന ഭിന്നശേഷി കുട്ടികൾക്കായുള്ള നാടക തെറാപ്പി എന്ന നാടക സങ്കേതം ശ്രദ്ധേയമായി. മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ചികിത്സാ മാർഗ്ഗമായി നാടക യോഗയും അവതരിപ്പിക്കുന്നു.

കാമ്പസ് തിയേറ്റർ ഇൻ കോളേജ് എന്ന ക്യാമ്പിലൂടെ പ്രൊഫഷണൽ കോളേജിലെ വിദ്യാർത്ഥികകൾക്ക് നാടക പരിശീലനം നൽകുന്നു. വീട്ടുമുറ്റ നാടകങ്ങളിലൂടെ നാട്ടിൻപ്പുറങ്ങളിൽ നഷ്ട്ടമാകുന്ന നാടക ബോധങ്ങളെ തിരിച്ചു പിടിക്കാനുള്ള ശ്രമം നടത്തുന്നു. ഒരു പ്രദേശത്ത് പത്ത് വീടുകൾ കേന്ദ്രീകരിച്ച് ഒരു വീടിന്റെ മുറ്റത്ത് വെച്ചാണ് നാടകം കളിക്കുക. ഏഷ്യാ ബുക്സ് റിക്കാർഡ്, ഗിന്നസ് അധികൃതരുടെ അഭിനന്ദനം, വേൾഡ് ഡ്രാമാ ബുക്സ് റിക്കാർഡ്, ലോക നാടക സർവ്വേ രണ്ടായിരം റാങ്ക് ജേതാവ്, റോമിലെ സലേഷ്യൻ സർവ്വകലാശാലയുടെ അംഗീകാരം, അമേരിക്കൻ തിയേറ്ററിന്റെ അംഗീകാരം, നൈജീരിയിലെ അബാക്ക സർവ്വകലാശാലയുടെ അംഗീകാരം, ദില്ലി ജന സംസ്കൃതി അവാർഡ്, സംസ്ഥാന സർക്കാരിന്റെ സ്പഷ്യൽ ജൂറി പുരസ്കാരം, ചിൽഡ്രൻസ് പ്ലേ തിയേറ്റർ അവാർഡ്, അരങ്ങ് നാടക അവാർഡ്, ആൻസ് നാടക പ്രതിഭാ പുരസ്കാരം - ഗിരീഷ് കർണ്ണാട് പുരസ്കാരം തുടങ്ങിയവ ലഭിച്ചിട്ടുണ്ട്.



നാദം മുരളി



അഡ്വ.വിജയമോഹൻ. വി.



അമ്പിളി ബാലചന്ദ്രൻ

## നാദം മുരളി

കണ്ണൂർ ജില്ലയിൽ കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്തിലെ പാവന്നൂർ സ്വദേശി നാൽപതു വർഷത്തോളമായി കലാപ്രവർത്തന രംഗത്ത് സജീവമാണ്. നൃത്ത വേദികളിലും നാടകവേദികളിലും കീബോർഡ് ആർട്ടിസ്റ്റ് ആയി പ്രവർത്തിക്കുന്നതിനിടയിൽ തന്നെ നാടക അഭിനയം, സംവിധാനം, സംഗീത സംവിധാനം എന്നീ രംഗങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. കേരളത്തിലെ പ്രശസ്തരായ നിരവധി നാടക സംവിധായകരുടെ നാടകങ്ങൾക്ക് പശ്ചാത്തല സംഗീതവും സംഗീത സംവിധാനവും നിർവ്വഹിച്ചിച്ചുണ്ട്. 2005 മുതൽ 15 വർഷക്കാലം കണ്ണൂർ ചിന്മയ മിഷൻ സ്കൂളിൽ മ്യൂസിക് (കീബോർഡ്) അധ്യാപകനായി പ്രവർത്തിച്ചു. 2004ൽ സമിതി രൂപീകരിച്ച് അന്യം നിന്നു പോകുന്ന കലാരൂപമായ വിൽപ്പാട്ട് എന്ന തനത് കലാരൂപത്തിന് ആക്ഷേപഹാസ്യത്തിന് പ്രാധാന്യം നൽകി കൊണ്ട് വിൽക്കലാമേള എന്ന പേരിൽ നൂറുകണക്കിന് വേദികളിൽ അവതരിപ്പിച്ച് പ്രേക്ഷക പ്രീതി നേടി. പിന്നീട് അതിനെ കഥക്കും പാട്ടിനും ഹാസ്യത്തിനും പ്രാധാന്യം നൽകി. ഒരുമിച്ച് വേദിയിലെ സ്ക്രീനിൽ കഥയുടെ ദൃശ്യങ്ങളും കൂടി ചേർന്ന് കാഴ്ചക്കാരന് നവ്യാനുഭവം സമ്മാനിക്കുന്ന മൾട്ടി വിഷ്വൽ വിൽക്കലാമേളയായി രൂപാന്തരപ്പെടുത്തി. നിരവധി സിനിമകളിലും ഷോർട്ട് ഫിലിമുകളിലും, ഡോക്യുമെൻററി ചിത്രങ്ങളിലും മ്യൂസിക് ആൽബങ്ങളിലും വേഷം ചെയ്യുകയും സംവിധാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. സിനിമകൾക്ക് വേണ്ടി ഗാനരചനയും സംഗീതവും ആലാപനവും നടത്തിയിട്ടുണ്ട്. ഇരുപത്തിയഞ്ച് വർഷമായി മയ്യിൽ കേന്ദ്രീകരിച്ച്നിരവധി കുട്ടികൾക്ക് കലാ പരിശീലനം നൽകുന്ന ‘നാദം’ കലാക്ഷേത്രത്തിന്റെ ഡയരക്ടറാണ്. സംസ്ഥാന കേരളോത്സവത്തിൽ ഉൾപ്പെടെ നിരവധി സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ട് കേരള സംഗീത നാടക അക്കാദമി സംഘടിപ്പിച്ച സംസ്ഥാന തല നാടൻ പാട്ട് മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്.. ജില്ലാ ശുചിത്വ മിഷനു വേണ്ടി നിരവധി ശുചിത്വ ബോധവൽക്കരണ നാടകങ്ങളും സംഗീത ശില്പങ്ങളും അവതരിപ്പിച്ചിട്ടുണ്ട്. പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട് വനവൽക്കരണത്തിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ നടത്തി, പുഴയരികിൽ ‘കണ്ടൽക്കാട്’ നട്ടുപിടിപ്പിച്ചു. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നു. 2018ൽ കേരള ഫോക്ക് ലോർ അക്കാദമി അവാർഡ്, 2026 ലെ നവപുരം ‘കലാകോവിദ’ പുരസ്കാരം ഉൾപ്പെടെ നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

## അഡ്വ.വിജയമോഹൻ. വി.

കൊല്ലം കാവനാട് സ്വദേശി. അഭിഭാഷകൻ സുപ്രീം കോടതിയിലും, കേരള ഹൈ കോടതിയിലും മറ്റ് കോടതികളിലും ആയി 32 വർഷത്തെ സേവനം. സുപ്രീം കോടതിയ്ക്ക് വേണ്ടി മധ്യസ്ഥൻ (Medator ADR), സുപ്രീം കോടതി ഓഫ് ഇന്ത്യയുടെ ഔദ്യോഗിക പരിഭാഷകൻ (മലയാളം - ഇംഗ്ലീഷ്), സുപ്രീം കോടതിയുടെ കേന്ദ്ര ഗവൺമെന്റിന്റെ പാനൽ കൗൺസൽ അംഗം, സുപ്രീം കോടതി ബാർ അസോസിയേഷൻ അംഗം, വൈ.എം. സി.എ(YMCA). ഫൈൻ ആർട്സ് സൊസൈറ്റി, കൊല്ലം, കൊല്ലം കഥകളി ക്ലബ്. വൈസ് മെൻ ക്വയിലോൺ മിഡ് ടൗൺ, ഫ്രണ്ട്സ് തരംഗം കലാ സാഹിത്യ സാംസ്കാരിക സംഘടന ഉൾപ്പടെ വിവിധ സംഘടനകളിൽ അംഗമാണ്. സ്നേഹാദരവുകൾ ഉൾപ്പടെ നിരവധി ആദരവുകൾ ലഭിച്ചിട്ടുണ്ട്. (മലയാളത്തിലും ഇംഗ്ലീഷിലുമായി ധാരാളം കവിതകൾ, ലേഖനങ്ങൾ എന്നിവ എഴുതുന്നു. സാമൂഹ്യ സാംസ്കാരിക മേഖലകളിലും ജീവ കാരുണ്യ പ്രവർത്തനങ്ങളിലും പങ്കെടുത്തു വരുന്നു

ഫ്രണ്ട്സ് തരംഗത്തിന്റെ നിയമോപദേഷ്ടാവായും പ്രവർത്തിച്ചു വരുന്നു.

## അമ്പിളി ബാലചന്ദ്രൻ

കൊല്ലം പട്ടാഴി സ്വദേശിനി. ഹോളിസ്റ്റിക് വെൽനെസ്സ് കോച്ച്, ഹിപ്നോട്ടിക് കൗൺസിലിംഗ് കോച്ച്, റെയ്ക്കി ഗ്രാൻഡ്മാസ്റ്റർ, സാംസ്കാരിക -സാമൂഹ്യ കലാരംഗത്തും സേവന മേഖലയിലും പ്രവർത്തനങ്ങൾ നടത്തി വരുന്നു. സാക്ഷരതാമിഷൻ റിസോഴ്സ് പേഴ്സൺ, കുടുംബശ്രീ CDS, ADS, ഡയറക്ടർ ബോർഡ് മെമ്പർ എന്നീ നിലകളിൽ പ്രവർത്തനം നടത്തിയിട്ടുണ്ട്. അദ്ധ്യാപിക, പ്രകൃതിസ്നേഹി, കർഷക, തത്ത്വചിന്തക, ആത്മീയ പ്രഭാഷക എന്നീ രംഗത്തും ശ്രദ്ദേയയാണ്. അമൃതവിശ്വവിദ്യാപീഠം കരുനാഗപ്പള്ളിയിൽ നിന്നും CLTP (കമ്മ്യൂണിറ്റി ലീഡർഷിപ്പ് പ്രോഗ്രാം)യ്ക്ക് ഇന്റർനാഷണൽ സർട്ടിഫിക്കറ്റ് നേടാൻ സാധിച്ചിട്ടുണ്ട്. ‘സഞ്ജീവനി’ ആദരവ് ലഭിച്ചു. പഠനവും തൊഴിലും, വായനയും, കലയും, സാഹിത്യവും, എഴുത്തും കുടുംബവും, സേവനവും ഒരു പാഷനായി മുന്നോട്ടു പോകുന്നു. PCTA, ബട്ടർഫ്ളൈ ഫൗണ്ടേഷൻ ഫോർ ദി തീം സെൻട്രൽ ഇന്ററാക്ഷൻ, ഇന്റർനാഷണൽ RCI തുടങ്ങിയ സംഘടനകളിലെ അംഗമാണ്. കവിതകൾ, ലേഖനങ്ങൾ തുടങ്ങിയവ എഴുതിയിട്ടുണ്ട്. മഷിക്കൂട്ട് സർഗ്ഗസാഹിത്യവേദി (ഗോവ)യുടെ ആദരവും പുരസ്കാരവും ലഭിച്ചു. സംസ്ക്കാരവേദി കവിതാ പുരസ്കാരത്തിന് രണ്ടുതവണ അർഹയായി. വയലാർ രാമവർമ്മ പുരസ്കാരവും ലഭിച്ചു. ഏറ്റവും നല്ല സാമൂഹികപ്രവർത്തക എന്നതിന് ആദരവ് ലഭിച്ചിട്ടുണ്ട്. കലാനിധി സെന്റർ ഫോർ ആർട്സിന്റെ ശ്രീകൃഷ്ണാമൃതം സിൽവർ ജൂബിലി പുരസ്കാരത്തിനും സർട്ടിഫിക്കറ്റിനും പതക്കത്തിനും അർഹയായി. സ്വന്തമായി കോസ്മിക് ഹോളിസ്റ്റിക് വെൽനെസ്സ് സെന്റർ എന്ന സ്ഥാപനത്തിലൂടെ വിദഗ്ദ്ധമായ പരിശീലനങ്ങളും കൗൺസിലിംഗ് തെറാപ്പികളും, സേവന പ്രവർത്തനങ്ങളും നടത്തി വരുന്നു.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു


സി.കെ. രാജം


ഗിരിജ രാധാകൃഷ്ണൻ


അഡ്വ. എസ്.കെ. സുരേഷ്


ശശികുമാർ.ടി.പി


സുധീർ കെ എം


സ്മിതാ എസ് നായർ

### സി.കെ. രാജം

എറണാകുളം പള്ളുരുത്തി സ്വദേശി. കൊച്ചിൻ സാഹിത്യ അക്കാദമിയുടെ രക്ഷാധികാരി. പള്ളുരുത്തിയിലെ ശ്രീനാരായണഗുരു സ്ഥാപിച്ച SDPY ഹൈസ്ക്കൂളിൽ അദ്ധ്യാപികയായി തുടക്കം. 2001 ൽ SDPYVHS പ്രിൻസിപ്പാളായി. അദ്ധ്യാപന ലോകത്ത് നിന്നു വിരമിച്ചതിന് ശേഷവും കുട്ടികളുടെ വിദ്യാഭ്യാസ അച്ചടക്കത്തിനും ബുദ്ധിവികാസത്തിനുമായി ജോലി ചെയ്തുകൊണ്ട് ശമ്പള തുക കുട്ടികളുടെ ക്ഷേമകാര്യങ്ങൾക്കായി നൽകുന്നു. കുട്ടികൾക്ക് ട്യൂഷനും പരീക്ഷാ വിജയികൾക്ക് പ്രോത്സാഹന സമ്മാനങ്ങളും നൽകി വരുന്നു. ശ്രീനാരായണഗുരുവിന്റെയും, നിത്യചൈതന്യയതിയുടെയും ആശയാദർശങ്ങൾ തന്റെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയ ടീച്ചർ ധാർമ്മിക മൂല്യങ്ങൾക്ക് വലിയ പ്രസക്തി നൽകി കൊണ്ട് തന്റെ പൊതുജന സേവനം മുന്നോട്ട് നയിക്കുന്നു. കൊച്ചിയിലെ മലയാളി സാഹിത്യവേദി സമാജം മികച്ച എഴുത്തുകാരിക്കുള്ള ആദരവ് നൽകി ആദരിച്ചു. 8000ത്തോളം വരുന്ന സ്ക്കൂൾ കുട്ടികൾ ടീച്ചറമ്മ എന്ന നാമത്തിൽ ആദരവ് നൽകി. മികച്ച അദ്ധ്യാപികയ്ക്കും എഴുത്തുകാരിയ്ക്കുമുള്ള സി.എസ്.എ അവാർഡും ലഭിച്ചിട്ടുണ്ട്. കൊച്ചി പൗരാവലിയുടെ മികച്ച അദ്ധ്യാപിക പുരസ്ക്കാരം കൂടാതെ പള്ളുരുത്തി ശ്രീഭവാനീശ്വര പുരസ്ക്കാരവും ലഭിച്ചു.

### ഗിരിജ രാധാകൃഷ്ണൻ

പാലക്കാട് തേൻകുറിശ്ശി സ്വദേശി. കേരളത്തിന്റെ പാരമ്പര്യ കലാരൂപങ്ങളും നെൽകതിർ കൈത്തറി ഉൽപ്പന്നങ്ങളും മുൻനിർത്തി പ്രവർത്തിക്കുന്ന സംരംഭക. 25 വർഷങ്ങൾക്ക് മുൻപ് ചെറിയ തോതിൽ ആരംഭിച്ച ‘കതിർക്കുല ക്രാഫ്ട്സ്’ എന്ന സ്ഥാപനം കേരളത്തിന്റെ പൈതൃകവും സംസ്കാരവും ഉൾക്കൊള്ളുന്ന വൈവിധ്യമാർന്ന കൈത്തറി ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വരുന്നു. കേരളത്തിന്റെ പാരമ്പര്യ കൃഷിസംസ്കാരത്തെയും ക്ഷേത്ര കലാരൂപങ്ങളെയും അടിസ്ഥാനമാക്കി രൂപകൽപ്പന ചെയ്തതാണ് ഉൽപ്പന്നങ്ങൾ. കഴിഞ്ഞ നാല് വർഷങ്ങളായി ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും ഇന്ത്യ മുഴുവനും വിദേശ രാജ്യങ്ങളിലുമായി ഉൽപ്പന്നങ്ങൾ എത്തിച്ചുകൊണ്ടിരിക്കുന്നു. കതിർക്കുല നിർമ്മാണത്തിന് ആവശ്യമായ നെൽകൃഷി ഏകദേശം 4 ഏക്കർ ഭൂമിയിൽ നടത്തി വരുന്നു. ഇതോടൊപ്പം 10 വനിതകൾക്ക് സ്ഥിരമായ തൊഴിൽ അവസരവും സാമ്പത്തിക സ്വാതന്ത്ര്യവും ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. വീട്ടമ്മമാരെയും ഗ്രാമീണ വനിതകളെയും കൈത്തറി മേഖലയിൽ പരിശീലിപ്പിച്ച് സ്വയം തൊഴിലിലേക്ക് നയിക്കാനുള്ള ശ്രമങ്ങൾ തുടർന്നു കൊണ്ടിരിക്കുന്നു. പാരമ്പര്യ കലകളെ ആധുനിക ഹോം ഡെക്കർ ആശയങ്ങളുമായി സമന്വയിപ്പിച്ച് പുതിയ തലമുറയിലേക്ക് എത്തിക്കുകയാണ് പ്രഥമ ലക്ഷ്യം. കേരളത്തിന്റെ സാംസ്കാരിക പൈതൃകം പരിരക്ഷിക്കുന്നതോടൊപ്പം കൂടുതൽ വനിതകൾക്ക് തൊഴിൽ അവസരങ്ങൾ ഒരുക്കാനും, കൈത്തറി ഉൽപ്പന്നങ്ങളെ ദേശീയ-അന്തർദേശീയ വേദികളിൽ അഭിമാനകരമായി അവതരിപ്പിക്കാനും സാധിച്ചിട്ടുണ്ട്. കഠിനാധ്വാനം, ആത്മവിശ്വാസം, പൈതൃക സംരക്ഷണം, സ്ത്രീ ശാക്തീകരണം എന്നിവ ഉൾക്കൊണ്ട് മുന്നേറുന്നു.

### അഡ്വ. എസ്.കെ. സുരേഷ്

തിരുവനന്തപുരം കിളിമാനൂർ പോങ്ങനാട് സ്വദേശി. 1983ൽ കൃഷിവകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. തിരുവനന്തപുരം ജില്ലാ പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസറായിരിക്കെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി. കൂടാതെ കൃഷിവകുപ്പിന്റെ കീഴിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടറായിരിക്കുവാനും അവസരം ലഭിച്ചിട്ടുണ്ട്. ഇപ്പോൾ തിരുവനന്തപുരം കോടതികളിൽ അഡ്വക്കേറ്റായി പ്രാക്ടീസ് ചെയ്യുന്നു. നിലവിൽ കന്യാകുമാരിയിലെ ജോയ് യൂണിവേഴ്സിറ്റിയിൽ മാനേജ്മെന്റ് പഠനത്തിൽ ഗവേഷണം നടത്തുന്നു. വിവിധ പുസ്തകങ്ങൾ വിദ്യാർത്ഥികൾക്കുവേണ്ടി കാർഷിക ക്വിസ് ഉൾപ്പെടെ നിരവധി കാർഷിക ഗ്രന്ഥങ്ങളും തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കർഷകമിത്ര, എം.പി. അപ്പൻ പുരസ്കാരം, പുനലൂർ ബാലൻ സ്മാരക പ്രതിഭാ പുരസ്കാരം, സാഹിത്യശ്രേഷ്ഠ പുരസ്കാരം, കർഷകദീപ്തി, എന്നിങ്ങനെ നിരവധി അംഗീകാരങ്ങൾക്ക് അർഹനായിട്ടുണ്ട്. ഇപ്പോൾ സാമൂഹിക-സാംസ്കാരിക കാർഷിക മേഖലകളിൽ സജീവമായി പ്രവർത്തിച്ചുവരുന്നു. ജീവചരിത്ര അക്കാഡമിയുടെ ജനറൽ സെക്രട്ടറിയാണ്.

### ശശികുമാർ.ടി.പി

മലപ്പുറം ഇടപ്പാൾ സ്വദേശി. ആർട്ടിസ്റ്റ് (പരസ്യ ചിത്രകലാമേഖല),. ഗായകൻ, അഭിനേതാവ്, ബ്ലോക്ക്പഞ്ചായത്ത് ഓഫീസിൽ ഇലക്ട്രിക്കൽ വർക്കർ, ജനകീയാ സൂത്രണം പദ്ധതി റിസോഴ്സ് പേഴ്സൺ. സാമൂഹ്യ സേവന രംഗത്ത് 30 വർഷത്തിലധികമായി സജീവം. പ്രദേശത്തെ ജനക്ഷേമകാര്യങ്ങളിൽ സന്നദ്ധ സംഘടനകളും ആയി ചേർന്ന് കാലങ്ങളായി പ്രവർത്തിക്കുന്നു. ജീവകാരുണ്യ വിഷയങ്ങളിൽ ആളുകൾക്ക് ആശുപത്രി കാര്യങ്ങളിൽ സഹായങ്ങൾ നൽകുകയും നിരവധി തവണ രക്തദാനം നൽകുകയും ചെയ്തിട്ടുണ്ട്. ജനങ്ങളെ സഹായിക്കുന്ന നിലയിലുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു. പ്രളയ-കോവിഡ് കാലഘട്ടങ്ങളിൽ മികച്ച നിലയിൽ ജനസേവന പ്രവർത്തനങ്ങൾ നടത്തി. കലാസാംസ്കാരിക രംഗത്തും സജീവമാണ്. എടപ്പാളിൽ ഭാവന ആർട്സ് എന്ന സ്ഥാപനം നടത്തി പരസ്യ- ചിത്രകലരംഗത്ത് നിരവധി വർക്കുകൾ ചെയ്തിട്ടുണ്ട്. സിനിമകളിൽ കലാ സംവിധാന രംഗത്ത് സഹായിയായി പ്രവർത്തിച്ചു. സാഗ് എടപ്പാൾ, ഗുരുവായൂർ ഡ്രീംസ് തൃശ്ശൂർ കലാ കൈരളി തുടങ്ങിയ മിമിക്സ് ട്രൂപ്പുകളിൽ ഗായകനായിരുന്നു. എടപ്പാൾ ഗ്രാമപഞ്ചായത്ത് മെമ്പർ ആയി ജനങ്ങൾക്കായി സർക്കാർ മേഖലയിൽ നിന്നുള്ള ആനുകൂല്യങ്ങൾ കൃത്യമായി എത്തിച്ചു കൊടുത്തു. പൊന്നാനി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ എസ് സി പ്രമോട്ടർ ആയി എടപ്പാൾ പഞ്ചായത്തിലെ എസ് സി വിഭാഗങ്ങൾക്ക് അർഹതപ്പെട്ട നിരവധി ആനുകൂല്യങ്ങൾ, ഭവന നിർമ്മാണത്തിലും ചികിത്സാരംഗത്തും വിദ്യാഭ്യാസ രംഗത്തും അവർക്ക് ലഭിക്കുന്നതിന് ആവശ്യമായ പ്രവർത്തനം നടത്തി അർഹരെ കണ്ടെത്തി ആനുകൂല്യങ്ങൾ വാങ്ങി കൊടുക്കുന്നതിന് കാര്യമായി പ്രവർത്തിച്ചു. ഇതിന്റെ ഭാഗമായി മികച്ച എസ്, സി പ്രമോട്ടർ പ്രവർത്തനത്തിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് പുരസ്കാരം ലഭിച്ചു. കേരള പരസ്യ കലാസമിതിയുടെ സംസ്ഥാന ജോയിന്റ് സെക്രട്ടറിയും, വെറുർ എ യു പി സ്കൂളിൽ പി ടി എ വൈസ് പ്രസിഡന്റും ആണ്. ഗ്രാമപഞ്ചായത്ത് വർഷംതോറും നടത്തുന്ന ഓണാഘോഷ പരിപാടിയിൽ സ്റ്റിൽ മോഡൽ നിർമ്മാണ നേതൃത്വം ഏറ്റെടുത്തു നടത്തുന്നു. മയക്കുമരുന്നിനെതിരെ ബോധവൽക്കരണ ഷോട്ട് ഫിലിം അഭിനയത്തിന് പുരസ്കാരം, മികച്ച എസ്. സി പ്രൊമോട്ടോർ സേവനത്തിന് പുരസ്കാരം തുടങ്ങി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

### സുധീർ കെ എം

കണ്ണൂർ പയ്യന്നൂർ സ്വദേശി. കഥകളി, ചെണ്ട,, ഇടയ്ക്ക തുടങ്ങിയവയിൽ പ്രാവണ്യം നേടിയിട്ടുണ്ട്. സ്കൂൾ മേളകളിൽ ചെണ്ടയിലും കഥകളി വേഷത്തിലും നിറഞ്ഞുനിന്നു. എട്ടാം ക്ലാസ് മുതൽ പയ്യന്നൂർ പഞ്ചവാദ്യ സംഘത്തിനൊപ്പം പ്രൊഫഷണൽ വാദ്യരംഗത്തെ പ്രതിഭയായി. നിരവധി കുട്ടികളെയും മുതിർന്നവരെയും ആൺ, പെൺ ഭേദമേന്യ ചെണ്ട പരിശീലിപ്പിച്ചു. തളിപ്പറമ്പ ശ്രീ രാജരാജേശ്വര കോട്ടും പുറത്തു വെച്ച് വാദ്യാചാര്യ ബഹുമതിയും പട്ടും വളയും ലഭിച്ചു. കേരളത്തിനകത്തും ഗൾഫ് രാജ്യങ്ങൾ, റഷ്യ, ഫ്രാൻസ് തുടങ്ങി വേദികളിലും മേളവും പഞ്ചവാദ്യവും അവതരിപ്പിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. പയ്യന്നൂർ പഞ്ചവാദ്യസംഘം സെക്രട്ടറി, ക്ഷേത്ര വാദ്യകലാ അക്കാദമി പയ്യന്നൂർ മേഖല സെക്രട്ടറി, പ്രസിഡന്റ്, ,ജില്ലാ ഭാരവാഹി, ക്ഷേമകാര്യ സമിതി ഭാരവാഹി എന്നീ നിലകളിലും പ്രവർത്തനം നടത്തിയിട്ടുണ്ട്. തളിപ്പറമ്പ ശ്രീരാജരാജേശ്വര ക്ഷേത്രം വാദ്യാചാര്യ സ്ഥാനപ്പേരും പട്ടുംവളയും (2009), രാജാരവിവർമ്മ പുരസ്കാരം, ഡൽഹി പഞ്ചവാദ്യ ട്രസ്റ്റ് പുരസ്കാരം (2019) യുവപ്രതിഭ പുരസ്കാരം, തുടങ്ങി ഒട്ടേറെ ആദരവുകൾ ലഭിച്ചിട്ടുണ്ട്. കൃഷിയിൽ തല്പരനാണ്. തെങ്ങുകയറ്റം, കമുക് കയറ്റം, റബർടാപ്പിങ്, മെഷീൻ ഉപയോഗിച്ച് കാടു വെട്ടൽ, മരംമുറിക്കൽ തുടങ്ങിയവയിലും കഴിവുണ്ട്.

### സ്മിതാ എസ് നായർ

പത്തനംതിട്ട ഐരൂർ സ്വദേശി. ശാരീരിക വ്യായാമങ്ങൾക്ക് അതീതമായി യോഗയുടെ ആത്മീയവും അനുഭവാത്മകവുമായ സത്തയെ അറിയുവാനും ആചരിക്കുവാനും നിരന്തരം ശ്രമിച്ചു വരുന്നു. വിവിധ ആശ്രമങ്ങളിലെയും സർവകലാശാലകളിലെയും പഠനാനുഭവങ്ങളിലൂടെ യോഗയെ ഒരു സമഗ്ര ജീവിതദർശനമായി സമീപിക്കുന്നു. വർഷങ്ങളായി യോഗാ അദ്ധ്യാപിക എന്ന റോളിൽ പ്രവർത്തിക്കുന്നു. എസ് ആർ സി - പത്തനംതിട്ട നടത്തുന്ന യോഗാ ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സിന്റെ അക്കാഡമിക് കോ- ഓർഡിനേറ്ററാണ്. ജി എ ഡി റാന്നി അങ്ങാടിയിൽ യോഗാ ഇൻസ്ട്രക്ടറായും സേവനം അനുഷ്ഠിക്കുന്നു. വിവിധ സർക്കാർ സ്ഥാപനങ്ങളിൽ യോഗ പരിശീലക, യോഗാ തെറാപ്പിസ്റ്റ്, യോഗാ കൗൺസിലർ, തുടങ്ങിയ സേവനങ്ങളും ചെയ്തുവരുന്നു. പ്രണതി സ്കൂൾ ഓഫ് യോഗ വെള്ളിയറയുടെ ഡയറക്ടറായി സേവനം അനുഷ്ഠിക്കുന്നു. നാഷണൽ - സ്റ്റേറ്റ് യോഗാ റെഫറി ആണ്. യോഗയുടെ ആരോഗ്യപരവും ആത്മീയവുമായ വിഷയങ്ങളിൽ പ്രഭാഷണങ്ങൾ നടത്തുന്നു യോഗം, ആത്മീയത, ആരോഗ്യബോധം, ആത്മവിദ്യ എന്നിവയുമായി ബന്ധപ്പെട്ട ലേഖനങ്ങളും പഠനങ്ങളും തയ്യാറാക്കിയിട്ടുണ്ട്. NSS പ്രാദേശിക യൂണിയൻ- യോഗാ തെറാപ്പി രംഗത്തെ അംഗീകാരം. യുവത സ്കൂൾ ഓഫ് യോഗ കോട്ടയത്തിന്റെ എക്സലൻസി അവാർഡ്. ചടട തിരുവല്ല താലൂക്ക് യൂണിയൻ Limca Book of Award. റാന്നി പുല്ലുപ്രം ജെറിയാട്രിക് കൂട്ടായ്മ മികച്ച യോഗാ അദ്ധ്യാപികയ്ക്കുള്ള സ്വർണ്ണമോതിരവും ആദരവും. ആദിമുനി യോഗ കേന്ദ്രവും സ്വരയോഗ സംഘടനയും ചേർന്ന് നൽകിയ ‘യോഗാചര്യ പുരസ്കാരം’ തുടങ്ങിയവ ലഭിച്ചിട്ടുണ്ട്. സമൂഹത്തിലെ വിവിധ പ്രായവിഭാഗങ്ങളിലേക്കും യോഗയുടെ ആരോഗ്യപരവും ആത്മീയവുമായ മൂല്യങ്ങൾ എത്തിക്കുന്നതിനായി ആത്മാർത്ഥമായി പ്രവർത്തിച്ചു വരുന്നു.


എം.ടി. ശങ്കരൻകുട്ടി


എം.എ റഹീം


മഹേന്ദ്രൻ ആചാരി. R


എം.ആർ. അരവിന്ദൻ


ബബിൽനാഥ് പി. ജി (ബബിൽനാഥ് മണലൂർ)


വി.ഡി. രാജേഷ്

### എം.ടി. ശങ്കരൻകുട്ടി

പാലക്കാട് മേലൂർ സ്വദേശി. ഇന്ത്യൻ ആർമിയിൽ 26 വർഷം സേവനം അനുഷ്ഠിച്ചുകൊണ്ട് നായിക് സുബേദാർ ആയി റിട്ടേർഡ് ചെയ്തു. ഇപ്പോൾ Govt of India Undertaking ൽ ഉള്ള പൊതുമേഖലാസ്ഥാപനമായ Govt India Ltd ൽ ജോലി ചെയ്യുന്നു. ആത്മീയ ആചാര്യനും പ്രഭാഷകനും സോപാന സംഗീത കലാകാരനുമാണ്. Defence Research Development Organisation ൽ 5 വർഷം മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൽ കലാമിന്റെ കൂടെ സേവനം അനുഷ്ഠിക്കാൻ കഴിഞ്ഞിട്ടുണ്ട്. റിട്ടേയർമെന്റിന് ശേഷം തന്റെ സ്വന്തം നാട്ടിലെ സ്ക്കൂൾ കെട്ടിടങ്ങൾ നവീകരിക്കുന്നതിലും പരിഷ്കരിക്കുന്നതിലും പ്രധാന പങ്ക് വഹിച്ചു. സോപാന സംഗീതത്തിൽ ഗിന്നസ് വേൾഡ് റിക്കാഡും ബഹുവിധ പുരസ്ക്കാരങ്ങളും നേടി. ആത്മീയ പ്രഭാഷകൻ എന്ന നിലക്ക് അനവധി പുരസ്ക്കാരങ്ങളും ഈ വർഷത്തെ ‘സൂര്യയാഗ’ പുരസ്ക്കാരവും ലഭിച്ചു.

### എം.എ റഹീം

തിരുവനന്തപുരം ബാലരാമപുരം സ്വദേശി. കേരള വ്യാപാരി വ്യവസായി സമിതി തിരു. ജില്ലാ സെക്രട്ടറിയായി 13 വർഷവും സംസ്ഥാന സെക്രട്ടറി, സംസ്ഥാന പ്രസിഡന്റ് എന്നീ നിലകളിൽ വിവിധ കാലഘട്ടങ്ങളിൽ 25 വർഷവും പ്രവർത്തിച്ചു. വ്യാപാരി സമൂഹത്തിന് ജാമ്യമില്ലാ വകുപ്പ് അനുസരിച്ച് വായ്പ ലഭ്യമാക്കാനും പെൻഷൻ പദ്ധതി നടപ്പിലാക്കുവാനും ശ്രമിച്ചു. ഉമ്മൻചാണ്ടി, വി.എസ്. അച്യുതാനന്ദൻ മന്ത്രിസഭാ കാലയളവിൽ രണ്ട് തവണ ക്ഷേമബോർഡ് അംഗമായിരുന്നു. മാധ്യമ പ്രവർത്തകൻ കൂടിയായ റഹീം വ്യാപാരി വ്യവസായികളുടെ സാർവ്വത്രിക ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി പതിറ്റാണ്ട് കഠിനാദ്ധ്വാനം ചെയ്തു വരുന്നു തിരു. ബാലരാമപുരത്തുനിന്നും പ്രസിദ്ധീകരിക്കുന്ന ‘ശബ്ദതരംഗം’ എന്ന വ്യാപാരി വ്യവസായി സാമൂഹിക വാർത്താ മാസികയുടെ ചീഫ് എഡിറ്ററാണ്. ചരിത്ര പ്രാധാന്യമുള്ള തിരുവനന്തപുരം ബാലരാമപുരം എന്ന ദേശത്ത് ഒരു പുരാതന മുസ്ലീം തറവാട്ടിൽ ജനിച്ച റഹീം നാട്ടിനും നാട്ടാർക്കും തന്റെ ജീവിതത്തിന്റെ സാർവ്വത്രികമായ സമയവും കഴിവും സാമൂഹ്യക്ഷേമത്തിനും ജനാഭിവൃദ്ധിക്കും മാറ്റിവച്ച് കൊണ്ട് സാമൂഹ്യ സേവനരംഗത്ത് നിലനിൽക്കുന്നു.

### മഹേന്ദ്രൻ ആചാരി. R

തിരുവനന്തപുരം പോത്തൻകോട് സ്വദേശി. 18 വയസ്സ് മുതൽ രക്തദാനം നടത്തി വരുന്നു ആദ്യകാലങ്ങളിൽ ആറുമാസത്തിലൊരിക്കലാണ് രക്തദാനം നടത്തുന്നത് അതിനുശേഷം മൂന്നു മാസത്തിൽ ഒരിക്കൽ രക്തദാനം നടത്തിവരുന്നു കേരള പോലീസിന്റെ Pol blood വഴിയും, കേരള ആരോഗ്യവകുപ്പിന്റെ ബ്ലഡ് ബാങ്ക് വഴിയും രക്തദാന ക്യാമ്പ് വഴിയും കൂടാതെ blood donates Kerala. ചാരിറ്റി സൊസൈറ്റി വഴിയുമാണ്. പ്രധാനമായും രക്തദാനം നടത്തുന്നത്. തിരുവനന്തപുരം ജില്ലയിലെ വ്യത്യസ്തമായ പല ഹോസ്പിറ്റലിലും സേവനം നൽകി വരുന്നു. ക്ഷേത്ര സംരക്ഷണ സമിതിയിലും, തമിഴ് വിശ്വകർമ്മ സമൂഹം എന്ന സംഘടനയിലും പ്രവർത്തിക്കുന്നു. വിശ്വകർമ്മ മാട്രിമോണി എന്ന ഒരു വാട്സ്ആപ്പ് കൂട്ടായ്മ ആരംഭിച്ചു. സംസ്ഥാനതലത്തിൽ അതിന്റെ പ്രവർത്തനം നടത്തിവരുന്നു. ഈ പ്രവർത്തനം തികച്ചും സൗജന്യ സേവനമായാണ് നടത്തുന്നത്. മോഹൻലാൽ ഫാൻസ് അസോസിയേഷൻ വെൽഫയർ സംഘം എന്നൊരു സംഘടന ക്ലബ്ബ് രൂപീകരിച്ച് അതുവഴി നിർധരയായ രോഗികളെ സഹായിക്കൽ, രക്തദാന ക്യാമ്പ്, സ്നേഹ പൊതിച്ചോറ് വിതരണം എന്നീ സാമൂഹ്യസേവന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. നാല് സ്കൂളുകളിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകുന്നു. നിരവധി സാമൂഹ്യ പ്രവർത്തനങ്ങളിൽ ഭാഗമാകുവാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ സാമൂഹ്യ സംഘടനകൾ, കേരള ആരോഗ്യ വകുപ്പ്, മറ്റ് സന്നദ്ധ സംഘടനകൾ ആൾ കേരള വിശ്വകർമ്മ സമൂഹം മറ്റ് സമൂഹത്തിലെ സംഘടനകൾ വ്യക്തികൾ ധാരാളം പുരസ്കാരങ്ങളും അനുമോദനങ്ങളും ലഭിച്ചിട്ടുണ്ട്.

### എം.ആർ. അരവിന്ദൻ

കൊല്ലം ചവറ സ്വദേശി. 1977 മുതൽ കരടികളിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. കരടിയായും വേട്ടക്കാരനായും വേഷമിടുകയും പാട്ടുകൾ പാടുകയും ചെയ്തിട്ടുണ്ട്. പാഠശേഖരങ്ങളിൽ (കറ്റമെതിക്കുന്ന ഇടം) നിന്നാണ് കരടികളിയുടെ ഉത്ഭവം എന്ന് കരുതപ്പെടുന്നു. എൺപതുകൾ മുതൽ സ്വന്തമായി കരടിപ്പാട്ടുകൾ എഴുതിത്തുടങ്ങി. നിലവിൽ ഇരുപത്തിയഞ്ചിൽപ്പരം പാട്ടുകൾ രചിക്കുകയും ചിട്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അന്യം നിന്നുപോകുന്ന കരടികളി, വില്ലടിച്ചാംപാട്ട് തുടങ്ങിയ കലാരൂപങ്ങളെ പുനരുജ്ജീവിപ്പിക്കാൻ ‘പന്മന മിത്രം നാട്ടുകൂട്ടം’ എന്ന സംഘടനയ്ക്ക് രൂപം നൽകി. സ്കൂൾ കുട്ടികൾക്ക് കരടികളിയും പാട്ടും പഠിപ്പിക്കുന്നു. സ്കൂൾ തലം മുതൽ നാടകങ്ങളിൽ അഭിനയിച്ചു തുടങ്ങിയിരുന്നു. വിവിധ നാടകസമിതികളുടെ നാടകങ്ങളിൽ അഭിനയിക്കുകയും നാടകഗാനങ്ങൾ രചിക്കുകയും ചെയ്തു. സ്കൂൾ കുട്ടികൾക്കായി നിരവധി നാടകങ്ങൾ എഴുതുകയും സംവിധാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഷോർട്ട് ഫിലിമുകൾക്കുവേണ്ടി കഥ എഴുതുകയും അഭിനയിക്കുകയും ചെയ്തു. കരടികളിയിൽ നിന്നുള്ള വരുമാനം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നത്. കെ.പി.സി.സി സംസ്കാരസാഹിതിയുടെ ചവറ അസംബ്ലി മണ്ഡലം എക്സിക്യൂട്ടീവ് അംഗവും പന്മന മണ്ഡലം ചെയർമാനുമാണ്. ‘സ്നേഹക്കൂട്ടം വടക്കുംതല’, ‘ദർശന കലാവേദി’, ‘ഫ്രണ്ട്സ് തരംഗം’ എന്നീ സംഘടനകളുമായി ചേർന്ന് ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും നടത്തുന്നു. ജലസ്രോതസ്സുകൾ വൃത്തിയാക്കുക, മാലിന്യ നിർമ്മാർജ്ജനം, ജൈവകൃഷി പ്രോത്സാഹനം, പരിസര ശുചീകരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ പഞ്ചായത്ത് കമ്മിറ്റികളുമായി ചേർന്ന് പ്രവർത്തിക്കുന്നു. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുക, വെളിച്ചമില്ലാത്ത ഇടങ്ങളിൽ ലൈറ്റുകൾ സ്ഥാപിക്കുക, ജലക്ഷാമമുള്ള പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുക, അഭയകേന്ദ്രങ്ങൾ സന്ദർശിച്ച് സഹായങ്ങൾ നൽകുക തുടങ്ങിയ പരിപാടികളിൽ സജീവമാണ്. ഫ്രണ്ട്സ് തരംഗം തുടങ്ങി വിവിധ ഗ്രന്ഥശാലകൾ, സാംസ്കാരിക സംഘടനകളിൽ നിന്നും പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഫ്രണ്ട്സ് തരംഗത്തിൽ ഇപ്പോൾ സജീവമായി പ്രവർത്തിച്ചു വരുന്നു.

### ബബിൽനാഥ് പി. ജി (ബബിൽനാഥ് മണലൂർ)

തൃശ്ശൂർ മണലൂർ സ്വദേശി. അധ്യാപകൻ, കലാകാരൻ ‘ ബബിൽനാഥ് മണലൂർ’ എന്ന പേരിൽ അറിയപ്പെടുന്നു. തൃശ്ശൂർ നാട്ടിക എസ്.എൻ ട്രസ്റ്റ് ഹയർ സെക്കൻഡറി സ്കൂളിലെ (SNTrust HSSNattika) ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകനായി അദ്ദേഹം സേവനമനുഷ്ഠിക്കുന്നു. സ്പോർട്സിലൂടെയും അച്ചടക്കത്തിലൂടെയും യുവതലമുറയെ വാർത്തെടുക്കാൻ മുൻകൈ എടുക്കുന്നു. കേരളത്തിന്റെ പരമ്പരാഗത കലാരൂപങ്ങളുടെ ഒരു മികച്ച പെർഫോമർ കൂടിയാണ്. ജനങ്ങളെ ഹാസ്യത്തിലൂടെയും കഥാവിഷ്കാരത്തിലൂടെയും ആകർഷിക്കുന്ന ഓട്ടൻതുള്ളൽ കലാകാരനുമാണ്. കേരളത്തിന്റെ തനത് വാദ്യോപകരണങ്ങളായ മൃദംഗം, ഇടയ്ക്ക എന്നിവയിലും പ്രാവീണ്യം തെളിയിച്ചിട്ടുണ്ട്. സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്നു. ജില്ലയിലെ ഗുസ്തി, മാർഷ്യൽ ആർട്സ് എന്നിവയുടെ വികസനത്തിനായി വലിയ സംഭാവനകളാണ് നൽകുന്നത്. ജൂഡോയിൽ (Judo) സ്പെഷ്യലിസ്റ്റാണ്. ഒട്ടനവധി കായികതാരങ്ങൾക്ക് ധൈര്യത്തിന്റെയും ലക്ഷ്യബോധത്തിന്റെയും പാഠങ്ങൾ പകർന്നുനൽകുന്ന മികച്ചൊരു മെന്റർ കൂടിയാണ്. നേതൃപാടവത്തിനും സേവനത്തിനുമുള്ള അംഗീകാരമായി മുൻ ഇന്ത്യൻ രാഷ്ട്രപതി ഡോ. എ. പി. ജെ. അബ്ദുൽ കലാമിൽ നിന്നും അദ്ദേഹം ‘പ്രസിഡന്റ് സ്കൗട്ട് അവാർഡ്’ ഏറ്റുവാങ്ങിയിട്ടുണ്ട്. കോവിഡ് കാലത്തെ ഓൺലൈൻ പഠന ബുദ്ധിമുട്ടുകൾക്കിടയിൽ വിദ്യാർത്ഥികൾക്ക് മാനസിക പിന്തുണയുമായി ഒപ്പം നിന്നു. സൈക്കിളിൽ സഞ്ചരിച്ച് കുട്ടികളുടെ വീടുകളിൽ നേരിട്ടെത്തി അവരെ പ്രചോദിപ്പിച്ചിരുന്നു.

### വി.ഡി. രാജേഷ്

കൊച്ചി സ്വദേശി. കഴിഞ്ഞ 30 വർഷമായി സ്റ്റേജ് & ഡക്കറേഷൻ നിർമ്മാണ മേഖലയിൽ പ്രശസ്തമായ രീതിയിൽ പ്രവർത്തിക്കുന്നു. ആധുനികതയും പരിഷ്കാരങ്ങളും ചേർത്തിണക്കിക്കൊണ്ട് പുതിയ ഒരു ദിശയിലേക്ക് പന്തൽ നിർമ്മാണശൈലിയെ മാറ്റിയെടുത്തു. പ്രശസ്ത ക്ഷേത്രങ്ങൾ, പള്ളികൾ, കല്യാണപന്തലുകൾ, രാഷ്ട്രീയ സാമുദായിക സംഘടനകളുടെ വിവിധ കലാപരിപാടികൾക്കുള്ള സ്റ്റേജ് അലങ്കാരങ്ങൾ എന്നിവയിലെല്ലാം വ്യത്യസ്തങ്ങളായ പരീക്ഷണങ്ങളിലൂടെ കണ്ണുകൾക്ക് ദൃശ്യ വിസ്മയം തീർത്തതിന് ഒട്ടേറെ അംഗീകാരങ്ങളും ആദരവുകളും ലഭിച്ചുകൊണ്ടിരിക്കുന്നു. സംരംഭത്തിന്റെ വളർച്ചയിൽ പങ്കാളികളായ 14 കുടുംബങ്ങൾക്കും അനുബന്ധ മേഖല നവീകരിക്കുന്ന 100 ലധികം തൊഴിലാളികൾക്കും തൊഴിൽ നൽകാൻ കഴിയുന്നു. വർഷങ്ങളായി അച്ഛൻ നൽകിയ 70 രൂപ കൂലിയിൽ നിന്നും 20 മിച്ചം സംഭരിച്ചുകൊണ്ട് 5 തൊഴിലാളികളുമായി അന്ന് തുടങ്ങിയ സംരംഭം ഇന്ന് നിരവധി കുടുംബങ്ങളുടെ ആശയവും ജീവിതമാർഗമായും മാറിയിരിക്കുന്നു. കൊച്ചിയിലെ പള്ളുരുത്തി ശ്രീഭവാനീശ്വര ക്ഷേത്രത്തിൽ തുടർച്ചയായ 25 വർഷമായി പന്തൽ ഡെക്കറേഷൻ ചെയ്തുവരുന്നു. ഉള്ളുരുത്തി എസ്.എൻ. ക്ലബ് ലൈഫ് ടൈം മെമ്പർഷിപ്പോടെ സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളിലും സജീവമാണ്. സാംസ്കാരിക മേഖലകളിൽ നിന്നും നിരവധി പുരസ്ക്കാരത്തിന് അർഹനായി.. കൊച്ചിൻ സാഹിത്യ അക്കാദമിയുടെ സ്റ്റേറ്റ് കമ്മിറ്റി മെമ്പറും എറണാകുളം ജില്ലാ പ്രസിഡന്റുമാണ്.

# 'ഭാരത് സേവക്' ബഹുമതി നൽകി ആദരിച്ചു

'ഭാരത് സേവക്' ബഹുമതികൾ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു




ഡോ. അനാർക്കലി ഉണ്ണി




അജയകുമാരൻ നായർ




പ്രമോദ് കുഴിമതിക്കാട്

## ഡോ. അനാർക്കലി ഉണ്ണി

എറണാകുളം പിടവൂർ സ്വദേശിനി. സാമൂഹിക സേവനത്തിലും വനിതാശാക്തീകരണ രംഗത്തും മാതൃക. സാമൂഹിക പ്രതിബദ്ധതയും നേതൃത്വപാടവവും കൈകോർത്ത സേവനങ്ങളിലൂടെ സമൂഹത്തിൽ വലിയ സ്വാധീനം സൃഷ്ടിക്കുന്നു. വനിതകളെ ഉൾപ്പെടുത്തി രൂപീകരിച്ച സ്വയംതൊഴിൽ സംരംഭക സംഘം വഴി നിരവധി കുടുംബങ്ങൾക്ക് സ്വയംപര്യാപ്തത കൈവരിക്കാൻ അവസരം സൃഷ്ടിച്ചു. സ്ത്രീകളുടെ ആത്മവിശ്വാസവും സാമൂഹിക നിലയും ഉയർത്തുന്നതിൽ ഏറെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ചെയ്തു. നാട്ടിലെ പ്രമുഖരെയും സാമൂഹിക പ്രവർത്തകരെയും ചേർത്ത് നിർത്തികൊണ്ട് സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് സാധാരണ ജനങ്ങൾക്ക് ആരോഗ്യപരമായ സഹായങ്ങളും നൽകി വരുന്നു. സി.എച്ച്.ആർ. എച്ച്.ആർ.പി.എം സംഘടനയുടെ സ്റ്റേറ്റ് വൈസ് പ്രസിഡന്റും ഐഎംഎച്ച്ആർ സംഘടനയുടെ നാഷണൽ സെക്രട്ടിയുമാണ്. രാജകുമാരി എൻ.എസ്സ്.എസ്സ് കോളേജിൽ 3 വർഷം പിടിഎ പ്രസിഡന്റ് ആയി സേവനം അനുഷ്ഠിച്ചു. മികച്ച സംഘാടക, മികച്ച സാമൂഹിക പ്രവർത്തക, മികച്ച വുമൺ എന്റർപ്രണർ, മികച്ച പാചക വിദഗ്ധ എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾക്ക്. നിരവധി പുരസ്ക്കാരങ്ങളും അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്.

## അജയകുമാരൻ നായർ

തിരുവനന്തപുരം പേയാട് സ്വദേശി. 41 വർഷക്കാലമായി നൃത്തം അഭ്യസിക്കുന്നതിനോടൊപ്പം വിവിധ ശാഖകളെ സംബന്ധിച്ച ശാസ്ത്രീയപഠനവും, നൃത്തക്ലാസും നടത്തിവരുന്നു. വിശ്വ പ്രസിദ്ധ നർത്തകനും കേരളനടനം എന്ന നടനകലയുടെ ഉപജ്ഞാതവുമായ ശ്രീ ഗുരുഗോപിനാഥിന്റ ശിക്ഷണത്തിൽ അദ്ദേഹം തന്നെ സ്ഥാപിച്ച വിശ്വകല കേന്ദ്രത്തിൽ നാല് വർഷത്തിലേറെ കേരളനടനം അഭ്യസിക്കുകയും ഈ കാലയളവിൽ തന്നെ അദ്ദേഹത്തോടൊപ്പം നിരവധി സ്റ്റേജുകളിൽ നൃത്തപരിപാടികൾ അവതരിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. നൃത്തകലയിലെ വിവിധ ശാഖകളെ സംബന്ധിച്ച് ശാസ്ത്രീയ പഠനവും, സംസ്കൃത ഭാഷയും പഠിച്ചു. കൊടുങ്ങല്ലൂർ സ്ഥാപിച്ചിരുന്ന നൃത്താദ്ധ്യാപാന സ്ഥാപനത്തിന്റെയും കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാൻ സ്മാരക സമിതിയുടെ ആഭിമുഖ്യത്തിൽ 2000- ത്തിൽ സംഘടിപ്പിച്ച നൃത്ത നാട്യ ശാസ്ത്രീയ ശില്പശാലയിൽ പ്രഗത്ഭരായ നർത്തകർക്കൊപ്പം പങ്കെടുക്കാനും ക്ലാസുകൾ എടുക്കാനും സാധിച്ചു. കേരള നടനത്തിന് പുറമേ ഭരതനാട്യം മോഹിനിയാട്ടം കുച്ചുപ്പുടി നാടോടി നൃത്തം എന്നിവയിലും പരിശീലനം നേടുകയും വിവിധ വേദികളിൽ അവതരിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. കഥകളിയിലെ ദക്ഷയാഗം, കിരാതം, കല്യാണസൗഗന്ധികം എന്നീ കഥകൾ ചുരുക്കി ഏകാംഗമായി അവതരിപ്പിച്ചു. രാമായണം മഹാഭാരതം എന്നീ കഥകളെ സംഘമായി അവതരിപ്പിച്ചും പ്രേക്ഷകരുടെ പ്രശംസകൾ നേടിയിട്ടുണ്ട്. സർക്കാരിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സ്കൂൾ കലോത്സവങ്ങളിൽ കേരള നടനത്തിന്റെ വിധികർത്താവാകാൻ അവസരം ലഭിച്ചിട്ടുണ്ട്. കേരളീയ കലാ പുരസ്കാരം, രാജിനാരായണൻ നൃത്ത അധ്യാപക പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട് ഭാവശ്രീ നടന കേന്ദ്രം എന്ന നൃത്ത സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ ആണ്. ഇവിടെ കുട്ടികളെ പരിശിലിപ്പിക്കുന്നു. ശ്രീ ഗുരുഗോപി നാഥ് സ്ഥാപിച്ച വിശ്വകലാകേന്ദ്രത്തിന്റെ എല്ലാ സംരംഭങ്ങളിലും സജീവസാന്നിധ്യം ഉണ്ട് .കേരള നടനം തനതുശൈലിയിൽ പുതിയ തലമുറകൾക്ക് പകർന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിച്ചു വരുന്നു.

## പ്രമോദ് കുഴിമതിക്കാട്

കൊല്ലം കുണ്ടറ സ്വദേശി. കവി, അധ്യാപകൻ ഗ്രന്ഥശാല, സാംസ്കാരിക പ്രവർത്തകൻ. വിവിധ ആനുകാലികങ്ങളിൽ കവിതകളും ലേഖനങ്ങളും എഴുതി വരുന്നു. കവിതാസമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2024 വർക്കല സബ്ജില്ലാ സ്കൂൾ കലോത്സവത്തിന് സ്വാഗത ഗാനം എഴുതി. ദേശബന്ധു വായനശാല പി കെ പി കവല കുണ്ടറയുടെ മുൻ സെക്രട്ടറി ഇപ്പോൾ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവുമാണ്. ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് വർക്കല ലോക്കൽ സെക്രട്ടറി, പൂർവവിദ്യാർഥി സംഘടന കുഴിമതിക്കാട് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, കാവേരി കുടിവെള്ള ശുചിത്വ സമിതി കുഴിമതിക്കാടിന്റെ പ്രസിഡന്റ്,കൊല്ലം എഴുത്തു കൂട്ടം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, ഫൈൻ ആർട്സ് സൊസൈറ്റി കുണ്ടറ, ഫ്രണ്ട്സ് തരംഗം സാഹിത്യ കലാസാംസ്കാരിക സമിതി ചവറ. അനശ്വര ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ് കുഴിമതിക്കാട് മെമ്പർ എന്നി നിലകളിൽ പ്രവർത്തിക്കുന്നു. യുവകലാസാഹിതി സാഹിത്യ പുരസ്കാരം, കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് ആറ്റിങ്ങൽ ജില്ലാ അസോസിയേഷൻ കവിത പുരസ്കാരം തുടങ്ങി ധാരാളം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. നിലവിൽ എം ആർ എം കെ എം എച്ച് എസ് എസ് ഇടവ വർക്കല ഹൈസ്കൂൾ അധ്യാപകനും, മാതൃഭൂമി സീഡ് ക്ലബ്ബ്, മനോരമ നല്ല പാഠം സ്കൂൾ കോർഡിനേറ്ററും കൂടിയാണ്.




ശരത് രാജ് നെടുമ്പ്രയാർ




മാലൂർ മുരളി




ഹുസൈൻ ചോലക്കുഴി




ഡോ. ആവണി എൻ.ആർ

## ശരത് രാജ് നെടുമ്പ്രയാർ

പത്തനംതിട്ട നെടുമ്പ്രയാർ സ്വദേശി. 5-ാം വയസ്സ് മുതൽ വഞ്ചിപ്പാട്ട് അഭ്യസിച്ച് തുടങ്ങി. സ്ക്കൂളിൽ പഠിക്കുന്ന കാലത്ത് സംസ്ഥാനതല കലോത്സവങ്ങളിൽ വഞ്ചിപ്പാട്ട് അവതരിപ്പിച്ചതിന് എ ഗ്രേഡുകൾ ലഭിച്ചിരുന്നു. 8-ാം വയസ്സിൽ പടയണി പാട്ട്, തപ്പുമേളം, തുള്ളൽ എന്നീ കലകൾ അഭ്യസിച്ച് തുടങ്ങി. മധ്യതിരുവിതാംകൂറിന്റെ പാരമ്പര്യമായ ക്ഷേത്രകലകൾ വശമാക്കിയ ശരത് രാജ് 18 വയസ്സ് മുതൽ നെടുമ്പ്രയാർ ദേവി വിലാസം പടയണി സംഘത്തിന്റെ സെക്രട്ടറിയായും പാട്ട്, തുള്ളൽ രംഗത്ത് ആശാനായും പ്രവർത്തിച്ച് വരുന്നു. നിരവധി പേർക്ക് ഈ കലാരൂപങ്ങൾ പകർന്ന് കൊടുത്തുവരുന്നു. 2019-2022 കേരള ഫോക്‌ലോർ അക്കാദമി വജ്രജൂബിലി ഫെല്ലോഷിപ്പിന് അർഹനായി. 2021-22 ൽ നെടുമ്പ്രയാർ പള്ളിയോടം ക്യാപ്റ്റനായും പ്രവർത്തിച്ചിരുന്നു. രാമപുരത്ത് വാര്യർ മെമ്മോറിയൽ പുരസ്ക്കാരം തുടങ്ങി നിരവധി പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. സ്ക്കൂളുകളിലും കളരികളിലും പടയണിയും പള്ളിപാട്ടും അഭ്യസിക്കുന്നു.

## മാലൂർ മുരളി

കൊല്ലം പത്തനാപുരം സ്വദേശി. മൂന്നു കാവ്യ പുസ്തകങ്ങൾ 2023, 2024 വർഷങ്ങളിലായി പ്രകാശനം ചെയ്തിട്ടുണ്ട്. 2023 - കാവ്യസമാഹാരം പ്രസിദ്ധീകരിച്ചു. ശ്രേഷ്ഠ ഭാഷാ മലയാളം കലാസാംസ്കാരിക വേദിയുടെ ആദരവുകൾ 2019 , 20 21, 2024 എന്നീ വർഷങ്ങളിൽ ലഭിക്കുകയുണ്ടായി. 2019 ലും 2022 ലും കവിയ്ക്കുള്ള അവാർഡും 2024 - ൽ വിപ്ള കവിയ്ക്കുള്ള പ്രശസ്തി പത്രമടങ്ങിയ ആദരവും ലഭ്യമായി. അക്ഷര കലാസാഹിത്യ വേദിയുടെ 2023-ലെ കവിക്കുള്ള അവാർഡ്, 'സംസ്കാര ശാസ്ത്രകലാ സാഹിത്യ വേദിയുടെ' 2022 ലെ പുരസ്കാരം, ഗുരുധർമ്മപ്രചാരണ സഭയുടെ സംസ്ഥാന ആദരവ് , അക്ഷരക്കൂട് സയഹിത്യ വേദിയുടെ പുരസ്കാരം., കാവ്യാമൃതം സാഹിത്യ വേദിയുടെ ആദരവ് , നവോത്ഥാന കലാ സാഹിത്യ സംസ്കൃതിയുടെ 2025-ലെ അവാർഡ്, വിവിധ ഗ്രന്ഥശാലകൾ, സ്ക്കൂളുകൾ തുടങ്ങിയവയിൽ നിന്നും ബഹുമതികൾ ലഭിച്ചിട്ടുണ്ട്. സാമൂഹ്യ ജീവകാരുണ്യപ്രവത്തനങ്ങൾ നടത്തുന്നു. ഗാന്ധിഭവൻ പത്തനാപുരം, ആശ്രയ കലയപുരം, മഹാത്മാ ഗാന്ധി സേവനകേന്ദ്രം അടൂർ എന്നിവിടങ്ങളുമായി ചേർന്നു പ്രവർത്തിക്കുന്നു. കാർഷിക രംഗത്തും സജീവമാണ്. വിവിധയിനം കാർഷികവിളകളെ അടുക്കും ചിട്ടയോടും കുടി പരിപാലിച്ചു കൂടുതൽ വിളകൾ ഉണ്ടാക്കിയെന്നതിന് (ബഹുവിളകൾ) 2018 ലും 2021ലും പഞ്ചായത്തും കൃഷിഭവനും ചേർന്ന് ആദരിക്കുകയുണ്ടായി.

## ഹുസൈൻ ചോലക്കുഴി

മലപ്പുറം സ്വദേശി. 20 വർഷം കേന്ദ്ര സർക്കാറിന്റെ ഹജ്ജ് കോൺസിലേറ്റിൽ പാർട്ടൈമായി സേവനം ചെയ്തു ഈ സമയം തന്നെ മദീന കലാ അക്കാദമിയുടെ പ്രസിഡന്റായി 20 വർഷം അമരത്തിരുന്നു. മാപ്പിളപ്പാട്ടിൽ പള്ളിക്കൽ മൊയ്തീൻ വി.എം. കുട്ടി, സി.വി.എം.കുട്ടി ചെറുവാടി, കെ.എസ്. മുഹമ്മദ് കുട്ടി, മധുകുമാർ, മുഹമ്മദ് കുട്ടി മപ്രം എന്നിവരുടെ കൂടെ വേദി പങ്കിട്ടു. ഹിന്ദി, ഉറുദു, അറബി, തമിഴ് എന്നീ ഭാഷകൾ വശമുണ്ട്. മുസ്ലീം ലീഗിന്റെ പോഷക സംഘടനയായ കെ. എം.സി.സി.എന്ന സംഘടന മദീന റീജിണൽ സെക്രട്ടറി, ഖജാൻജി എന്നിവയായിട്ട് പ്രവർത്തിച്ചിട്ടുണ്ട്. സാംസ്കാരിക സംഘടനയിൽ ഹജ്ജ് വെൽഫെയർ ഫോറത്തിന്റെ സെക്രട്ടറി, മുസ്ലീം ലീഗ് 13 വാർഡിന്റെ പ്രസിഡന്റ്, പ്രവാസി ലീഗിന്റെ വൈസ് പ്രസിഡന്റ്, വാഴക്കാട് പഞ്ചായാത്തിന്റെ കെ.എം.സി.യുടെ ഇപ്പോഴത്തെ വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. നിരവധി നാടകങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. കോഴിക്കോട് ആകാശവാണിയിൽ വാനലോകം പരിപാടി അവതരിപ്പിച്ചിട്ടുണ്ട്. പ്രവാസ രംഗത്തിൽ കോൽക്കളി, ഒപ്പന എന്നീ നിരവധി മാപ്പിള കലകളുടെ പരിശീലകനായും, ജൂറിയായും സേവനം ചെയ്തു. നിലവിൽ എടവണ്ണപ്പാറയിലെ ഐഫ ഫർണിച്ചറിന്റെ പി.ആർ.ഒ ആയി സേവനം ചെയ്യുന്നു.

## ഡോ. ആവണി എൻ.ആർ

തൃശൂർ ജില്ലയിലെ വെങ്ങിണിശ്ശേരി സ്വദേശിനി. സാമൂഹിക സേവന മേഖലയിൽ ശ്രദ്ധേയ മായ സംഭാവനകൾ നൽകി വരുന്നു.. ഉത്തർപ്രദേശിലെ ഒരു നഴ്സിങ് കോളേജിൽ വർഷങ്ങളായി പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ച് വരുന്നു. വിദ്യാർത്ഥികൾക്ക് മികച്ച അക്കാദമിക് പരിശീലനവും മൂല്യാധിഷ്ഠിത വിദ്യാഭ്യാസവും നൽകുന്നതിൽ ശ്രദ്ധേയ പങ്കുവഹിച്ചിട്ടുണ്ട്. കൗൺസിലിംഗ് ക്യാമ്പുകൾ, ബോധവത്ക്കരണ ക്ലാസുകൾ, പരിശീലന ശിബിരങ്ങൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. സഹാനുഭൂതിയോടുള്ള ഇടപെടലുകൾ കൊണ്ട് നിരവധിപേരുടെ ജീവിതത്തിൽ ഗുണാത്മകമായ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. സാമൂഹിക സേവനരംഗത്തും പിന്നാക്ക വിഭാഗങ്ങൾക്കും സഹായം ആവശ്യമുള്ള മറ്റുള്ളവർക്കും പിന്തുണ നൽകി പ്രവർത്തിക്കുന്നു.




ഡോ. ടി.എ. തോമസ്




അനീഷ്കുമാർ എം. കെ




മുർഷിദ




സുജിത്ത് ഓതറ




അക്ഷയ് വി കുമാർ

## ഡോ. ടി.എ. തോമസ്

കർണാടകയിലെ കങ്കനാടിൽ സ്ഥിരതാമസക്കാരൻ. പരമ്പരാഗതമായി തന്റെ അച്ഛനിൽ നിന്നും 19-ാം വയസ്സു മുതൽ അഭ്യസിച്ച ചികിത്സാവിദ്യകൾ പഠിക്കുവാനും വ്യത്യസ്ത ചികിത്സാ സമ്പ്രദായങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും നൂറോളം വൈദ്യൻമാരിൽ നിന്നും നേരിട്ട് പഠിക്കുവാനും കഴിഞ്ഞു. ഏത് രോഗത്തെയും തന്റെ മരുന്നുകൾക്കും പഥ്യങ്ങൾക്കും സുഖപ്പെടുത്തുവാൻ കാലതാമസം ഇല്ലാതെ സാധിക്കുന്നു. പ്രകൃതി തരുന്ന ഔഷധസസ്യങ്ങളുടെ ഗുണനിലവാരം അങ്ങനെ തന്നെ നിലനിർത്തിക്കൊണ്ട് രോഗികൾക്ക് നൽകി വരുന്നു. മുട്ട് വേദന, ടോൺസിലിറ്റിസ്, മൂത്രാശയരോഗങ്ങൾ, ആർത്തവ ക്രമക്കേടുകൾ, ശ്വാസകോശ അർബുദം, പൈൽസ്, ഫിസ്റ്റുല, ഗർഭാശയരോഗങ്ങൾ, തളർവാതം എന്നിങ്ങനെയുള്ള രോഗങ്ങൾക്ക് എല്ലാം ചികിത്സ നൽകി വരുന്നു. രോഗികളിൽ പ്രയോഗിച്ച് കൊണ്ട് രോഗസൗഖ്യം വരുത്തുന്നു. രോഗ സൗഖ്യം കൂടാതെ രോഗിയുടെ നിരാശയെ അകറ്റി പ്രത്യാശയുടെ പ്രകാശം വിതറാനും സഹായിക്കുന്നു.

## അനീഷ്കുമാർ എം. കെ

പത്തനംതിട്ട ഇരവിപേരൂർ പഞ്ചായത്തിൽ താമസം. മധ്യകേരളത്തിന്റെ ഒരു പരമ്പരാഗത ക്ഷേത്രാചാരങ്ങളിൽപ്പെടുന്ന കലാരൂപമായ പടയണികോലങ്ങൾ 24 വർഷങ്ങളായി നടത്തി വരുന്നു. പ്രധാനമായും പുതുകുളങ്ങര ഭഗവതി കാവിലും, വെട്ടിക്കോട് ശ്രീ ഭദ്രകാള ക്ഷേത്രം ഉൾപ്പെടെ നിരവധി ക്ഷേത്രങ്ങളിൽ പടയണി നടത്തിവരുന്നു. വാണിയ കോലം പഠിപ്പിക്കുകയും പാട്ട്, തുള്ളൽ, മേളം എന്നിവയും നടത്തിവരികയും ചെയ്യുന്നു. ഈ പരമ്പരാഗത കല നിരവധി പേർക്ക് പകർന്ന് കൊടുക്കുകയും വളരെയധികം പേരുടെ തൊഴിൽ ദാതാവ് ആയും പരമ്പരാഗത കലാരൂപങ്ങളുടെ അവതാരകൻ ആയും നിലകൊള്ളുന്നു.

## മുർഷിദ

മലപ്പുറം തൃവൂർ സ്വദേശിനി. വിദ്യാഭ്യാസ രംഗത്തും മാനസികാരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങളിലും ശ്രദ്ധേയമായ സേവനങ്ങൾ നടത്തിവരുന്നു. കരുവാരക്കുണ്ട് ഗൈഡൻസ് കോളേജിൽ ഒരു വർഷം പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ചു വിദ്യാഭ്യാസ മേഖലയിലെ മികച്ച നേതൃപാടവം തെളിയിച്ച വ്യക്തിയാണ്. ടാലന്റ് അക്കാദമിയിലും മേലാറ്റൂർ യൂണിവേഴ്സൽ കോളേജിലും എട്ട് വർഷത്തോളം സൈക്കോളജി ലെക്ചററായും പ്രവർത്തിച്ചു. നിരവധി ഫീൽഡ് വിസിറ്റുകൾ, അവബോധ ക്ലാസുകൾ, മോട്ടിവേഷൻ ക്ലാസുകൾ മുഖേന വിദ്യാർത്ഥികൾക്കും പൊതു സമൂഹത്തിനും പ്രചോദനപരമായ പരിശീലനങ്ങളും ബോധവത്ക്കരണ പരിപാടികളിലും സജീവമാണ്. വേൾഡ് സൈക്കോളജി കൗൺസിലേഷൻ ഓർഗനൈസേഷന്റെ ഔദ്യോഗിക അംഗമായ മുർഷിദ ഭിന്നശേഷിക്കാരായ കുട്ടികൾ, ഓർഫനേജുകൾ, വൃദ്ധസദനങ്ങൾ എന്നിവ സന്ദർശിച്ച് അവശരായവർക്ക് കരുതലും സേവനങ്ങളും നല്കിവരുന്നു.

## സുജിത്ത് ഓതറ

പത്തനംതിട്ട ഒതറ സ്വദേശി. ചരിത്രകാരൻ. കഴിഞ്ഞ 27 വർഷമായി ദേവീക്ഷേത്രങ്ങളിൽ കോലമെഴുതുന്ന ഒരു കുടുംബത്തിലെ പിൻതലമുറക്കാരനാണ്. പടയണി എഴുത്തിന്റെ ബാലപാഠങ്ങൾ പഠിച്ച ശേഷം സ്വന്തമായി കോല നിർമ്മാണരംഗത്ത് തിരിഞ്ഞു. ലോകപ്രശസ്തി നേടിയ 1001 പാള മഹാഭൈരവി കോലം നിർമ്മിച്ചതിൽ ഒരു പങ്ക് വഹിക്കുവാൻ അവസരം ലഭിച്ചിരുന്നു. ഓതറ പുതുക്കുളങ്ങര ദേവീക്ഷേത്രത്തിലെ പ്രധാന കോലങ്ങൾ വരക്കാൻ സാന്നിദ്ധ്യം ഉണ്ടായിരുന്നു. പടയണി പാട്ടുകൾ, പടയണി എഴുത്തുകൾ എന്നിവ കുട്ടികളെ എഴുതി പഠിപ്പിച്ച് വരുന്നു. അന്യം നിന്നു പോകുന്ന മധ്യതിരുവിതാംകൂറിലെ ഈ കലാരൂപത്തെ വീണ്ടെടുക്കുന്നതിന് വേണ്ടി സംസ്കൃതി എന്ന സംഘടന രൂപീകരിക്കുകയും അത് വഴി പ്രചരണങ്ങൾ നൽകുകയും ചെയ്യുന്നു.

## അക്ഷയ് വി കുമാർ

മാവേലിക്കര പുന്നമൂട് സ്വദേശി. ഗായകൻ. സംഗീത മേഖലയിൽ നിരവധി അവാർഡുകൾ ഇതിനോടകം ലഭിച്ചിട്ടുണ്ട് തൃശ്ശൂരിൽ വച്ച് നടന്ന ടാലൻറ്ഡമാക്കാ സ്പെഷ്യൽജൂറി, ഫസ്റ്റ് റണ്ണർഅപ്പ്അവാർഡ്. കേരള കലാവേദി മികച്ച ഗായകനുള്ള അവാർഡ് തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ വച്ച് ബാല പത്മ പുരസ്കാരം ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ് അവാർഡ് കൊല്ലത്ത് വച്ച് നടന്ന ടജആ ബാലസുബ്രഹ്മണ്യം സ്റ്റാർ സിംഗർ സീസൺ 3 സ്പെഷ്യൽ ജൂറി അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. സ്കൂൾതലത്തിൽ കൾച്ചറൽ ഫെസ്റ്റിവൽ ജില്ലാതലത്തിൽ ഒന്നാം സ്ഥാനം ലളിതഗാനത്തിന് ലഭിച്ചിട്ടുണ്ട് രണ്ട് ആൽബങ്ങളിലും പാടിയിട്ടുണ്ട് നിലിവിൽ ആലപ്പുഴ ജില്ലയിലെ മാവേലിക്കരയിൽ ഒമ്പതാം ക്ലാസിൽ പഠിക്കുന്നു.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു



സന്ദീപ് എം.



എം.ജി. സുനിൽകുമാർ



ബീന. കെ. ഐ




വർഷ. വി.എസ്.




സൂര്യശ്രീ




രാഹുൽ കൃഷ്ണൻ

## സന്ദീപ് എം.

പത്തനംതിട്ട എഴുമറ്റൂർ സ്വദേശി. സ്ക്കൂൾ വിദ്യാഭ്യാസ കാലത്ത് തുടങ്ങിയതായിരുന്നു ചിത്ര രചനയും ഫാബ്രിക് പെയിന്റിംഗും. പഠനത്തോടൊപ്പം കുടുംബം കഴിയുന്നതിന് രക്ഷകർത്താക്കളെയും സഹായിച്ചുകൊണ്ട് ഫാബ്രിക് പെയിന്റിംഗ് മേഖലയിൽ പ്രവേശിച്ചു. ചിത്ര രചനയിൽ പ്രാവീണ്യമുള്ള സന്ദീപ് കെട്ടിടങ്ങൾക്ക് വാതിലുകൾ നിർമിക്കുകയും അവയിൽ ചിത്രങ്ങൾ കൊത്തി നിർമ്മിക്കുകയും ചെയ്യുന്നു. നാട്ടിലെ പുതിയ ഗൃഹനിർമാണങ്ങളിൽ സന്ദീപ് ഒരു പ്രധാന ഭാഗമായി മാറുകയായിരുന്നു. അങ്ങനെ 17 കൊല്ലത്തോളമായി. കൊത്തുപണി ശില്പി കലകൾ, ചുവർ ചിത്ര രചന മേഖലകളിൽ സജീവമായി തുടരുന്നു. ചിത്രരചനകളിൽ പുതിയ പുതിയ കലാരൂപങ്ങൾ സൃഷ്ടിക്കുന്നു. നിരവധി പേർക്ക് ഈ തൊഴിലിൽ പരിശീലനവും നൽകുന്നു.

## എം.ജി. സുനിൽകുമാർ

പത്തനംതിട്ട ഉത്തുന്നൂർ സ്വദേശി. 6-ാം വയസ്സിൽ കോലമെഴുത്ത് എന്ന കേരളത്തിന്റെ പരമ്പരാഗത അനുഷ്ഠാനകലയുടെ പ്രാരംഭ വിദ്യകൾ അഭ്യസിച്ച് തുടങ്ങി. പ്രശസ്ത ഗുരുക്കൻമാരുടെ ശിക്ഷണവും ലഭിച്ചിരുന്നു. 40 വർഷമായി ഈ രംഗത്ത് സജീവമായി തുടരുന്നു. മധ്യതിരുവിതാംകൂറിലെ നിലവിലെ സർവ്വ ദേവീക്ഷേത്രങ്ങളിലും പടയണി എന്ന ഈ അതിപുരാതന ക്ഷേത്രകലാരൂപം അവതരിപ്പിച്ചു. കേരള ഗണക മഹാസഭയുടെ പന്തളം ശാഖയിൽ നിന്നും പടയണി കലാകാരനുള്ള ആദരവുകൾ ലഭിച്ചു. മ്യൂറൽ പെയിന്റിംഗ്, പെൻസിൽ ഡ്രോയിംഗ്, കഥാരചന, കവിതാരചന, മേയ്ക്കപ്പ് എന്നിവയും ചെയ്തു വരുന്നു. പാരമ്പര്യമായി പിതാവിൽ നിന്നും പഠിച്ച തിരുമ്മു ചികിത്സ, കിഴിയിടൽ എന്നീ വൈദ്യവൃത്തികളും ചെയ്യുന്നു. അതിനോടൊപ്പം കുട്ടികൾക്ക് നിലത്തെഴുത്തു പഠിപ്പിക്കുന്നു. കേരളത്തിന്റെ അന്യം നിന്നു പോകുന്ന ചികിത്സാ സമ്പ്രദായങ്ങളും ഒപ്പം പുരാതന പഠനവിദ്യകളും വീണ്ടെടുക്കാനുള്ള ശ്രമങ്ങൾ നടത്തുന്നു.

## ബീന. കെ. ഐ

തൃശ്ശൂർ സ്വദേശി. ലളിതഗാനങ്ങൾ, ചെറുകവിതകൾ, ചെറുകഥകൾ എന്നിവ രചിക്കുന്നു. മുപ്പതിലേറെ കവിതകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രകൃതിയും, മാനവീയതയും, വ്യക്തി ബന്ധങ്ങളും ഇതിവൃത്തങ്ങളാക്കിയതാണ് മിക്കരചനകളും. കേരളത്തിലെ വിവിധകലാ സാംസ്ക്കാരിക സംഘടനകളിലും സജീവ പ്രവർത്തകയാണ്. പ്രജാ പിതാ ബ്രഹ്മകുമാരി വിശ്വവിദ്യാലയത്തിലെ അംഗമായി പ്രവൃത്തിക്കുന്നു. വിവിധ കാരുണ്യ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുന്നുണ്ട്. സംസ്കാര ഭാരതം ട്രസ്റ്റ്, കവിതാ മികവിനു നൽകിയ പുരസ്കാരം ലഭിച്ചിട്ടുണ്ട്. മയൂഖംബസാഹിത്യ സംസ്ക്കാരവേദി- തൃശ്ശൂർ, നൽകിയ ആദരവ്; ഫ്രീഡം 50 മാനവ സ്നേഹി സാംസ്കാരികസമതി നൽകിയ ജസ്റ്റീസ്. ഡി. ശ്രീദേവി സ്മാരക പുരസ്കാരം; ഫ്രീലാൻസ് പ്രവർത്തക അസോസിയേഷൻ നൽകിയ സാഹിത്യരത്ന പുരസ്കാരം; ജനാധിപത്യ കലാ സാഹിത്യ വേദിയുടെ ആദരവ് എന്നിവയും ലഭിച്ചിട്ടുണ്ട്.

## വർഷ. വി.എസ്.

നെടുമങ്ങാട്, നെട്ടറച്ചിറ സ്വദേശി, സംഗീത അധ്യാപിക,ഗായിക. സംഗീത മേഖലകളിൽ നിരവധി കുട്ടികളെയും മുതിർന്നവരെയും സംഗീതം അഭ്യസിപ്പിക്കുന്നു. ഗാനമേളകൾ നടത്തുന്നു. അമൃതവർഷിണി ഭജൻസിലെ ഒരു അംഗമാവുകയും എഴുപതോളം സ്റ്റേജുകളിൽ ഇപ്പോൾ നടത്തിപ്പോരുകയും ചെയ്യുന്നു. നാട്ടിലെ കൈകൊട്ടിക്കളി ടീമിലും സജീവമായി പ്രവർത്തിക്കുകയും അത് നിരവധി സ്റ്റേജുകളിൽ പെർഫോം ചെയ്യുകയും ചെയ്യുന്നു. മുൻസിപ്പാലിറ്റിയുടെ കേരളോത്സവം, സ്കൂൾ കലോത്സവം എന്നിവിടങ്ങളിൽ ജഡ്ജായും പ്രവർത്തിച്ചിട്ടുണ്ട്, ചാരിറ്റി പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് പോരുന്നു. കൂടാതെ അനവധി അനുമോദനങ്ങളും നേടിയിട്ടുണ്ട്.

## സൂര്യശ്രീ

ഗോവയിലെ വാസ്കോഡാഗാമ സ്വദേശി. ഗുജറാത്ത് സൂറത്ത് നിർമ്മൽ ഹോസ്പിറ്റലിൽ എം.എൽ.ടി. ടെക്നീഷ്യനായും ഗോവ മലയാളി ന്യൂസ്പേപ്പറിൽ എഡിറ്റോറിയൽ സ്റ്റാഫായും ജോലി ചെയ്തിരുന്നു. സാഹിത്യ മേഖലയിൽ ധാരാളം രചനകൾ നടത്തിയിട്ടുണ്ട്. വിവിധ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ സോഷ്യൽ മീഡിയ എഴുത്തിൽ സജീവം. സ്വന്തമായി എന്ന പേരിൽ യൂട്യൂബ് ചാനൽ ഉണ്ട്. രണ്ടു ആൽബം ഗാനങ്ങൾ സ്വന്തമായി പുറത്തിറക്കുകയും അതിൽ അഭിനയിക്കുകയും ചെയ്തു. പുല്ലാംകുഴൽ എന്ന ഭക്തിഗാനവും രചിച്ചിട്ടുണ്ട്. കരകൗശല നിർമ്മാണത്തിൽ പ്രാഗൽഭ്യം നേടിയിട്ടുണ്ട്. ഗ്ലാസ് പെയിന്റിംഗ്, നെറ്റിപ്പട്ട നിർമ്മാണം, ക്ലേ മേഡലിംഗ് ഇതെല്ലാം ഓർഡർ അനുസരിച്ച് ചെയ്തു കൊടുക്കുന്നുണ്ട്. പതിനഞ്ച് വർഷമായി നൃത്ത മേഖല കൈകാര്യം ചെയ്യുന്നു. ധാരാളം ക്ഷേത്രങ്ങളിൽ നൃത്തം അവതരിപ്പിക്കുന്നുണ്ട്. നാച്ചുറൽ പ്രോഡക്ടുകളായ ഹെയർ ഓയിൽ, സോപ്പ്, ഫെയിസ് ക്രീം എന്നിവ നിർമ്മിക്കുകയും അതിനുവേണ്ടി ഗോവയിൽ Sahyaa lifestyle LLP എന്ന കമ്പനി സ്ഥാപിക്കുകയും ചെയ്തു, അതിന്റെ Founder& CEO ആണ്.

## രാഹുൽ കൃഷ്ണൻ

കൊല്ലം സ്വദേശി. 8 വർഷത്തിലേറെ നൃത്ത അധ്യാപകനും കൊറിയോ ഗ്രാഫറുമാണ്. ക്ലാസിക്കൽ, സെമി ക്ലാസിക്കൽ, ഫോക് തുടങ്ങിയ വിവിധ നൃത്തശൈലികളിൽ പ്രാവീണ്യമുള്ള വ്യക്തിയാണ്. ആസ്വാദ്യ കരമായ പഠനാന്തരീക്ഷം ഒരുക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കലാപരമായ കഴിവുകൾ വളർത്തുന്നതിനൊപ്പം വിദ്യാർത്ഥികളുടെ ശാരീരിക, മാനസിക സൃഷ്ടിപരമായ വളർച്ചക്കും പ്രാധാന്യം നൽകുന്നു. നീലിയാർ ഭഗവതി സംഘനൃത്തം, കന്യാകുമാരി സംഘനൃത്തം, പത്മനാഭൻ സംഘനൃത്തം, വിഷ്ണുമായ ചാത്തൻ സംഘനൃത്തം എന്നിവ സ്വന്തം നൃത്തസൃഷ്ടികൾ ആണ്. ധാരാളം സ്കുളുകളിൽ പഠിപ്പിച്ചിട്ടുണ്ട്. ദേവരാഗം സ്കൂൾ ഓഫ് ഡാൻസ്, ദേവനാഥം പ്രൊഡക്ഷൻകമ്പനിയുടെയും മാനേജിംഗ് ഡയറക്ടർ കൂടിയാണ്.




അരുൺവിജയ്.എസ് (ആർ.ജെ)




മുരുകൻ കുണ്ടറ




ബൈജു.ആർ. (അനി)




മായാ രാജേഷ്




മാളവിക പ്രകാശ്



ഷൈല പി.കെ

## അരുൺവിജയ്.എസ് (ആർ.ജെ)

തിരുവനന്തപുരം വെള്ളനാട് സ്വദേശി 20 വർഷത്തിൽ അധികമായി നൃത്ത രംഗത്തു സജീവ സാന്നിധ്യം. വെള്ളനാട് നാട്യമുകുര നൃത്ത വിദ്യാലയം മാനേജിംഗ് ഡയറക്ടർ ആണ്. ഭാരത നാട്യം, കുച്ചിപ്പുടി, കേരളനടനം, ഓട്ടൻതുള്ളൽ എന്നിവയിൽ പരിശീലനം നൽകുന്നതിനോടൊപ്പം വിദ്യാർത്ഥികളെ സംസ്ഥാന സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുപ്പിക്കുന്നു. നിരവധി ഡാൻസ് പ്രൊഡക്ഷനുകളുടെ ഭാഗമാണ്. നൃത്തതോടൊപ്പം കഴിഞ്ഞ 8 വർഷമായി വിവിധ റേഡിയോകളിൽ ആർ.ജെ.ആയും ജോലി ചെയ്യുന്നു. നിലവിൽ കേരളം 1476 എ.എം.എന്ന ദുബായ് റേഡിയോയിൽ ആർ.ജെ.ആയി പ്രവർത്തിക്കുന്നു.

## മുരുകൻ കുണ്ടറ

തിരുവനന്തപുരം മെഡിക്കൽ കോളേജ് സ്വദേശി. 25 വർഷമായി സിനിമ സീരിയൽ രംഗത്ത് മേക്കപ്പ് മാൻ ആയി പ്രവർത്തിച്ചു വരുന്നു തിമിരം, ശുഭദിനം തുടങ്ങി 15 ഓളം സിനിമകളിലും സീരിയലുകളിലും പ്രവർത്തിച്ചു. ഇപ്പോൾ സൂര്യ ടി വി യിൽ സംപ്രേക്ഷണം ചെയ്യുന്ന സീരിയലിൽ മേക്കപ്പ് മാനായി വർക്ക് ചെയ്യുന്നു. കേരള ഫിലിം ഓർഡിയൻസ് കൗൺസിൽ അവാർഡ് മീഡിയ സിറ്റി അവാർഡ് രാജ് നാരായൻ ജീ ദൃശ്യ മാധ്യമ അവാർഡ് തുടങ്ങി 10 ഓളം അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

## ബൈജു.ആർ. (അനി)

തിരുവനന്തപുരം കുടപ്പനക്കുന്ന് സ്വദേശി. അഭിനേതാവ്. വളരെ ചെറുപ്പത്തിൽ തന്നെ കലാ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും, വിദ്യാഭ്യാസ കാലയളവിൽ നിരവധി സ്റ്റേജ് പ്രോഗ്രാമുകളിൽ പങ്കെടുത്ത് മികച്ച പ്രകടനത്തിനുള്ള സമ്മാനങ്ങൾ നേടാനും സാധിച്ചു. കഴിഞ്ഞ 27 വർഷമായി ടെലിവിഷൻ സീരിയൽ രംഗത്ത് സജീവമാണ്. വൈവിധ്യമാർന്ന നിരവധി കഥാപാത്രങ്ങളെ ഇതിനോടകം അവതരിപ്പിച്ചിട്ടുണ്ട്. 37 ഓളം സീരിയലുകളിൽ അഭിനയിച്ചിട്ടുണ്ട്. അഭിനയത്തോടൊപ്പം തന്നെ സാമൂഹിക സേവന രംഗത്തും സജീവമാണ്. നന്മ നഗർ റസിഡൻസ് അസോസിയേഷൻ സെക്രട്ടറി, ബി.ജെ.പി.യുടെ ഏരിയാ കമ്മറ്റി അംഗം, സേവാഭാരതി സജീവ പ്രവർത്തകൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. കലാ ജീവിതത്തെ മാനിച്ച് വിവിധ സംഘടനകളായ മോഹിനി, പ്രേം കലാവേദി, പ്രണതി അസോസിയേഷൻ, ജീവ അസോസിയേഷൻ, ശ്രീ ഭദ്രകാളിപുരം ദേവി ക്ഷേത്രം, നന്മ നഗർ റസിഡൻസ് അസോസിയേഷൻ തുടങ്ങി പതിമൂന്നോളം സംഘടനകളിൽ നിന്ന് പ്രശംസയും ഉപഹാരവും നൽകിയിട്ടുണ്ട്.

## മായാ രാജേഷ്

തിരുവനന്തപുരം പേരൂർക്കട സ്വദേശി. ബഹ്റൈനിൽ മണി എക്സ്ചേഞ്ചർ ആയി ജോലി ചെയ്യുന്നു. സംഗീതത്തിൽ ബഹറിനിലെ ഒരുപാട് വേദികളിൽ പാടുകയും പുരസ്കാരങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്. ഹാർമണി നൈറ്റ്സ് 2026 എന്ന സ്റ്റേജ് ഷോയിൽ വിദ്യാസാഗർ മ്യൂസിക് കോമ്പറ്റീഷനിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. ബഹറിനിലെ മാതാ അമൃതാനന്ദമയി അമ്മയുടെ സമിതിയിൽ വർഷങ്ങളായി ഭജൻ പാടുകയും ചാരിറ്റി പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. കൂടാതെ തിരുവനന്തപുരത്തെ അമൃതവർഷിണി ഗ്ലോബൽ ആർട്സ് ആൻഡ് ചാരിറ്റബിൾ സൊസൈറ്റിയിലെ അംഗമാണ്. നിരവധി ചാരിറ്റി പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. അമൃതവർഷിണി എന്ന പ്രശസ്തമായ ഭജൻ ഗ്രൂപ്പിലെ ഗായികയുമാണ്.

## മാളവിക പ്രകാശ്

പത്തനംതിട്ട ചേന്നാർക്കര സ്വദേശി. ഭരതനാട്യത്തിലും കുചിപ്പുടിയിലും ഇരുപത് വർഷത്തിലേറെ അനുഭവസമ്പത്തുള്ള ഒരു നർത്തകിയും നൃത്തപരിശീലകയുമാണ്. കഴിഞ്ഞ ആറു വർഷത്തിലേറെയായി നൃത്തപരിശീലകയായി പ്രവർത്തിച്ചുവരുന്നു., നിരവധി വിദ്യാർത്ഥികളെയും വിവിധ സ്കൂളുകളിലെ ഗ്രൂപ്പ് നൃത്തസംഘങ്ങളെയും സബ് ജില്ലാ, ജില്ലാ, സംസ്ഥാന സ്കൂൾ കലോത്സവങ്ങൾ ഉൾപ്പെടെയുള്ള വിവിധ കലാവേദികളിലേക്ക് പരിശീലിപ്പിക്കുകയും അവരുടെ കലാപ്രതിഭ വളർത്തിയെടുക്കുന്നതിൽ നിർണായക പങ്കുവഹിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ നിരവധി വിദ്യാർത്ഥികൾക്കും നൃത്തസംഘങ്ങൾക്കും വിവിധ കലോത്സവ വേദികളിൽ ശ്രദ്ധേയമായ നേട്ടങ്ങളും പുരസ്കാരങ്ങളും കരസ്ഥമാക്കാൻ അവസരമൊരുക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ പ്രണവം സ്കൂൾ ഓഫ് ഡാൻസ് ആൻഡ് മ്യൂസിക്- അമ്പലക്കടവ്, തുമ്പമൺന്റെ ഡയറക്ടറായി സേവനമനുഷ്ഠിക്കുന്നു, ശാസ്ത്രീയ നൃത്തകലയുടെ പ്രചാരണത്തിനും നവതലമുറയ്ക്ക് കലാപാരമ്പര്യം പകർന്നു നൽകുന്നതിനുമായി പ്രവർത്തിച്ചുവരുന്നു. നെഹ്റു പുരസ്കാരം, ഹിന്ദു യുവതി പുരസ്കാരം തുടങ്ങി ധാരാളം അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

## ഷൈല പി.കെ

കണ്ണൂർ ജില്ലയിൽ ചെഞ്ചേരി സ്വദേശിനി. മാനന്തവാടി ഗവൺമെന്റ് ജില്ലാ ആശുപത്രിയിൽ നേഴ്സിങ് അസിസ്റ്റന്റ് ആയി ജോലി നോക്കുന്നു. ആരോഗ്യമേഖലയിൽ 14 വർഷമായി സേവനം അനുഷ്ഠിച്ചുകൊണ്ട് തന്നെ കഥയും കവിതയും ചിത്രരചനയും ക്രാഫ്റ്റ് വർക്ക് എന്നിവയ്ക്ക് സമയം കണ്ടെത്തന്നു. നിരവധി പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. മഞ്ജരി ബുക്സിന്റെ ഒൻപത് വേൾഡ് റെക്കോർഡിൽ ഇടം നേടിയ ലോകത്തിലെ ഏറ്റവും വലിയ പുസ്തകമായ പെൻഡ്രൈവിൽ കവിത എഴുതിയാണ് തുടക്കം. തിരുവനന്തപുരം കലാസാഹിത്യ സംസ്കൃതി കവിതാ സാംസ്കാരിക വേദി, പോയട്രി ഫൗണ്ടേഷൻ റൈറ്റേഴ്സ് ഫണ്ട്, മന്ദാരം പബ്ലിക്കേഷൻ, നീലാംബരി പബ്ലിക്കേഷൻ, കൊച്ചിൻ സാഹിത്യ അക്കാദമി, കണ്ണൂർ ജില്ലയിലെ മഷിക്കൂട്ട് എന്ന ചാരിറ്റി സംഘടന എന്നിവയിൽ പ്രവർത്തിക്കുന്നു. നിരവധി സാഹിത്യ സംഘടനയിലും ഫെയിസ് ബുക്കിലും കഥ, കവിത, നാടൻപാട്ട് എന്നിവ എഴുതുന്നു. എഴുത്തുകൾ തുടരുന്നു. 2024 ലെ നവാഗത പ്രതിഭാപുരസ്ക്കാരം ,2024 ൽ അംബേദിക്കർ നാഷണൽ അവാർഡ്, 2025 ൽ ഇന്ത്യാ ബുക്ക് ഓഫ് വേൾഡ് റെക്കോർഡ്, 2026 ൽ ഏഷ്യാ ബുക്ക് ഓഫ് റെക്കോർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.




സനുജ കെ.




സണ്ണി അങ്കമാലി




മുനീറ പി.




അശോകൻ വി.വി.




ശൈനേന്തു കൃഷ്ണ




ഉണ്ണികൃഷ്ണൻ കെ.കെ

## സനുജ കെ.

പാലക്കാട് സ്വദേശിനി. മെഗാ പരമ്പരയിൽ പ്രധാന വേഷം ചെയ്യുന്നു. 750 എപ്പിസോഡ് ആയി നിൽക്കുന്നു. നിരവധി ഷോട്ട് ഫിലിമുകളിലും അഭിനയിക്കുന്നു. അഭിനയ കലയുടെ മികവുറ്റ പടവുകൾ കയറിക്കൊണ്ടിരിക്കുന്ന കൊച്ചുകലാകാരിയാണ്.

## സണ്ണി അങ്കമാലി

അങ്കമാലി സ്വദേശി. പ്രഫഷണൽ നാടകവേദിയിൽ സജീവമായിക്കൊണ്ട് കലാപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. അങ്കമാലി ധന്യാ തിയേറ്ററിൽ അരങ്ങേറ്റം കുറിച്ചു. പ്രശസ്ത സിനിമാ നടൻ നേതൃത്വം നല്കിയിരുന്ന സാരഥി തിയേറ്റേഴ്സിൽ 9 വർഷം പ്രവർത്തിച്ചു. സതീഷ് സംഘമിത്രയുടെ സംഘമിത്രയിൽ 20 വർഷം പ്രവർത്തിച്ചു. തിരുവനന്തപുരം കലാക്ഷേത്ര, ആലുവ രംഗകല എന്നീ നാടകവേദികളിൽ 10 വർഷത്തിലധികം സജീവമായിരുന്നു. നടൻ ആയും ആർട്ട് ഡയറക്ടറായും 30 ലധികം ഹൃസ്വചിത്രങ്ങൾ ചെയ്തിട്ടുണ്ട്. നിരവധി ഡോക്യുമെന്ററികൾ സംവിധാനം ചെയ്തു. ചലച്ചിത്ര ഡോക്യുമെന്ററി മേഖലകളിൽ മേക്കപ്പ് മാൻ ആയും പ്രവർത്തിക്കുന്നു. ആൾരൂപം എന്ന മെഗാപരമ്പരയിൽ മേക്കപ്പ് ആർട്ടിസ്റ്റായി തുടരുന്നു. അഭിനയിച്ച സിനിമകൾ ഒന്നാം ലോകമഹായുദ്ധം, ടൂസ്ഡേ, അങ്കമാലി ഡയറീസ്, സ്വപ്നസുന്ദരി, പാഞ്ചാലി, അഞ്ചരക്കള്ളൻ.

## മുനീറ പി.

മലപ്പുറം ജില്ലയിലെ കമ്മനം സ്വദേശിനി. തൊഴിൽ മേഖലയോടൊപ്പം സാമൂഹിക സേവനപ്രവർത്തനങ്ങളും മാനസികാരോഗ്യ പിന്തുണയും നിർവഹിക്കുന്നു. മാനുഷിക മൂല്യങ്ങൾ മുൻനിർത്തിയുള്ള സേവനങ്ങളും സാമൂഹിക പ്രതിബദ്ധതയും മികച്ച ഒരു സോഷ്യൽ വർക്കറാക്കി മാറ്റി. Popular Tech Interior Solutions ൽ അക്കൗണ്ടന്റായി സേവനം അനുഷ്ഠിക്കുന്നു. തന്റെ തൊഴിൽ ജീവിതത്തോടൊപ്പം സൗജന്യമായി കൗൺസിലിംഗ് സേവനങ്ങൾ നടത്തിവരുന്നു. വേൾഡ് സൈക്കോളജി കൗൺസിലിങ്ങ് ഓർഗനൈസേഷന്റെ (wpco) ഔദ്യോഗിക അംഗമാണ് സാമൂഹിക സേവന രംഗത്ത് സജീവം. വൃദ്ധസദനങ്ങൾ, ഓർഫനേജുകൾ, ഭിന്നശേഷിക്കാരായ കുട്ടികൾ എന്നിവർക്ക് ആശ്വാസവും കരുതലും നൽകുന്ന പദ്ധതികൾ ഏറ്റെടുത്തു ചെയ്യുന്നു.

## അശോകൻ വി.വി.

കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമപഞ്ചായത്തിൽ താമസിക്കുന്നു. ഒരു മിമിക്രി ആർട്ടിസ്റ്റ് . മയ്യിൽ പഞ്ചായത്ത് കേരളോത്സവത്തിൽ ഒന്നാം സമ്മാനം കരസ്ഥമാക്കിയിട്ടുണ്ട്. 17 ഓളം ഷോർട്ട് ഫിലിമുകളിലും മലയാള സിനിമയിലെ പ്രമുഖതാരങ്ങളോടൊപ്പം ചെറിയ വേഷങ്ങൾ ചെയ്തിട്ടുണ്ട്. തമിഴ് ഹിന്ദി സിനിമകളുടെയും ഭാഗം ആകാൻ കഴിഞ്ഞിട്ടുണ്ട്. ടെലിവിഷൻ ചാനലുകളിലെ സീരിയലിലും വേഷം ചെയ്തിട്ടുണ്ട്. ഒരു മെഗാ പരമ്പരയിൽ 500 ഓളം എപ്പിസോഡുകളിൽ വില്ലൻ റോളുകളിൽ അഭിനയിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ സ്വന്തം യൂട്യൂബ് റീൽസ് ചെയ്യുന്നു. 5 മില്യൺ കാഴ്ചക്കാർ വീക്ഷിച്ച റീൽസും ഉൾപ്പെടുന്നു. തൃശൂർ ജില്ലയിൽ പ്രവർത്തിച്ചുവരുന്ന ആശ്രയ ചാരിറ്റബിൾ ട്രസ്റ്റ് എന്ന സംഘടനയിലും പാവങ്ങൾക്ക് സഹായസഹകരണങ്ങൾ നൽകി വരുന്നു.

## ശൈനേന്തു കൃഷ്ണ

പാലക്കാട് ജില്ലയിൽ കൂറ്റനാട് സ്വദേശിനി. കലാരംഗത്ത് പ്രവർത്തിക്കുന്നു. നിലവിൽ സീരിയലുകളിൽ അഭിനയിക്കുന്നു. ഏഴ് സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. ആൽബം, ഷോർട് ഫിലിം ടിവി ഷോ എന്നിവയിൽ അഭിനയിക്കുന്നു. തമിഴ് സിനിമയിൽ നായികയായി അഭിനയിച്ചു. ആൾരൂപം എന്ന മെഗാപരമ്പരയിൽ നല്ലൊരു വേഷം ചെയ്തുവരുന്നു.

## ഉണ്ണികൃഷ്ണൻ കെ.കെ

തൃശ്ശൂർ ചേലക്കര സ്വദേശി. വളരെ ചെറുപ്പത്തിൽ തന്നെ കലാരംഗത്ത് പ്രവർത്തിക്കുകയായിരുന്നു. ജീവകാരുണ്യ പ്രവർത്തനത്തിൽ സജീമാണ്. പാവപ്പെട്ടവർക്ക് വീടുകളിൽ ഭക്ഷ്യക്കിറ്റുകൾ വിതരണം, ആശുപത്രികളിൽ കിടക്കുന്നവർക്കും കിടപ്പ് രോഗികൾക്കും മരുന്നും വസ്ത്രവും എത്തിച്ച് കൊടുക്കുകയും ചെയ്യുന്നു. . കൈലാസ് പ്രൊഡക്ഷൻസിന്റെ ബാനറിൽ ബാബു താന്നിക്കുടും തിരക്കഥ എഴുതി ബിജു വർഗീസ് സംവിധാനം ചെയ്യുന്ന ആൾരൂപം എന്ന മെഗാ പരമ്പരയിൽ 750 എപ്പിസോഡുകളോളം ഒരു കഥാപാത്രം ചെയ്തുകൊണ്ടിരിക്കുന്നു.

# ജോൺ ജെ. ലൗഡ്, ലാസ്‌ലോ ബിരോ ബോൾപോയിന്റ് പേന

(1 –ാം പേജിൽ നിന്നും തുടർച്ച)

ഫൗണ്ടൻ പേനയുടെ നിബിലൂടെ അത് ഒഴുകിയില്ല. ഇതിന് പരിഹാരമായി കെമിസ്റ്റായ തന്റെ സഹോദരൻ ജോർജ്ജിന്റെ സഹായത്തോടെ പേനയ്ക്കുള്ള പ്രത്യേക മഷി വികസിപ്പിക്കുകയും, പേനയുടെ അഗ്രത്തിൽ കറങ്ങുന്ന ഒരു ചെറിയ ലോഹ ബോൾ ഘടിപ്പിക്കുകയും ചെയ്തു. പേന പേപ്പറിൽ ചലിപ്പിക്കുമ്പോൾ ഈ ബോൾ കറങ്ങി ഉള്ളിലെ മഷിയെ ഒരേ അളവിൽ പുറത്തേക്ക് എത്തിക്കുന്ന സാങ്കേതികവിദ്യയിലൂടെയാണ് 1938-ൽ അദ്ദേഹം ആധുനിക ബോൾപോയിന്റ് പേന രൂപകൽപ്പന ചെയ്തത്. 1938 ജൂണിൽ പാരീസിൽ വെച്ചാണ് അവർ ഇതിന്റെ ആദ്യ പേറ്റന്റ് നേടുന്നത്. എന്നാൽ അതേ വർഷം തന്നെ യൂറോപ്പിൽ രണ്ടാം ലോകമഹായുദ്ധത്തിന്റെ കരിനിഴൽ വീഴുകയും, യഹൂദ വംശജരായ ബിരോ സഹോദരന്മാർക്ക് നാസികളിൽ നിന്ന് രക്ഷപ്പെടാൻ ഹംഗറി വിടേണ്ടി വരികയും ചെയ്തു. യൂറോപ്പിൽ നിന്ന് രക്ഷപ്പെട്ട് അവർ അർജന്റീനയിൽ എത്തി. അവിടെ വെച്ച് തങ്ങളുടെ ഡിസൈൻ കൂടുതൽ പരിഷ്കരിക്കുകയും 1943 ജൂൺ 17-ന് അർജന്റീനയിൽ പുതിയ പേറ്റന്റ് നേടുകയും ചെയ്തു. തങ്ങളുടെ ബിസിനസ്സ് പങ്കാളിയായ ജുവാൻ ജോർജ്ജ് മെയ്നിന്റെ (Juan Jorge Meyne) സഹായത്തോടെ അവർ 'ബിരോ പെൻസ് ഓഫ് അർജന്റീന' എന്ന കമ്പനി തുടങ്ങി. അവരുടെ പേരുകൾ ചേർത്തുവെച്ച് പേനയ്ക്ക് 'ബിരോം' (Birome) എന്ന് പേരിട്ടു. ഇന്ന് അർജന്റീനയിൽ ബോൾപേനകൾ അറിയപ്പെടുന്നത് 'ബിരോം' എന്നാണ്. 1945 ഡിസംബറിൽ ഇതിന് യു.എസ്. പേറ്റന്റും (US Patent 2, 390, 636) ലഭിച്ചു. ലാസ്ലോ ബിരോയ്ക്ക് പേന കണ്ടുപിടിക്കാൻ കഴിഞ്ഞെങ്കിലും അത് ആഗോളതലത്തിൽ വൻതോതിൽ വിപണനം ചെയ്യാൻ വലിയ മൂലധനം ഇല്ലായിരുന്നു. 1950-ൽ ഫ്രഞ്ച് വ്യവസായിയായ മാർസെൽ ബിക് (Marcel Bich) ബിരോയിൽ നിന്നും ഈ പേനയുടെ പേറ്റന്റ് അവകാശം വാങ്ങി. അദ്ദേഹം ഡിസൈൻ കൂടുതൽ ലളിതമാക്കുകയും വളരെ കുറഞ്ഞ ചിലവിൽ നിർമ്മിച്ച് വിപണിയിൽ എത്തിക്കുകയും ചെയ്തു. ഇതാണ് ഇന്ന് ലോകമെമ്പാടും കാണുന്ന പ്രശസ്തമായ 'ബിക് ക്രിസ്റ്റൽ' (BIC Cristal) പേനകൾ. ഈ ചരിത്രത്തിൽ ലാസ്ലോ ബിരോയ്ക്ക് സ്വന്തം കണ്ടുപിടുത്തത്തിൽ നിന്ന് വലിയ സാമ്പത്തിക ലാഭം ഉണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിലും, ലോകമെമ്പാടുമുള്ള ആളുകൾ ഇന്നും ഈ പേനയെ അദ്ദേഹത്തിന്റെ ഓർമ്മക്കായി 'ബിരോ' (Biro) എന്ന് തന്നെയാണ് വിളിക്കുന്നത്.

# തമിഴ് എന്ന വൈകാരിക ഭാഷ: തമിഴ് ഭാഷ ചരിത്രവും സ്വഭാവവും

(1 –ാം പേജിൽ നിന്നും തുടർച്ച)

മറ്റ് നാല് തമിഴ് മഹാകാവ്യങ്ങൾ.

ചരിത്രം, ശാസ്ത്രം, തത്വചിന്ത, ആത്മീയം, കവിത, നോവൽ, നാടകം തുടങ്ങിയുള്ള മേഖലകളിലേയ്ക്കെല്ലാം തമിഴ് സാഹിത്യം പുഷ്ടിയോടെ പടർന്നു കയറിയിട്ടുണ്ട്. സർവ്വതല സ്പർശിയായ മികച്ച സാഹിത്യ ഗ്രന്ഥങ്ങൾ എറെയുണ്ടെങ്കിലും തമിഴ് ഭാഷയെ ജനങ്ങളിലേയ്ക്ക് കൂടുതൽ അടുപ്പിക്കുന്ന കാര്യത്തിൽ മുഖ്യപങ്കുവഹിച്ചിട്ടുള്ളത് ഭക്തിസാഹിത്യമാണെന്നതും മറ്റൊരു വസ്തുത! ഏഴാം നൂറ്റാണ്ടുമുതൽ ഒമ്പതാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിലാണ് തമിഴ് ഭക്തിസാഹിത്യം പടർന്നു പന്തലിച്ചതെന്ന് കാണാം.

ഗണിതശാസ്ത്രം, വൈദ്യശാസ്ത്രം, ജ്യോതിശാസ്ത്രം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള ഒട്ടനവധി മികച്ച ഗ്രന്ഥങ്ങളും തമിഴ് ഭാഷയിലുണ്ട്. ഇവയിലെ ഏറിയകൂറും ലോക പ്രശസ്തിയാർജ്ജിച്ചവയാണുതാനും. വൈദ്യശാസ്ത്രത്തിൽ സിദ്ധവൈദ്യത്തിനാണ് കൂടുതൽ പ്രാമുഖ്യം. തമിഴ് സംസ്കാരത്തിലെ മറ്റൊരു പ്രധാന ഘടകമാണ് സിദ്ധവൈദ്യം.

കലാ-സാംസ്കാരിക രംഗങ്ങളിലും തമിഴ് ഭാഷ അതിന്റെ തനതായ സാന്നിദ്ധ്യവും മികവും തെളിയിച്ചിട്ടുണ്ട്. സംഗീതം, അഭിനയം തുടങ്ങിയ മേഖലകളിൽ തനതായ മുദ്രപതിപ്പിക്കാനും അതിന് കഴിഞ്ഞിട്ടുണ്ട്. വാദ്യോപകരണ കലയിലും പ്രത്യേകതകളോടെയുള്ള സംഭാവനകളാണുള്ളത്. കലയെ നെഞ്ചോട് ചേർത്തു വയ്ക്കുന്ന പ്രകൃതം തമിഴിന്റേയും തമിഴരുടേയും മറ്റൊരു പ്രത്യേകതയാണ്. അതിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ് തമിഴ് ചലച്ചിത്രം. ഭാഷയ്ക്കും സംസ്കാരത്തിനും ലോക വ്യാപക പ്രചാരം നൽകുന്ന കാര്യത്തിൽ തമിഴ് സിനിമകൾ വഹിക്കുന്ന പങ്ക് ചെറുതല്ല.

തമിഴ് ഭാഷയിലൂന്നി നിന്നുള്ളതാണ് തമിഴ് സംസ്കാരം. നവ സംസ്കാരങ്ങൾക്ക് മുളപൊട്ടാനും നിലവിലെ സംസ്കാര ചിന്തകൾക്ക് വളവും വെള്ളവുമേകാനും തമിഴ് ഭാഷ വഹിക്കുന്ന പങ്ക് നിസ്ഥൂലമാണ്. ആചാരനുഷ്ടാനങ്ങളുടെ കാവലാളായും ഇത് വർത്തിക്കുന്നു.

മലയാളവും തമിഴും തമ്മിൽ അടുത്ത ബന്ധമാണുള്ളത്. കേരള-തമിഴ് നാട് അതിർത്തി പ്രദേശങ്ങളിൽ രണ്ട് ഭാഷകളും ഒരേപോലെ ഉപയോഗിക്കപ്പെടുന്നുണ്ട്. ഇരു സംസ്ഥാനങ്ങളിലേയും അതിർത്തിയേതര പ്രദേശങ്ങളിലും, തമിഴ്നാട്ടിൽ മലയാളവും കേരളത്തിൽ തമിഴും ധാരാളമായി കൈകാര്യം ചെയ്യപ്പെടുന്നതായി കാണാം. സംസ്കാരപരമായ സാമ്യം, സമാനമായ പദസമ്പത്ത്, സാഹിത്യബന്ധം, സംഗീത-കലാ പാരമ്പര്യം തുടങ്ങിയവയ്ക്കു പുറമെ മലയാളവും തമിഴും ദ്രാവിഡ ഭാഷകളാണെന്നതും പരസ്പരബന്ധത്തിന്റെ ശക്തി വർദ്ധിപ്പിക്കുന്നുണ്ട്.

തമിഴ് ജനസമൂഹം തമിഴ് ഭാഷയെ അളവറ്റ് സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു എന്നത് എടുത്തുപറയേണ്ട വസ്തുതയാണ്. തമിഴ് ഭാഷയോട് അവർക്ക് ഒരുതരം ഭ്രമമാണുള്ളതെന്ന് പറഞ്ഞാൽപോലും അതിലൊട്ടും അതിശയോക്തി കാണേണ്ടതില്ല. ഈ വസ്തുത തമിഴ് ഭാഷാ പഠനരംഗത്ത് നന്നായി പ്രതിഫലിച്ചുകാണാം. ഭാഷയുടെ പോഷണത്തിനായി ഒട്ടേറെ പദ്ധതികളും പരിപാടികളുമാണ് തമിഴ്നാട് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നത്.

വാമൊഴിയിൽ ആരംഭിച്ച് ക്രമാനുഗത പരിണാമങ്ങളിലൂടെ ഡിജിറ്റൽ സാങ്കേതികതയിലെത്തിനിൽക്കുമ്പോൾ അവിടെയും തമിഴ് ഒട്ടും പിന്നിലല്ലാതെ പ്രശോഭിച്ചുതന്നെ നിലകൊള്ളുന്നു എന്നതാണ് എടുത്തുപറയേണ്ട പ്രത്യേകത. തമിഴ് യൂണികോഡിന്റെ വികാസത്തോടെ കമ്പ്യൂട്ടറുകളിലും മൊബൈൽ ഫോണുകളിലുമുള്ള തമിഴ് സാന്നിദ്ധ്യം മറ്റേതു ഭാഷയോടും കിടപിടിക്കുന്ന നിലയിലുള്ളതാണ്. തമിഴ് വിക്കിപീഡിയ, ഇ-പുസ്തകങ്ങൾ, ഓൺലൈൻ പത്രങ്ങൾ തുടങ്ങിയവയെല്ലാം തമിഴ് ഭാഷയുടെ വളർച്ചയ്ക്കും വികാസത്തിനും വഴിമരുന്നായി വർത്തിക്കുന്നു!

# നാട്ടറിവ്

റാണി ശ്രീജയൻ

## നെല്ലിക്ക



ആയുർവേദത്തിൽ നെല്ലിക്ക ഒരു രസായന (പുനരുജ്ജീവന) ഔഷധമായി കണക്കാക്കപ്പെടുന്നു. ഇത് വാത, പിത്ത, കഫ ദോഷങ്ങളെ സന്തുലിതമാക്കുകയും വിറ്റാമിൻ സിയുടെയും ആന്റിഓക്സിഡന്റുകളുടെയും ഒരു കലവറയുമാണ്. നെല്ലിക്ക ശരീരത്തെ വിഷവിമുക്തമാക്കുകയും ദഹനത്തെ സഹായിക്കുകയും ചെയ്യുന്നു. ദഹനരസങ്ങളെയും മലവിസർജ്ജനത്തെയും ഉത്തേജിപ്പിക്കുകയും പിത്തയെ (വയറിലെ ചൂട്) ശമിപ്പിക്കുകയും അസിഡിറ്റി കുറയ്ക്കുകയും ചെയ്യുന്നു.

രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതോടൊപ്പം ശരീരത്തിന്റെ സ്വാഭാവിക പ്രതിരോധത്തെ ശക്തിപ്പെടുത്തുന്നു. മുടിയും ചർമ്മവും പോഷിപ്പിക്കുകയും ചർമ്മത്തിന്റെ നിറം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഹൃദയാരോഗ്യത്തെ സംരക്ഷിക്കുകയും രക്തസമ്മർദ്ദം നിയന്ത്രിക്കുന്നതിനൊപ്പം കൊളസ്ട്രോളും ട്രൈഗ്ലിസറൈഡുകളും കുറയ്ക്കാനും സഹായിക്കുന്നു. ഇൻസുലിൻ സംവേദനക്ഷമത മെച്ചപ്പെടുത്തുകയും പ്രമേഹ നിയന്ത്രണത്തിന് ആരോഗ്യകരമായ ഗ്ലൂക്കോസ് മെറ്റബോളിസത്തെ പിന്തുണയ്ക്കുകയും ചെയ്യുന്നു. കാഴ്ചശക്തി വർദ്ധിപ്പിക്കുന്നു. നെല്ലിക്ക അമിതമായി കഴിച്ചാൽ ചിലരുടെ വയറിൽ അസ്വസ്ഥതയുണ്ടാകാൻ സാധ്യതയുമുണ്ട്.

# ഗാന്ധി ഭാരത്

## മഹാത്മാഗാന്ധിയുടെ ഗുണങ്ങൾ എങ്ങനെ ജീവിതത്തിൽ ഉൾപ്പെടുത്താം


ശ്രീലത എ.പി

*(തുടർച്ച)*

### 9 തീരുമാനിച്ച കാര്യങ്ങൾ ഉടൻ നടപ്പിലാക്കുക

'നിങ്ങൾ ചെയ്യുന്ന മിക്കവാറും കാര്യങ്ങൾക്കും ഒരു പ്രാധാന്യവും കാണില്ല. പക്ഷേ നിങ്ങൾ അത് ചെയ്യേണ്ടത് അത്യാവശ്യമാണ്.'

സ്കൂളിൽ പഠിക്കുമ്പോഴും പിന്നീട് നിയമങ്ങൾ പഠിക്കാൻ ഇംഗ്ലണ്ടിൽ പോയപ്പോഴും ഗാന്ധിജിക്ക് കാര്യങ്ങൾ നീട്ടി കൊണ്ട് പോകലിന്റെ അപകടാവസ്ഥ നേരിടേണ്ടി വന്നിട്ടുണ്ട്. പിന്നീട് അദ്ദേഹം തീരുമാനിച്ച കാര്യങ്ങൾ ഉടൻ നടപ്പിലാക്കുക എന്ന ശീലം കൈ കൊണ്ടു. എടുത്ത തീരുമാനങ്ങളിൽ ഉറച്ചു നിൽക്കുകയും അത് പ്രാവർത്തിക്കമാക്കാൻ അർപ്പണബോധത്തോടെ പ്രവർത്തിക്കുകയും ചെയ്ത വ്യക്തിയായിരുന്നു ഗാന്ധിജി. ഏത് പ്രതിസന്ധി ഘട്ടത്തിലും സത്യം മാത്രമേ പറയുകയുള്ളൂ എന്നും, അക്രമരഹിതമായ മാർഗ്ഗങ്ങൾ സ്വീകരിക്കുക എന്നതുമായിരുന്നു അദ്ദേഹത്തിന്റെ തീരുമാനം. വിദേശ ഉൽപ്പന്നങ്ങൾ ബഹിഷ്കരിച്ചതും, സ്വന്തമായി നൂൽ നൂറ്റ് ഉണ്ടാക്കുന്ന ഖാദി വസ്ത്രങ്ങൾ മാത്രം ധരിക്കാൻ തീരുമാനിച്ചതുമെല്ലാം ഇതിൽ നിന്നുമുണ്ടായ പ്രചോദനത്തിലു



ടെയായിരുന്നു. ആദ്യം അദ്ദേഹം എടുത്ത തീരുമാനങ്ങൾക്കും പ്രവർത്തികൾക്കും അത്ര പ്രധാന്യമുണ്ടാക്കില്ലെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. എന്നാൽ പിന്നീട് അവയ്ക്ക് പ്രധാനപ്പെട്ട ഫലങ്ങൾ ഉണ്ടാകുമെന്നും ഗാന്ധിജിയ്ക്ക് അറിയാമായിരുന്നു.

നമ്മൾ എന്തെങ്കിലും ചെയ്തില്ലെങ്കിൽ അത് ഒരിക്കലും നടക്കില്ല. നമുക്കിതിന് സാധിക്കുമോ എന്ന് ചിന്തിക്കുന്ന സമയം നാം അവിടെ ജീവിതത്തോട് അടിയറവ് പറയുകയാണ്. എന്ത് കാര്യം ആയിക്കോട്ടെ ചെറുതോ, വലുതോ, ഭാവിയിലേക്കുള്ള കാര്യമോ ഏതായാലും ഒരിക്കലും അത് വിശ്രമത്തിന്റെയും, അലസതയുടെയും കാരുണ്യത്തിലായിരിക്കരുത്. എന്തെങ്കിലും ചെയ്യണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ അത് ആരംഭിക്കുക എന്നതാണ് ഏറ്റവും നല്ല കാര്യം.

### 10 അക്രമരഹിതം

'എന്റെ മതം സത്യത്തിലും അഹിംസയിലും അധിഷ്ഠിതമാണ്. സത്യമാണ് എന്റെ ദൈവം. അത് സാക്ഷാത്കരിക്കാനുള്ള മാർഗ്ഗമാണ് അഹിംസ. കൂടാതെ 'കണ്ണിനു കണ്ണ് എന്ന നിയമം താമസിയാതെ ലോകത്തെ മുഴുവൻ അന്ധമാക്കും.'

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായുള്ള അഹിംസാത്മക പ്രസ്ഥാനങ്ങളിലെ ഏറ്റവും പ്രമുഖനായ വ്യക്തിയായിരുന്നു ഗാന്ധിജി. തന്റെ അഹിംസാ തത്വങ്ങളുടെ പേരിൽ ലോകം മുഴുവൻ അറിയപ്പെടുന്നു. അദ്ദേഹം ഒരിക്കലും അക്രമത്തിലേയ്ക്ക് കടന്നിട്ടില്ല. അദ്ദേഹത്തിന്റെ സ്മരണയ്ക്കും, ആദരസൂചകമായും ലോകമെമ്പാടും അന്താരാഷ്ട്രാ 'അഹിംസാദിനം' ആചരിക്കുന്നു. നമ്മുടെ പ്രശ്നങ്ങളും സംഘർഷങ്ങളും സമാധാനപരമായി അക്രമമില്ലാതെ പരസ്പരം സഹകരിച്ച് പരിഹരിക്കാൻ തുടങ്ങിയാൽ ബുദ്ധിശൂന്യമായ പ്രശ്നങ്ങളിൽ നിന്നും യുദ്ധങ്ങളിൽ നിന്നും നമുക്ക് ഒഴിഞ്ഞ് മാറാൻ സാധിക്കും. ഇന്ന് വർദ്ധിച്ചു വരുന്ന കൊലപാതങ്ങളിൽ പലതും ഒരു നിമിഷത്തിന്റെ എടുത്തു ചാട്ടത്തിന്റെ ഭവിഷ്യത്താണ്. ഈ കാലഘട്ടത്തിലാണ് ഗാന്ധിജിയുടെ ഓരോ വാക്കുകളും, തത്വങ്ങളും പ്രവർത്തികളും നമ്മൾക്ക് എത്ര മാത്രം ഉപകാരപ്രദമെന്ന് അറിയുന്നത്. ഇപ്പോൾ ജീവിക്കുന്നവരും, വളർന്നു വരുന്ന തലമുറകളും ഈ മാർഗങ്ങൾ കൈകൊണ്ടാൽ സമൂഹത്തിൽ ഉണ്ടാകുന്ന ഒട്ടനവധി പ്രശ്നങ്ങൾ ഇല്ലാതാക്കാൻ സാധിക്കും. മനുഷ്യർ മനുഷ്യരെ മനസിലാക്കുന്ന ഒരു കാലം വരുമെന്ന പ്രതീക്ഷയോടെ നമുക്ക് കാത്തിരിക്കാം.

യുദ്ധങ്ങൾ അപൂർവ്വമായി മാത്രമേ പ്രശ്നങ്ങൾ പരിഹരിക്കൂ.

അവസാനം നിങ്ങളുടെ ലക്ഷ്യങ്ങളിൽ എത്തിച്ചേരാൻ സഹായിക്കുന്ന ഗാന്ധിജിയുടെ ഒരു ഉദ്ധരണി.

'നിങ്ങളുടെ വിശ്വാസങ്ങൾ നിങ്ങളുടെ ചിന്തകളായി മാറുന്നു.ചിന്തകൾ നിങ്ങളുടെ വാക്കുകളായി മാറുന്നു. വാക്കുകൾ നിങ്ങളുടെ പ്രവർത്തികളായി മാറുന്നു. പ്രവർത്തികൾ നിങ്ങളുടെ ശീലങ്ങളായി മാറുന്നു. ശീലങ്ങൾ നിങ്ങളുടെ മൂല്യങ്ങളായി മാറുന്നു. മൂല്യങ്ങൾ നിങ്ങളുടെ വിധിയായി മാറുന്നു'.

ഗാന്ധിജിയുടെ ഗുണങ്ങൾ നിങ്ങളുടെ ജീവിതത്തിൽ സ്വാംശീകരിക്കാനും, പൊരുത്തപ്പെടുത്താനും ലോകത്തെ മികച്ച സ്ഥലമാക്കി മാറ്റാൻ സഹായിക്കാനും നമ്മൾ പ്രതിജ്ഞ എടുക്കണം.

അവസാനിച്ചു.

# എഴുത്തിന്റെ ആദരങ്ങൾ

## ഓടക്കുഴൽ പുരസ്കാരം



ഡോ: സുജ സതീഷ്

മലയാള സാഹിത്യത്തിന്റെ ആത്മാവിനെതൊട്ടുണർത്തുന്ന ധന്യമായൊരു പുരസ്കാരമാണ് ഓടക്കുഴൽ പുരസ്കാരം. കേവലമൊരു സാഹിത്യ ബഹുമതി എന്നതിനപ്പുറം, അഞ്ച് പതിറ്റാണ്ടിലേറെയായി മലയാള ഭാഷയ്ക്കും സാഹിത്യത്തിനും ദിശാബോധം നൽകുന്ന സാംസ്കാരിക ദീപശിഖ കൂടിയാണിത്. അക്ഷരലോകത്ത് അമൂല്യ സംഭാവനകൾ അർപ്പിക്കുന്ന കൃതികളെ തേടിയെത്തുന്ന ഈ പുരസ്കാരം, മലയാളത്തിന് ആദ്യമായി ജ്ഞാനപീഠത്തിന്റെ സുവർണ്ണശോഭ സമ്മാനിച്ച മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ അനശ്വരസ്മരണയെ ഓരോ വർഷവും പുതുക്കുന്നു. 1965-ൽ തന്റെ 'ഓടക്കുഴൽ' എന്ന പ്രശസ്ത കവിതാസമാഹാരത്തിന് ലഭിച്ച പ്രഥമ ജ്ഞാനപീഠ പുരസ്കാരത്തുകയുടെ ഒരു വിഹിതം നീക്കിവെച്ചുകൊണ്ടാണ് മഹാകവി ജി. ശങ്കരക്കുറുപ്പ് ഗുരുവായൂരപ്പൻ ട്രസ്റ്റ് രൂപീകരിച്ചത്.

മലയാള സാഹിത്യത്തിലെ ഉത്കൃഷ്ട കൃതികളെ കണ്ടെത്തി അവയ്ക്ക് അർഹമായ അംഗീകാരം നൽകുക എന്ന മഹത്തായ ലക്ഷ്യത്തോടെ, മഹാകവി ജി. ശങ്കരക്കുറുപ്പ് സ്ഥാപിച്ച ഗുരുവായൂരപ്പൻ ട്രസ്റ്റാണ് 1968-ൽ ഓടക്കുഴൽ പുരസ്കാരം ഏർപ്പെടുത്തിയത്. അദ്ദേഹത്തിന്റെ ചരമവാർഷികദിനമായ ഫെബ്രുവരി 2-ന് എറണാകുളത്ത് നടക്കുന്ന ചടങ്ങിലാണ് സാധാരണയായി ഈ ബഹുമതി സമ്മാനിക്കുന്നത്. മുപ്പതിനായിരം രൂപയും പ്രശസ്തി പത്രവും ശില്പവും ഉൾക്കൊള്ളുന്ന ഈ ബഹുമതി, കൃതിയുടെ സാഹിത്യ ഗുണത്തെയും എഴുത്തുകാരന്റെ സർഗപ്രതിഭയെയും ഒരുപോലെ ആദരിക്കുന്നു.

കവിത, കഥ, നോവൽ, നിരൂപണം, വിവർത്തനം എന്നിങ്ങനെ മലയാള സാഹിത്യത്തിന്റെ വിവിധ മേഖലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ അനേകം എഴുത്തുകാർ ഓടക്കുഴൽ പുരസ്കാരത്തിന് അർഹരായിട്ടുണ്ട്. 2025-ൽ ഇ.പി രാജഗോപാലിന്റ 'ഉൾക്കഥ' എന്ന സാഹിത്യവിമർശനകൃതി പുരസ്കാരത്തിന് അർഹമായി.

കെ. അരവിന്ദാക്ഷന്റെ 'ഗോപ' (2024), പി.എൻ ഗോപീകൃഷ്ണന്റെ കവിത മാംസഭോജിയാണ് (2023), അംബികാസുതൻ മാങ്ങാടിന്റെ 'പ്രാണവായു'(2022), സാറാജോസഫിന്റെ 'ബുധിനി'(2021) എന്നീ കൃതികളും സമീപ വർഷങ്ങളിൽ ഓടക്കുഴൽ പുരസ്കാരത്തിന്റെ പാരമ്പര്യത്തിൽ ശ്രദ്ധേയമായ ഇടം നേടിയവയാണ്.

ഓരോ വർഷവും സാഹിത്യഗുണവും സർഗമികവും മുൻനിർത്തിയുള്ള സൂക്ഷ്മമായ വിലയിരുത്തലിലൂടെയാണ് പുരസ്കാരാർഹമായ കൃതികൾ തിരഞ്ഞെടുക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ മലയാളസാഹിത്യലോകത്ത് വിശ്വാസ്യതയും ആദരവും നേടിയ പ്രമുഖ ബഹുമതികളിലൊന്നായി ഓടക്കുഴൽ പുരസ്കാരം ഇന്നും തിളങ്ങിനിൽക്കുന്നു. കാലത്തിന്റെ സ്പന്ദനങ്ങൾ തിരിച്ചറിയുകയും അക്ഷരങ്ങളുടെ പുതുമയെ ആദരിക്കുകയും ചെയ്യുന്ന ഇത്തരം അംഗീകാരങ്ങൾ എഴുത്തുകാർക്ക് പ്രചോദനമാകുന്നതിനൊപ്പം ഭാഷയുടെ സർഗചൈതന്യവും സാഹിത്യപാരമ്പര്യവും വരും തലമുറകളിലേക്ക് പകർന്നു നൽകുന്ന ജീവശക്തിയായും നിലകൊള്ളുന്നു.

# സംസ്കാരഭാരതം കാവ്യസദസ്സ്

## മികച്ച കവി കോട്ടുകാൽ സത്യൻ

**തിരുവനന്തപുരം:** സംസ്കാരഭാരതം ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയായ സംസ്കാരഭാരതം കാവ്യസദസ്സ് ലൈബ്രറി കൗൺസിൽ തിരുവനന്തപുരം ജില്ലാ സെക്രട്ടറി എൻ.എസ്. വിനോദ് ഉദ്ഘാടനം ചെയ്തു.

കാവ്യസദസ്സിൽ അവതരിപ്പിക്കപ്പെട്ട കവിതകൾ കോർത്തിണക്കിയ 'കാവ്യമാല ഇതൾ-23' എന്ന കവിതാസമാഹാരത്തിന്റെ പ്രകാശന കർമ്മവും മികച്ച കവിയായി തെരഞ്ഞെടുക്കപ്പെട്ട കോട്ടുകാൽ സത്യന് പുരസ്കാര സമർപ്പണവും എൻ.എസ്.വിനോദ് നിർവ്വഹിച്ചു. സംസ്കാരഭാരതം ട്രസ്റ്റ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ അദ്ധ്യക്ഷതവഹിച്ച ചടങ്ങിൽ ട്രസ്റ്റ് സെക്രട്ടറി ജയ ശ്രീകുമാർ സ്വാഗതമാശംസിച്ചു. സ്മിതാ മനോജ് കൃതജ്ഞത രേഖപ്പെടുത്തി.



*സംസ്കാരഭാരതം കാവ്യസദസ്സ് ഉദ്ഘാടനം ചെയ്ത ലൈബ്രറി കൗൺസിൽ ജില്ലാ സെക്രട്ടറി എൻ.എസ്. വിനോദ് മികച്ച കവിക്കുള്ള പുരസ്കാരം കോട്ടുകാൽ സത്യന് സമ്മാനിക്കുന്നു*

# പ്രതിഭകൾക്കൊപ്പം പരിപാടിയിൽ ബാലുകിരിയത്ത് അതിഥിയായെത്തി



*പ്രതിഭകൾക്കൊപ്പം പരിപാടിയിൽ ബാലുകിരിയത്ത് സംസാരിക്കുന്നു. ബി.എസ്. ബാലചന്ദ്രൻ, ജയ ശ്രീകുമാർ എന്നിവർ സമീപം*

**തിരുവനന്തപുരം:** ഭാരത് സേവക് സമാജ് സംഘടിപ്പിക്കുന്ന 'പ്രതിഭകൾക്കൊപ്പം' പരിപാടിയിൽ ചലച്ചിത്ര സംവിധായകനും ഗാനരചയിതാവുമായ ബാലുകിരിയത്ത് അതിഥിയായെത്തി.

കവടിയാർ സദ്ഭാവനാ ഭവൻ ആഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ അദ്ധ്യക്ഷനായിരുന്നു. ബി.എസ്.എസ് ഡയറക്ടർ ജനറൽ ജയ ശ്രീകുമാർ സ്വാഗതമാശംസിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ലീന മാത്യു കൃതജ്ഞതരേഖപ്പെടുത്തി സംസാരിച്ചു.



രാജി അജിത്ത്

# അറിവിന്റെ മധുകണങ്ങൾ

- ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) വൈസ് പ്രസിഡന്റായി നിയമിതനാകുന്ന ആദ്യ ഇന്ത്യൻ ആരാണ്?
- വിവേക് അഗർവാൾ
- ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ എത്രാം വാർഷികമാണ് 2026 ജൂൺ 19 ന് ആഘോഷിച്ചത് ?
- എൺപത്
- ഇന്ത്യയിലെ ആദ്യ മൾട്ടി-ലെയിൻ ഫ്രീഫ്ളോ (MLFF) ടോളിംഗ് സിസ്റ്റം ആരംഭിച്ച സംസ്ഥാനം ഏത്?
- ഗുജറാത്ത്
- ഇന്ത്യൻ കോസ്റ്റ് ഗാർഡിൽ ഉൾപ്പെടുത്തിയ ഇന്ത്യയുടെ ആദ്യ സ്വദേശീയ ഹോവർക്രാഫ്റ്റിന്റെ പേര് എന്താണ്?
- H-561
- സുരക്ഷിതമായ നടപ്പാതയിലൂടെ നടക്കാനുള്ള അവകാശം അടിസ്ഥാന അവകാശമാണെന്ന് പ്രഖ്യാപിച്ച കോടതി ഏത്?
- Supreme Court of India
- ലോക അഭയാർത്ഥി ദിനം (World Refugee Day) ഏത് ദിവസമാണ് ആചരിക്കുന്നത്?
- ജൂൺ 20
- ഇന്ത്യയിൽ ആദ്യമായി മണ്ണിൽ പൂർണ്ണമായും ദ്രവിച്ചു ചേരുന്ന പാക്കറ്റുകളിൽ പാൽ വിപണിയിൽ ഇറക്കുന്ന സ്ഥാപനം ഏതാണ് ?
- മദർ ഡയറി
- 2026 -ൽ പ്രവർത്തന രഹിതമായതായി നാസ പ്രഖ്യാപിച്ച ചൊവ്വ ദൗത്യം ഏതാണ് ?
- MAVEN
- മൃതശരീരം കീറി മുറിക്കാതെ പോസ്റ്റ് മോർട്ടം നടത്താവുന്ന വെർച്വൽ ഓട്ടോപ്സി സംവിധാനം സംസ്ഥാനത്ത് ആദ്യമായി നിലവിൽ വരുന്നത് എവിടെയാണ് ?
- കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി
- ഐ.എസ്.ആർ.ഒ യുടെ ബാഹുബലി എന്നറിയപ്പെടുന്ന റോക്കറ്റ് ഏതാണ് ?
- എൽ.വി.എം 3
- ബംഗളൂരുവിലെ കൈരളി കലാ സമിതി സാഹിത്യ പുരസ്കാരത്തിന് 2026 - ൽ അർഹയായത് ആരാണ് ?
- സാറാ ജോസഫ്
- നാഷണൽ സേഫ്റ്റി കൗൺസിൽ കേരള ചാപ്റ്റർ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഏറ്റവും മികച്ച ശുദ്ധ വായു ലഭിക്കുന്ന വനമേഖല ഏതാണ് ?
- തട്ടേക്കാട് പക്ഷിസങ്കേതം
- സ്ത്രീകൾക്കും ട്രാൻസ് ജെൻഡറുകൾക്കും കെ.എസ്.ആർ.ടി.സി ഓർഡിനറി ബസുകളിൽ സൗജന്യ യാത്ര ഒരുക്കുന്ന കേരള സർക്കാരിന്റെ പുതിയ പദ്ധതി ഏതാണ് ?
- പ്രിയദർശിനി

## നട്ട മരങ്ങൾ പരിപാലിക്കപ്പെടണം; ജലാശയങ്ങൾ മലിനമാക്കരുത്: മന്ത്രി കെ. മുരളീധരൻ

(1 –ാം പേജിൽ നിന്നും തുടർച്ച)

നട്ടുപിടിപ്പിക്കുന്നതിനൊപ്പം തന്നെ നട്ടമരങ്ങൾ പരിപാലിക്കുവാനും സംരക്ഷിക്കുവാനും കൂടി ശ്രദ്ധിക്കേണ്ടതുണ്ടെന്നും മറിച്ചായാൽ പുതിയ മരം വച്ചുപിടിക്കുന്നതിൽ അർത്ഥമില്ലാതാകുമെന്നും കെ. മുരളീധരൻ പറഞ്ഞു. വർഷങ്ങൾക്കുമുമ്പ് താൻ ഒരു ക്ഷേത്രവുമായി ബന്ധപ്പെട്ട സ്ഥലത്ത് നട്ട മരത്തിന്റെ അവസ്ഥയെക്കുറിച്ചും അദ്ദേഹം രസകരമായി വിശദീകരിക്കുകയുണ്ടായി.

ചടങ്ങിൽ നേച്ചർക്ലബ്ബ് വേൾഡ് വൈഡ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ അദ്ധ്യക്ഷനായിരുന്നു.

## ആൽബം




പ്രശസ്ത സിനിമാ സംവിധായകൻ ബാലു കിരിയത്തും, ബി.എസ്.ബാലചന്ദ്രനും

## മികച്ച പരിസ്ഥിതി സംരക്ഷണ പ്രവർത്തനത്തിന് നേച്ചർക്ലബ്ബ് വേൾഡ് വൈഡ് ഏർപ്പെടുത്തിയ കാലാവസ്ഥാ രക്ഷാ പുരസ്കാരങ്ങൾ വിവിധ വിദ്യാലയങ്ങളിലെ വിദ്യാർഥികൾ ഏറ്റുവാങ്ങുന്നു



മികച്ച പാരിസ്ഥിതിക പ്രവർത്തകനുള്ള പുരസ്കാരം കെ.പി.യു. അലി ഏറ്റുവാങ്ങുന്നു



സർവോദയ വിദ്യാലയം



സെൻറ് തോമസ് സ്കൂൾ



അമൃത വിദ്യാലയം



കേന്ദ്രീയ വിദ്യാലയം, പാങ്ങോട്



കൈരളി വിദ്യാഭവൻ



നവജീവൻ ബദനി വിദ്യാലയം



ശ്രീചിത്തിരതിരുനാൾ റെസിഡൻഷ്യൽ സെൻട്രൽ സ്കൂൾ



ലേ കോൾ ചെമ്പക വിദ്യാലയം



സരസ്വതി വിദ്യാലയ

## ലോക പരിസ്ഥിതി ദിനത്തിൽ 'നേച്ചർക്ലബ്ബ് വേൾഡ് വൈഡ്'ന്റെ ആഭിമുഖ്യത്തിൽ ശില്പശാലയും പുരസ്കാരദാനവും

'നേച്ചർക്ലബ്ബ് വേൾഡ്‌വൈഡ്'ന്റെ ആഭിമുഖ്യത്തിൽ ജൂൺ5ന് ലോക പരിസ്ഥിതി ദിനം സമുചിതമായി ആചരിച്ചു. ഭാരത് സേവക് സമാജ് ആസ്ഥാനമായ കവടിയാർ സദ്ഭാവനാ ഭവൻ ആഡിറ്റോറിയത്തിൽ സംഘടിപ്പിക്കപ്പെട്ട പരിപാടി സംസ്ഥാന ആരോഗ്യവകുപ്പ് മന്ത്രികെ.മുരളീധരൻ ഉദ്ഘാടനംചെയ്തു.

പരിപാടിയുടെ ഭാഗമായി "കാലാവസ്ഥാ അതിജീവനശേഷിയും കൂട്ടായ സുസ്ഥിര സമ്പ്രദായങ്ങളും" എന്ന വിഷയത്തെ അധികരിച്ചുള്ള സെമിനാറും സംഘടിപ്പിക്കപ്പെട്ടിരുന്നു. മികച്ച പരിസ്ഥിതി പ്രവർത്തകനും മികച്ച പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയ വിദ്യാലയങ്ങൾക്കുമുള്ള പുരസ്കാരങ്ങളും ചടങ്ങിൽവെച്ച് സമ്മാനിക്കുകയുണ്ടായി.

മികച്ച പരിസ്ഥിതി പ്രവർത്തകനുള്ള പുരസ്കാരത്തിന് പരിസ്ഥിതി സംരക്ഷണ സമിതി കോഴിക്കോട് ജില്ലാ പ്രസിഡന്റ് കെ.പി.യു അലി അർഹനായി. തിരുവനന്തപുരം ജില്ലയിലെ സെന്റ് തോമസ് സ്കൂൾ, മുക്കോലയ്ക്കൽ, കേന്ദ്രീയവിദ്യാലയം പാങ്ങോട്, നവജീവൻ ബദനി വിദ്യാലയം നാലാഞ്ചിറ, ചെമ്പക വിദ്യാലയം ഇടവക്കോട്, കൈരളി വിദ്യാഭവൻ നെടുമങ്ങാട്, അമൃത വിദ്യാലയം കൈമനം, സർവ്വോദയ വിദ്യാലയ നാലാഞ്ചിറ, ശ്രീചിത്തിരതിരുനാൾ റസിഡൻഷ്യൽ സ്കൂൾ കുന്നത്തുകാൽ, സരസ്വതി വിദ്യാലയ വട്ടിയൂർക്കാവ് എന്നിവയാണ് നേച്ചർ ക്ലബ്ബ് വേൾഡ് വൈഡിന്റെ 'കാലാവസ്ഥാ രക്ഷാ പുരസ്കാര'ത്തിന് അർഹമായത്. കെ.പി.യു അലിക്കും വിദ്യാലയ പ്രതിനിധികൾക്കും മന്ത്രി കെ. മുരളീധരൻ പുരസ്കാരങ്ങൾ സമ്മാനിച്ചു.

പരിപാടിയിൽ നേച്ചർക്ലബ്ബ് വേൾഡ് വൈഡ് ചെയർമാൻ ബി.എസ്.ബാലചന്ദ്രൻ അദ്ധ്യക്ഷനായിരുന്നു. നേച്ചർ ക്ലബ്ബ് സെക്രട്ടറി ജയ ശ്രീകുമാർ സ്വാഗതമാശംസിച്ച പരിപാടിയിൽ രാഷ്ട്രീയ-സാഹിത്യ നിരീക്ഷകൻ ചെറിയാൻ ഫിലിപ്പ് 'പരിസ്ഥിതി ദിന സന്ദേശം' നൽകി. പരിസ്ഥിതി ദിനാചരണത്തിന്റെ പ്രാധാന്യത്തെയും ലക്ഷ്യങ്ങളേയും കുറിച്ച് നേച്ചർ ക്ലബ്ബ് വേൾഡ് വൈഡ് പ്രോജക്ട് ഡയറക്ടർ ബിന്ദു രാജേന്ദ്രൻ പ്രഭാഷണംനടത്തി. നേച്ചർ ക്ലബ്ബ് പശ്ചിമഘട്ട ജില്ലാ ഗവർണർ ഡോ. പി.കൃഷ്ണകുമാർ, നേച്ചർ ക്ലബ്ബ് മെൻഡർ ഡി. സുദർശനൻ, പരിസ്ഥിതി പ്രവർത്തകൻ ശ്രീധർ രാധാകൃഷ്ണൻ, പരിസ്ഥിതി ബോധവത്ക്കരണ പ്രവർത്തക വീണാ മരുത്തൂർ, ബി.എസ്.എസ് സോളാർ മിഷൻ ചെയർമാൻ ബി.എസ്. ഗോപകുമാർ, ഗാന്ധി ഭാരത് ദേശീയ സെക്രട്ടറി കെ.ജി. ബാബുരാജ്, പുരസ്കാര ജേതാവ് കെ.പി.യു.അലി, അവാർഡ് ജേതാക്കളായ വിദ്യാലയ പ്രതിനിധികൾ തുടങ്ങിയവർ സംസാരിച്ചു.

നേച്ചർക്ലബ്ബ് വേൾഡ് വൈഡ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ ഉപസംഹാര പ്രസംഗം നടത്തി. പ്രോജക്ട് കോ-ഓർഡിനേറ്റർ ലീനാ മാത്യു കൃതജ്ഞത പ്രകാശിപ്പിച്ചു.

## മറുകും മലയും



ഡോ. രമേശ് ഇളമൺ നമ്പൂതിരി

### ദുരൂഹത

ഞാൻ അഗ്നിയെ വിഴുങ്ങിക്കൊണ്ടിരിക്കുന്നു.
വിശപ്പു തീരാത്ത ഒരു പഥികൻ
നക്ഷത്രങ്ങളെ വിഴുങ്ങിയ ഒരു കാലമുണ്ടായിരുന്നു.
ഇന്ന് മുളകിന് മധുരം പോലെ
മുയലിന് കൊമ്പു പോലെ
വിസ്മയത്തമാർന്ന പ്രഹേളിക
ഞാനെന്ന പ്രഹേളിക

### ശിലാശേഖരം

ഇന്നലെ ഞാനൊരു വലിയ കല്ല് വിഴുങ്ങി.
അയൽക്കാരൻ ഉയർന്നുയുർന്ന്
പോകുന്നത് കണ്ടപ്പോഴായിരുന്നു അത്.
ഡോക്ടർ പറഞ്ഞു
'ഇതുപോലെ ഒരുപാട് കല്ലുകൾ
നിങ്ങളുടെ വയറിലുണ്ട്.'

### ഒക്കെയും പൂർണ്ണം

എത്ര അകലെയാണാകാശ-
മെത്ര ആഴത്തിലീ സാഗരം
എത്ര ഭീതിദമീ വെള്ളിടി നാദ-
മെത്ര വേഗത ഈ മിന്നലിൽ യാത്ര
ദുഷ്ക്കരമിവയൊക്കെ എത്തുവാനെങ്കിലും
എത്തുവാനൊന്നുണ്ടു മന്നിടത്തിൽ
ഹൃദയം മാനവ ഹൃദയം പുഷ്ക്കലം
എത്തുക അപരന്റെ ഹൃദയത്തിലെങ്കിലോ
ഒക്കെയും പൂർണ്ണം നമ്മുടെ
യാത്രകളെല്ലാമപ്പോൾ

### നാദം

പാടി ഞാൻ നിരത്തിലൂടിങ്ങനെ ഒഴുകവെ
കേൾക്കാതിരിക്കില്ല മൽ നാദത്തിനപ്പുറം
സാത്വികമീ മുഴങ്ങുന്ന നന്മതൻ മാറ്റൊലി
നാണയത്തിനായ് ഓടുമീ ഭ്രാന്തമാം തിരക്കിലും
നാലുപേരെങ്കിലും കേൾക്കുമീ നാദം
സുനിശ്ചയം

### തിരച്ചിൽ

ആത്മഗതങ്ങൾ എന്നുമുണ്ട്
ആശ്ചര്യചിഹ്നങ്ങളുമുണ്ട്
ചോദ്യശരങ്ങളിൽ പിടഞ്ഞു വീഴുന്ന
യാമങ്ങൾ ഏറെയുണ്ട്.
ഉദ്വേഗച്ചില്ലകൾ മെനഞ്ഞ കൂട്ടിൽ
എന്റെ ഉറക്കവുമുണ്ട്.
അതിന്നുമപ്പുറം എന്തെങ്കിലുമൊന്നു കൂടി
വേണ്ടേ കൂട്ടിനു തണുപ്പായ്
വേണം തേടുകയാണു ഞാൻ

## കാര്യവിചാരം

### നോബൽ പ്രൈസ് ജേതാക്കളായ ഒരു കുടുംബത്തിലെ മൂന്നുപേർ



പ്രൊഫ. ജി. ബാലചന്ദ്രൻ

പീയർ ക്യൂറിയെ വിവാഹം കഴിച്ചതോടെ മേരി മാഡം ക്യൂറിയായി അറിയപ്പെട്ടു. പീയർ ക്യൂറിയുടെയും മാഡം ക്യൂറിയുടെയും മൂത്ത മകൾ ഐറിൻ ജൂലിയറ്റിനും ശാസ്ത്ര രംഗത്ത് കൈവരിച്ച അത്യപൂർവ്വ കണ്ടുപിടിത്തങ്ങൾക്ക് നോബൽ പ്രൈസ് ലഭിച്ചു. ഐറിൻ ക്യൂറി, മേരി ക്യൂറി, പിയർ ക്യൂറി മൂവരും വിനയത്തിന്റേയും സ്നേഹത്തിന്റേയും പ്രതീകങ്ങളായിരുന്നു. പോളണ്ടിൽ ജനിച്ചു ജീവിച്ച അവരുടെ ജീവിത കഥ ഒരു ഇതിഹാസമാണ്. ഫിസിക്സ് പ്രൊഫസറായിരുന്ന പീയർ ക്യൂറിയുടെ കീഴിലാണ് മാഡം ക്യൂറി ഫിസിക്സിൽ ഗവേഷണം ചെയ്തത്. പ്രണയബദ്ധരായ അവർ വിവാഹിതരായി. അന്വേഷണത്തിന്റേയും ഗവേഷണത്തിന്റേയും ഫലമായി മാഡം ക്യൂറി യൂറിയത്തിന്റെ സ്വഭാവമുള്ള തോറിയം എന്ന മൂലകം കണ്ടെത്തി. അതിനുപിന്നാലെ റേഡിയോ ആക്ടീവിറ്റി കണ്ടുപിടിച്ചു. ആദ്യമൊക്കെ മാഡം ക്യൂറിയുടെ കണ്ടുപിടിത്തങ്ങളെ മറ്റു ശാസ്ത്രജ്ഞർ അവഗണിച്ചു. തികഞ്ഞ അസൂയ. എമേഴ്സൻ പറഞ്ഞിട്ടുള്ളതുപോലെ 'Genius is the enemy of Genius.'

ക്യൂറി ദമ്പതികൾ അവരുടെ കഠിനാദ്ധ്വാനം തുടർന്നു. 1902 ഏപ്രിൽ 4 ന് അവർ റേഡിയത്തെ വേർതിരിച്ചു. പൊളോണിയവും കണ്ടുപിടിച്ചു. അതിന്റെ അണുഭാരം 226-നും 245 നും ഇടയ്ക്കായിരിക്കുമെന്ന് മാഡം ക്യൂറി പ്രഖ്യാപിച്ചു. ക്യാൻസർ രോഗത്തിനുള്ള ഫലപ്രദമായ ചികിത്സയ്ക്ക് അതു വഴിതെളിച്ചു. ക്യാൻസർ രോഗാണുക്കളെ നശിപ്പിക്കുന്നതിനും വ്രണങ്ങളെ ഉണക്കുന്നതിനും റേഡിയം ഉപയോഗിച്ചുള്ള ആധുനിക ചികിത്സാസമ്പ്രദായത്തെ 'ക്യൂറി തെറാപ്പി' എന്ന് പറയപ്പെടുന്നു.

പീയറിന്റെ അകാലമരണം മാഡം ക്യൂറിയെ തളർത്തിയെങ്കിലും അതിലൊന്നും പിൻതിരിയാതെ മാഡം ക്യൂറി തന്റെ ഗവേഷണം തുടർന്നു. വിശ്രമരഹിതമായ പ്രവർത്തനങ്ങൾ മൂലം മാഡം ക്യൂറി ഒരു രോഗിണിയായിത്തീർന്നു. മേരി കണ്ടുപിടിച്ച റേഡിയം അവരുടെ രക്തത്തിലും കലർന്നിരുന്നു. അതുതന്നെ മാഡത്തിന്റെ അന്ത്യത്തിനു കാരണമായി, ആ മഹാശാസ്ത്രജ്ഞ - മാഡം ക്യൂറി തന്റെ അറുപതാമത്തെ വയസ്സിൽ ദിവംഗതയായി. അവർ കെട്ടിപ്പടുത്ത റേഡിയം ഇൻസ്റ്റിട്യൂട്ട് തന്റെ കീർത്തിയുടെ സ്വർണ്ണ ഗോപുരമായി പ്രശോഭിക്കുന്നു. ഒരു കുടുംബത്തിലെ മൂന്നു പേർ പ്രത്യേക ശാഖകളിൽ പ്രാഗത്ഭ്യം തെളിയിച്ചെന്നു മാത്രമല്ല മൂന്നുപേരും നോബൽ ജേതാക്കളുടെ കീർത്തിമുദ്രകൾ നേടി. മൂവരും ശാസ്ത്രലോകത്ത് എന്നും തിളങ്ങുന്ന ധ്രുവനക്ഷത്രങ്ങളാണ്. അതിൽ മാഡം ക്യൂറിയാണ് ലോകം എന്നും വണങ്ങുന്ന ശാസ്ത്രജ്ഞ.

Edited, Printed and Published by B.S. Balachandran on behalf of Satbhavana Publishing Chamber, Sri Nikethan, Thycaud P.O, Thiruvananthapuram 695014. Printed at Rainbow Printers, Kumarapuram, for BRN Printers.
Managing Editor: Manju Sreekandan, Chief Editor: Jaya Sreekumar